Date of publication: 9 ജനുവരി 2014
വോള്യം 9 / ലക്കം 1 / വില 15 ₹
ISSN 2319 – 9741

# സംഘടിത

അന്വേഷി പ്രസിദ്ധീകരണം



## ലൈംഗികതയുടെ ജനാധിപത്യ വഴികൾ



പ്രാചീന ഈജിപ്തിലെ ഐസിസ് ദേവത

വായനക്കാർക്ക് ക്രിസ്തുമസ്സ് - പുതുവത്സരാശംസകൾ


# സംഘടിത

ജനുവരി 2015 |വോള്യം 9 |ലക്കം 1


## ഉള്ളടക്കം




6 ആധുനിക സമൂഹത്തിലെ ലൈംഗികത : ആശങ്കകളും പ്രതീക്ഷകളും **– ജ്യോതിനാരായണൻ**

10. സ്ത്രീലൈംഗികതയും സിനിമയും: ഒരു ഭ്രൂണഹത്യയുടെ കഥ **– കുഞ്ഞില**

14. ശരീരം, അഭിനിവേശം, അധികാരം: ലൈംഗികതയുടെ ചരിത്രമാനങ്ങൾ **–ഷീബ കെ. എം.**

36. കുടുംബം, പൊതുയിടം, ക്ലാസ്സുമുറി : ലൈംഗികതയുടെ പൊതുവ്യവഹാരരൂപങ്ങൾ **– ഫർഹാന ഷിറിൻ**

39. എന്റെ യാത്ര – കവിത **– മായ പ്രമോദ്**

40. ആരാച്ചാർ : സ്ത്രൈണലൈംഗികതയുടെ വൈരുദ്ധ്യാത്മകത **– സജുല പി.**

42. പ്രതികരണം **–സുലോചനാ റാംമോഹൻ**

44. ജീവിതമധു വിഷമയമാവുമ്പോൾ **– എം. ഡി. രാധിക**

45. ആം ഔരത്ത് **– ജയലക്ഷ്മി പി.**

49. ചില പെൺവിചാരങ്ങൾ **– രമ്യ വിജയൻ**

51. മതേതരത്വത്തിന് ഒരാമുഖം **– ബൽക്കീസ് ബാനു**

54. പെൺജീവിതത്തിന്റെ അടയാളപ്പെടുത്തലുകൾ പുതുകവിതയിൽ **– ലിജാ അരവിന്ദ്**





22 **സഹയാത്രിക : വിമതലൈംഗികാധികാരങ്ങൾക്കുള്ള കൂട്ടായ്മ – ബീന**





28 **ലൈംഗികത, വൈദ്യശാസ്ത്രം, സ്ത്രീ : കേരളസാഹചര്യത്തിൽ – സി. യു. ത്രേസ്യ**



| | |
|---|---|
| എഡിറ്റർ | : സാറാജോസഫ് |
| മാനേജിംഗ് എഡിറ്റർ | : കെ. അജിത |
| എക്സി.എഡിറ്റർ | : രാജലക്ഷ്മി കെ.എം. |
| **ഗസ്റ്റ് എഡിറ്റർ** | : **ഷീബ കെ.എം.** |
| പത്രാധിപ സമിതി | : ഡോ. ജാൻസി ജോസ്, സി.എസ്. മീനാക്ഷി, ഗിരിജ പി. പാതേക്കര, ജ്യോതി നാരായണൻ, ഡോ. കെ.എം. ഷീബ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, സുനീത ടി.വി., അഡ്വ.കെ.കെ.പ്രീത, ഷീബാ ദിവാകരൻ, ഷംഷാദ് ഹുസൈൻ, കുസുമം ജോസഫ്, സുൽഫത്ത് |
| സർക്കുലേഷൻ മാനേജർ | : ചാരുലത എ.എസ്. |
| ഉപദേശകസമിതി | : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ |
| ലേഔട്ട് & കവർ | : സുവിജ |
| പ്രിന്റിംഗ് | : എ - വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934 |

**സംഘടിത മാസിക**



അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com

www.anweshi.org www.sanghaditha.com

# എഡിറ്റോറിയൽ



സാറാജോസഫ്

ലൈംഗികതയെക്കുറിച്ച് തുറന്ന ചർച്ചകൾ അസാധ്യമായ പൊതുമണ്ഡലമാണ് ഇപ്പോഴും നമ്മുടേത്. ലൈംഗികസദാചാരക്രമങ്ങൾ തെറ്റിക്കാതെ ജീവിക്കുന്ന വ്യക്തികളും കുടുംബങ്ങളുമാണ് 'മാനവും മര്യാദയും' ഉള്ളവരായി സാമൂഹിക അംഗീകാരം നേടുന്നത്. എന്നാൽ ലൈംഗികസദാചാര വ്യവസ്ഥയെ അഴിച്ചുപരിശോധിക്കാനോ അതിന്റെ കപടമുഖം വെളിപ്പെടുത്താനോ പുരുഷാധിപത്യപരമായ അതിന്റെ രാഷ്ട്രീയ അജണ്ട വെളിപ്പെടുത്താനോ ആരും ശ്രമിക്കാറില്ല. സ്ത്രീകളും ന്യൂനപക്ഷ ലൈംഗികവിഭാഗങ്ങളുമാണ് ഗണ്യമായ തോതിൽ ചില മുന്നേറ്റങ്ങൾ നടത്തിയിട്ടുള്ളത്. മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളോ സാമൂഹിക സാംസ്കാരിക സംഘടനകളോ ലൈംഗികസദാചാരം എന്ന വിഷയം ആരോഗ്യകരമായ ചർച്ചയ്ക്ക് ഏറ്റെടുക്കാൻ മടിക്കുന്നു. ഒഴുക്കിനൊപ്പം നീന്താനും വോട്ടുബാങ്ക് നിലനിർത്താനുമാണ് അവർ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നത്. സാഹിത്യം, ചിത്രകല തുടങ്ങിയ സാംസ്കാരിക മേഖലകളിൽ ലൈംഗീകസദാചാരത്തിലെ കാപട്യം കുറെയൊക്കെ ഉന്നയിക്കപ്പെടുന്നുണ്ടെങ്കിലും വിധ്വംസകമായ രീതിയിൽ അത് സമൂഹത്തെ ബാധിച്ചിട്ടില്ല. സാഹിത്യമാകട്ടെ ഭൂരിഭാഗവും നിലനിൽക്കുന്ന സദാചാരവ്യവസ്ഥയെ തഴുകി താലോലിച്ചുകൊണ്ടിരിക്കുന്നു. സിനിമ പോലെയുള്ള മാസ് മീഡിയ അപകടകരമായ വിധത്തിൽ സ്ത്രീ വിരുദ്ധമായ ലൈംഗികസദാചാരത്തെ ഊട്ടിഉറപ്പിക്കുകയാണ് ചെയ്യുന്നത്. സ്ഥിരമായ ഒരു സംവിധാനം ലൈംഗികതയ്ക്ക് ഉണ്ടെന്നും അത് തെറ്റിക്കുന്നവർ ശിക്ഷാർഹരാണെന്നുമുള്ള ബോധമാണ് സിനിമ പലപ്പോഴും പ്രേക്ഷകരിൽ എത്തിക്കുന്നത്. പ്രണയത്തിന്റെ വിജയം ആഘോഷിക്കുമെങ്കിലും കപടസദാചാരബദ്ധമായ ഒരു ലൈംഗികജീവിതം തന്നെയാണ് പ്രണയികൾക്ക് സിനിമ ആശംസിക്കുന്നത്. മതങ്ങൾ സദാചാരവ്യവസ്ഥയുടെ നിർമ്മാതാക്കളാണ്. പുരുഷാധിപത്യപരമായ ലൈംഗികനീതിയുടെ പ്രചാരകന്മാരാണ്. തികച്ചും ജൈവികമായ ലൈംഗികതയെ പുണ്യപാപങ്ങളുടെയും സ്വർഗ്ഗനരകങ്ങളുടെയും വിഷയമാക്കി തീർത്തത് അവരാണ്. വ്യക്തിയുടെ ലൈംഗികതയിന്മേൽ മതങ്ങൾക്കുള്ള അധീശത്വം ചോദ്യം ചെയ്യപ്പെടാൻ പോലും കെൽപ്പില്ലാത്തവരാക്കി മതവിശ്വാസികളെ നിലനിർത്താൻ പൗരോഹിത്യത്തിന് സാധിക്കുന്നു. ഇത് മതങ്ങളുടെ ശരീരത്തിന്മേലുള്ള അധികാരപ്രയോഗം കൂടിയാണ്.

മതങ്ങളിൽനിന്ന് സമൂഹത്തിലേക്കും കുടുംബങ്ങളിലേക്കും നീതിന്യായവ്യവസ്ഥയിലേക്കും, നിയമപാലനത്തിലേക്കും ശക്തമായ അധിനിവേശം നടത്താൻ കപടസദാചാരവ്യവസ്ഥയ്ക്ക് സാധിച്ചിരിക്കുന്നു. ആഹ്ലാദകരമായിത്തീരേണ്ട ലൈംഗിക ജീവിതം അങ്ങനെ ഭയത്തിനും കുറ്റബോധത്തിനും അടിമകളായ ലൈംഗികത തന്നെ അസാധ്യമാക്കിത്തീർക്കുന്ന അവസ്ഥയിലേക്ക് പരിണമിച്ചിരിക്കുന്നു. വിവാഹിതരായി സമൂഹസമ്മതപ്രകാരമുള്ള ജീവിതം നയിക്കുന്ന ദമ്പതിമാരുടെ ഇടയിൽപോലും ഞെട്ടലുണ്ടാക്കുന്ന വിധം നിലനിൽക്കുന്ന ലൈംഗികദാരിദ്ര്യം തന്നെയാണ് സമൂഹത്തിന്റെ അനാരോഗ്യത്തിന് പ്രധാനകാരണം.

ഷീബ കെ.എം. എഡിറ്റ് ചെയ്യുന്ന ഈ ലക്കംസംഘടിത ലൈംഗികതയെക്കുറിച്ച് വ്യത്യസ്ത കോണുകളിൽനിന്നുള്ള അന്വേഷണങ്ങളും പഠനങ്ങളും സമൂഹത്തിന്റെ മുന്നിൽ വെയ്ക്കുകയാണ്. ചുംബനസമരങ്ങളുടെ ഈ കാലഘട്ടത്തിൽ ആരോഗ്യകരമായ തുറന്ന ചർച്ചകൾക്ക് ലൈംഗിക സദാചാരം എന്ന വിഷയം ഏറ്റെടുക്കാൻ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക സംവിധാനങ്ങൾ തയ്യാറാവണം.



## ഗസ്റ്റ് എഡിറ്റേഴ്സ് നോട്ട്



ഷീബ കെ.എം.

# ലൈംഗികതയെ ജനാധിപത്യവൽക്കരിക്കുക

**ലൈ**ംഗികത എന്നത് ഒരു രാഷ്ട്രീയപ്രശ്ന മാണ്. ശരീരത്തിൽ നിന്നുടലെടുക്കുമ്പോൾത്തന്നെ അതൊരു സാംസ്കാരികസൃഷ്ടികൂടിയാണ്. നില നിൽക്കുന്ന അധികാരവ്യവസ്ഥകളുടെ-മുതലാളിത്ത, പുരുഷാധിപത്യ, മതഫാഷിസ-ബലാബലങ്ങളിലൂടെ യാണ് ശരീരവും ലൈംഗികതയും വിന്യസിക്കപ്പെ ടുന്നതും ആവിഷ്കരിക്കപ്പെടുന്നതും.

ബാല്യത്തിൽ തുടങ്ങുന്ന സാമൂഹ്യ പരുവപ്പെടു ത്തലുകളുടെ പ്രക്രിയയിൽ ലൈംഗികതയെക്കുറി ച്ചുള്ള അറിവിന്റെ സ്രോതസ്സുകൾ ഏതൊക്കെ യാണ്? അപക്വവും സാമ്പ്രദായിക കീഴാള മേലാള സ്ത്രീപുരുഷസങ്കല്പത്തിലൂന്നിയതുമായ ലൈംഗി കധാരണകളെ ഊട്ടിയുറപ്പിക്കുന്ന നീലച്ചിത്രങ്ങളും പുസ്തകങ്ങളും കൂട്ടുകാരുടെ പെരുപ്പിച്ച വിവരണ ങ്ങളുമാണ് കൗമാരകാലം വരെയുള്ള ലൈംഗികഗു രുനാഥന്മാർ. ആരോഗ്യകരമായ അറിവുകൾ പ കർന്നുകൊടുക്കാൻ മടിച്ച് കുടുംബങ്ങളും വിദ്യാല യങ്ങളും സദാചാരത്തിന്റെ മറവിൽ പിൻവാങ്ങുന്നു.

സിനിമയും സാഹിത്യവുമൊക്കെ സ്ത്രീകളു ടേയും മറ്റു പാർശ്വവൽക്കരിക്കപ്പെട്ടവരുടേയും ലൈം ഗികസ്വത്വങ്ങളെ നിഷേധിച്ചുകൊണ്ട് മുന്നേറുമ്പോൾ ഈ അവകാശങ്ങൾക്കുവേണ്ടി പ്രതിരോധങ്ങൾ തീർ ക്കേണ്ടത് കാലത്തിന്റെ ആവശ്യമാണ്. വർദ്ധിച്ചുവരുന്ന ലൈംഗികാതിക്രമങ്ങൾ വലിയൊരു വിഭാഗം വരുന്ന സ്ത്രീകളുടേയും കുട്ടികളുടേയും സുസ്ഥിതിക്കും ആ രോഗ്യത്തിനും തന്നെ ഭീഷണിയാവുന്നു. ചരിത്രം പരി ശോധിച്ചാൽ  പ്രാചീനകാലം മുതൽ തന്നെ സ്ത്രീ ലൈംഗികതാനിയന്ത്രണങ്ങൾ നിലനിന്നതായി കാ ണാം. സ്വവർഗ്ഗാനുരാഗവും കീഴാളലൈംഗികതയും സമാനമായ പീഡനാനുഭവങ്ങൾക്ക് വിധേയമായതും ദൃശ്യമാണ്. ലൈംഗികതയും ശരീരവും വിലകൊടു ത്തു വാങ്ങാവുന്ന തരത്തിൽ കമ്പോളച്ചരക്കുകളാക്കി മാറ്റപ്പെട്ട കാലത്ത് ലൈംഗികത്തൊഴിൽ എന്ന പേരിൽ വേശ്യകളാക്കപ്പെട്ടവരെ സംഘടിപ്പിച്ച് ചൂഷണത്തിന്റെ ഈ കണ്ണി ഭദ്രമായി ഉറപ്പിക്കുന്ന മുതലാളിത്ത പുരു ഷാധിപത്യ അവിഹിതകൂട്ടുകെട്ടുകളെ നാം തിരിച്ചറി യണം. ജനാധിപത്യ വഴിയിലൂടെയുള്ള ലൈംഗികവി മോചനം കേവലം രതിസുഖവിപ്ലവമായി തെറ്റിദ്ധരി ച്ചു തള്ളാതെ സമൂഹത്തിന്റെ ആരോഗ്യത്തിന്റെയും ജനാധിപത്യവാഴ്ചയുടെയും സൂചകങ്ങളായി നാം സ്ഥാപിച്ചെടുക്കേണ്ടതുണ്ട്.

**കവർസ്റ്റോറി**



**ജ്യോതി നാരായണൻ**

# ആധുനിക സമൂഹത്തിലെ ലൈംഗികത:ആശങ്കകളും പ്രതീക്ഷകളും

സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ, വേശ്യാവൃത്തിയിൽ നിന്ന് ലൈംഗിക തൊഴിലാളികളിലേക്കുള്ള മാറ്റം, മൂന്നാംലിംഗക്കാർ, സ്വവർഗ്ഗരതി, വിവാഹം, കുടുംബം, വിവാഹമോചനം തുടങ്ങിയ വിഷയങ്ങൾ പഠിക്കുമ്പോൾ എന്താണ് ലൈംഗികത എന്ന് പഠിക്കാൻ നിർബന്ധിതരാകും. നമ്മുടെ സമ്പദ്ഘടനയും രാഷ്ട്രീയവും വികസന സങ്കല്പനവും ജാതി മതാചാരങ്ങളുമെല്ലാം ലൈംഗികതയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന തിരിച്ചറിവുണ്ടാകുന്നു. അപ്പോഴാണ് ആദിവാസികൾ നടത്തുന്ന ഭൂമിക്കുവേണ്ടിയുള്ള നിൽപുസമരവും കേരളത്തിൽ ഇപ്പോൾ നടക്കുന്ന ചുംബനസമരവും അതുപോലുള്ള ജനകീയ സമരങ്ങളും എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലാകുന്നത്.




വിശപ്പും ദാഹവും പോലെ ജീവികൾക്കുള്ള ഒരു ചോദനയാണ് ലൈംഗികതാല്പര്യം. എന്തുകൊണ്ടാണ് തികച്ചും ജൈവമായ ഈ പ്രക്രിയയെക്കുറിച്ച് മനുഷ്യന്റെ ബോധം ഇത്രയും ഗോപ്യവും നിഗൂഢവും അശ്ലീലവും സങ്കീർണവുമാകുന്നത്?

ഒരു പുരുഷാധിപത്യ മൂലധന വിപണി സമൂഹത്തിൽ സവർണ്ണ സംസ്കാരത്തിലും ഏകപതി കുടുംബ ചട്ടകൂടിനകത്തും ജനിച്ചുവളർന്ന എന്നെപ്പോലെ ഒരാൾക്ക് ലൈംഗികതയെക്കുറിച്ചുള്ള പഠനം ഏറെ സംശയവും ആശങ്കയും സൃഷ്ടിക്കുന്നതാണ്. സൈദ്ധാന്തികമായി നിലപാടെടുക്കുമ്പോഴും ഇന്നത്തെ സാമൂഹ്യ ചുറ്റുപാടിൽ എങ്ങനെ ഇടപെടണം എന്നതും പ്രശ്നമാണ്.

സ്ത്രീകളോടുള്ള വിവേചനത്തെക്കുറിച്ച് പഠിക്കുമ്പോൾ സ്ത്രീകളുടെ സ്വാതന്ത്ര്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ലൈംഗികതയെക്കുറിച്ച് വ്യക്തമായ ബോധം അനിവാര്യമാണ്. സ്ത്രീയും പുരുഷനും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം ശാരീരികഘടനയിലും പ്രത്യുല്പാദനപ്ര

ക്രിയയിലുള്ള വ്യത്യസ്ത പങ്കാളിത്തവുമാണല്ലോ. പ്രകൃതിയിലുള്ള ഈ വ്യത്യാസം പുരുഷന് സ്ത്രീയുടെ മേൽ അധികാരം സ്ഥാപിക്കാനുള്ള സാമൂഹ്യ അംഗീകാരമായി പ്രഖ്യാപിക്കുന്നു. സ്ത്രീയുടെ പ്രകൃതിദത്തവും സാമൂഹികവുമായ അവകാശങ്ങൾക്കുമേൽ അധികാരം സ്ഥാപിക്കാനുള്ള അവകാശമായി കാണുന്നു. ഈ ബോധം നിലനിൽക്കുന്നിടത്തോളം സ്ത്രീക്ക് സ്വതന്ത്രമായി ജീവിക്കാനോ അതിക്രമങ്ങളിൽ നിന്ന് രക്ഷപ്പെടാനോ കഴിയില്ല.

സാമൂഹ്യജീവിയായ മനുഷ്യന് ലൈംഗികത കേവലം ഒരു യാന്ത്രികപ്രക്രിയയല്ല. അത് രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും എല്ലാമായ പ്രവൃത്തിയാണ്. പ്രകൃതിദത്തമായ ശാരീരിക ചോദനയെ സാമൂഹ്യമായ സാഹചര്യങ്ങളിലേക്ക് പരിമിതപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന അസമത്വവും അസംതൃപ്തിയുമാണ് ഇന്ന് നാം നേരിടുന്നത്.

ആരോഗ്യകരമായ ലൈംഗികബന്ധത്തെക്കുറിച്ച് ധാരണയുണ്ടാവുക എന്നത് സ്ത്രീകളുടെ സ്വാതന്ത്ര്യത്തിന് അത്യന്താപേക്ഷിതമാണ്. മനുഷ്യചരിത്രത്തിൽ ലൈംഗികതക്കുമേൽ നിയന്ത്രണം ഉണ്ടാവുന്നത് സ്വകാര്യ സ്വത്തിന്റെ ഉത്ഭവത്തോടും അതിന്റെ സംരക്ഷണത്തോടും കൂടിയാണെന്ന് കാണുന്നു. അതായത് സാമ്പത്തികമാണ് ഇന്ന് നമ്മുടെ ലൈംഗികതയെ നിയന്ത്രിക്കുന്ന അടിസ്ഥാന ഘടകം എന്ന് കാണാം. എന്നാൽ നമ്മളെ നിയന്ത്രിക്കുന്നത് പ്രത്യക്ഷമായ ഒരു സാമ്പത്തികപ്രശ്നമായിട്ടല്ല. ജാതി, മതം, കുടുംബം, വംശം, രാഷ്ട്രം, നിയമങ്ങൾ തുടങ്ങിയ നിരവധിസ്ഥാപനങ്ങളിലൂടെയും പാപബോധം, സദാചാരം, അശ്ലീലം, ധർമ്മം, കടമ, ബാദ്ധ്യത, പവിത്രത, നന്മ, ശരി  തുടങ്ങിയവയെ കുറിച്ചുള്ള നമ്മുടെ ബോധവും നമ്മുടെ ലൈംഗികതയെ നിയന്ത്രിക്കുന്നു. ഈ എല്ലാത്തിന്റേയും ബോധത്തിൽ നിന്ന് നമ്മളിലുണ്ടാകുന്ന വൈകാരികതയാണ് പ്രത്യക്ഷത്തിൽ ലൈംഗികതയെ നിയന്ത്രിക്കുന്നത്. മനുഷ്യന്റെ ലൈംഗിക ആഗ്രഹമല്ല, ലൈംഗികതയെക്കുറിച്ചുള്ള വൈകാരികതയാണ് നമ്മളെ നയിക്കുന്നത്.

വിവാഹത്തിലൂടെ രൂപപ്പെടുത്തുന്ന കുടുംബത്തിനകത്തെ ലൈംഗികത മാത്രമാണ് നമുക്ക് അനുവദിക്കപ്പെട്ടിട്ടുള്ളത്. അതല്ലാത്ത എല്ലാ ലൈംഗികബന്ധങ്ങളും അശ്ലീലവും അനാശാസ്യവുമായിട്ടാണ് കണക്കാക്കുന്നത്. എന്നാൽ ഈ ചട്ടകൂടിനകത്തല്ല മനുഷ്യന്റെ ലൈംഗികചോദന എന്നതാണ് യാഥാർത്ഥ്യം. നമ്മുടെ ലൈംഗികതയെ പരുവപ്പെടുത്താൻ നിർബന്ധിതമാക്കുന്ന ഒരു ഘടകം ഉണ്ട്. നാം ജീവിക്കുന്ന സമൂഹത്തിൽ സ്വകാര്യ സ്വത്ത് നിലനിൽക്കുകയും ജീവിക്കാൻ അത് അനിവാര്യമാവുകയും ചെയ്തിരിക്കുന്ന സമൂഹം, കുടുംബം എന്ന സ്ഥാപനത്തിന് വെളിയിൽ വ്യക്തിക്ക് ജീവിക്കാൻ സാമൂഹ്യ സുരക്ഷിതത്വമോ സാമൂഹിക അംഗീകാരമോ ഇല്ലാതിരിക്കുക. ഈ സാഹചര്യത്തിൽ സ്ത്രീക്കും പുരുഷനും ആഹ്ലാദകരവും ആരോഗ്യകരവും സ്വതന്ത്രവുമായ ലൈംഗികത എന്താണ് എന്ന് നാം കണ്ടെത്തേണ്ടിയിരിക്കുന്നു.

സ്വതന്ത്രമായി ചിന്തിക്കുമ്പോഴും ലൈംഗികത വ്യക്തിപരമായ താല്പര്യം മാത്രമല്ല, സാമൂഹ്യപ്രക്രിയ തന്നെയാകുന്നു. ഒരു സമൂഹത്തിലെ മനുഷ്യരുടെ ലൈംഗികവികാരം മാത്രമല്ല, ലൈംഗികതയെക്കുറിച്ചുള്ള ബോധം നിർമ്മിക്കുന്ന ഘടകങ്ങളെയെല്ലാം പഠിക്കേണ്ടിയിരിക്കു



ന്നു. ഇന്നു സമൂഹത്തിലെ മറ്റ് എല്ലാ മൂല്യങ്ങളേയും പോലെ ലൈംഗികതയും പുരുഷകേന്ദ്രീകൃതമാണ്. പൗരുഷം എന്നത് പുരുഷന്റെ ലൈംഗികശക്തിയുമായി ബന്ധപ്പെട്ടാണ് കണക്കാക്കപ്പെടുന്നത്. സ്ത്രൈണത ലൈംഗികതയെ ഒതുക്കുന്നതിലും പുരുഷസമൂഹത്തിന് തൃപ്തികരമായി ജീവിക്കുന്നതിലും.

ലൈംഗികബന്ധങ്ങൾ സ്ത്രീകൾക്ക് നഷ്ടവും പുരുഷനു ലാഭവുമാണ് സമൂഹത്തിൽ. കുടുംബത്തിലൊഴിച്ച് ബാക്കിയെല്ലായിടത്തും പുരുഷൻ പണം കൊടുത്ത് വാങ്ങുന്ന ചരക്കാണ് ലൈംഗികത (കുടുംബത്തിൽ സ്ത്രീ പുരുഷന് ധനം കൊടുക്കുന്നു.)

സെക്സ് വർക്കർ പണത്തിനുവേണ്ടി ശരീരം പുരുഷന് വിട്ടുകൊടുക്കുന്നു. പണം കൊടുത്തു വാങ്ങുന്ന ചരക്കിനു മേൽ പുരുഷന് പരിപൂർണ്ണ അധികാരം ഉണ്ട്. അതിൽ സ്ത്രീയുടെ ആരോഗ്യത്തിനോ, ഭാവിജീവിതത്തിനോ ആസ്വാദനത്തിനോ പ്രാധാന്യമില്ല. അതുകൊണ്ട് ഒരു സമൂഹത്തിൽ സ്ത്രീകൾക്ക് ലൈംഗികക്കച്ചവടം നടത്താനുള്ള സ്വാതന്ത്ര്യം സ്ത്രീസ്വാതന്ത്ര്യമായി തോന്നുന്നില്ല. അധികാരമോ സമ്പത്തോ കായികബലമോ ഉള്ളവർക്ക് ഉത്തരവാദിത്വമില്ലാതെ ലഭ്യമാക്കാവുന്ന ഒരു ചരക്കായി ലൈംഗികത വഴി സ്ത്രീ ശരീരം മാറുന്നു എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്.

ഗർഭധാരണവും പ്രസവവും സ്ത്രീശരീരത്തിന്റെ ഭാഗമായതിനാൽ കരുതൽ ഇല്ലാത്ത ലൈംഗികബന്ധങ്ങൾ പ്രത്യക്ഷവും ജീവിതകാലം മുഴുവൻ ബാദ്ധ്യതയുമാകുന്നു. അതായത് ഗർഭം ധരിക്കാനും പ്രസവിക്കാനുമുള്ള സ്ത്രീയുടെ കഴിവ് സ്ത്രീയുടെ ശക്തിയായിട്ടല്ല. സ്ത്രീയെ അടിച്ചമർത്താനുള്ള ആയുധമായിട്ടാണ് ഉപയോഗിക്കുന്നത്.

പണ്ടുമുതൽ നിലനിൽക്കുന്നതെങ്കിലും അടുത്തകാലത്തായി ഏറെ ചർച്ചചെയ്യപ്പെടുന്ന ഒന്നാണ് മൂന്നാംലിംഗക്കാരും സ്വവർഗ്ഗരതിയും. ഇത് ലൈംഗികമായി മാത്രമല്ല ഇവരുടെ നിലനില്പുമായി തന്നെ ബന്ധപ്പെട്ടിരിക്കുന്നു. ശാരീരികമായി തന്നെ വ്യത്യസ്തതയുള്ളവരും സ്വന്തം ശാരീരികാവസ്ഥയിൽ നിന്ന് വ്യത്യസ്തമായി മാനസികമായി ചിന്തിക്കുന്നവരും സ്വയം തെരഞ്ഞെടുക്കുന്ന സ്വവർഗ്ഗാനുരാഗികളും ഉണ്ട്. ഈ വിഭാഗത്തിൽ സാധാരണ പ്രത്യുല്പാദനം നടക്കുന്നില്ല. ഇതിനെ ലൈംഗിക വൈകൃതം, കുറ്റകൃത്യം, പാപം, അനാരോഗ്യപ്രവണത, പ്രകൃതി വിരുദ്ധം തുടങ്ങി പല വിധത്തിലാണ് മുഖ്യധാരാ സമൂഹം വിലയിരുത്തുന്നത്. ഇണയെ തെരഞ്ഞെടുക്കാൻ വ്യക്തിക്ക് സ്വാതന്ത്ര്യമുണ്ട്. ആ ഇണയോടൊപ്പം എല്ലാ പൗരാവകാശങ്ങളും ഉപയോഗിച്ച് ജീവിക്കാനുള്ള അവകാശവും ഉണ്ട്. എന്നാൽ സ്ത്രീപുരുഷബന്ധത്തിലെ അധികാരഘടനയെ മറികടക്കാനുള്ള ഒരു ബദൽ സമരമാർഗ്ഗം അല്ലെങ്കിൽ ജീവിതം എന്ന രൂപത്തിൽ തെരഞ്ഞെടുക്കാനും ലൈംഗികവ്യാപാരം മാത്രം ചെയ്ത് ജീവിക്കുക എന്നതും ആണെങ്കിൽ അത് പരിശോധിക്കപ്പെടേണ്ടതാണെന്ന് തോന്നുന്നു.

ശാരീരികവും മാനസികവുമായി ഏറ്റവും ആനന്ദകരവും മനു



പണ്ടുമുതൽ നിലനിൽക്കുന്നതെങ്കിലും അടുത്തകാലത്തായി ഏറെ ചർച്ചചെയ്യപ്പെടുന്ന ഒന്നാണ് മൂന്നാംലിംഗക്കാരും സ്വവർഗ്ഗരതിയും. ഇത് ലൈംഗികമായി മാത്രമല്ല ഇവരുടെ നിലനില്പുമായി തന്നെ ബന്ധപ്പെട്ടിരിക്കുന്നു. ശാരീരികമായി തന്നെ വ്യത്യസ്തതയുള്ളവരും സ്വന്തം ശാരീരികാവസ്ഥയിൽ നിന്ന് വ്യത്യസ്തമായി മാനസികമായി ചിന്തിക്കുന്നവരും സ്വയം തെരഞ്ഞെടുക്കുന്ന സ്വവർഗ്ഗാനുരാഗികളും ഉണ്ട്.



ഷ്യവംശത്തിന്റെ നിലനിൽപ്പിന് ആധാരവുമായ ലൈംഗികത ഒരു ബലപ്രയോഗവും കടന്നുകയറ്റവുമാകുന്നത് സാമൂഹ്യവ്യവസ്ഥയേയും അധികാരത്തേയും നിലനിർത്തുന്നതിനു വേണ്ടിയാണ്. സ്വന്തം ശരീരത്തിന്മേലുള്ള അവകാശത്തോടെ ലൈംഗികതയെ ആസ്വദിക്കുന്നത് ബോധത്തിലും നിയമത്തിലും തടയുന്നു.

നമ്മുടെ സമൂഹത്തിൽ ലൈംഗികത വലിയൊരു വ്യാപാരച്ചരക്കാണ്. പ്രത്യക്ഷമായ ലൈംഗികവ്യാപാരം മാത്രമല്ല, നഗ്നതയെക്കുറിച്ചുള്ള ബോധം വസ്ത്രവ്യാപാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ കല, സാഹിത്യം, സിനിമ, ലൈംഗികത സ്വാഭാവികമായ വിഷയങ്ങളല്ല. കച്ചവട ഉല്പന്നങ്ങളല്ല ആവശ്യാനുസരണം ചേർക്കുന്നു, ലൈംഗികത വ്യാപാരച്ചരക്കാകണമെങ്കിൽ അത് സാധാരണ അപ്രാപ്യമായ ഒന്നാകണം. സൈബർ മേഖല മുതൽ ആത്മീയവ്യപാരം, മദ്യം, മയക്കുമരുന്ന്, ആതുരസേവന വ്യാപാരം വരെ സകല മണ്ഡലങ്ങളിലും ലൈംഗികത ഒരു ലാഭച്ചരക്കാണ്. അതിന് വ്യക്തികൾ പരസ്പരം പങ്കുവെക്കുന്ന ലൈംഗികത നിഷേധിക്കുകയും നിരന്തരം എല്ലാ ഇടവും ലൈംഗികതയെക്കുറിച്ച് ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുക എന്നത് വ്യാപാരത്തിന്റെ തന്ത്രമാണ്.

അധികാരം കുറഞ്ഞ വിഭാഗം എന്നതിനാലും സാമൂഹ്യസുരക്ഷിതത്വം ഇല്ലാത്തതിനാലും സ്ത്രീകളേയും കുട്ടികളേയുമാണ് ഇത് കൂടുതൽ ബാധിക്കുന്നത് എന്ന് പറയേണ്ടതില്ലല്ലോ.

നിത്യജീവിതത്തിൽ സ്ത്രീയുടെ ലൈംഗികതയിൽ സംശയം ഒരു വലിയ സാമൂഹ്യവിപത്താണ്, രോഗമാണ്. ലൈംഗികതയെക്കുറിച്ചുള്ള വികലമായ ബോധം മുറിവുകളും ചതവുകളും ക്ഷതങ്ങളും പകർച്ചാവ്യാധികൾ തുടങ്ങിയ ശാരീരികരോഗങ്ങളും ഇഷ്ടമില്ലാത്ത ലൈംഗികബന്ധങ്ങളും ഇഷ്ടമുള്ളവരുമായി നിഷേധിക്കപ്പെടുന്ന ലൈംഗികബന്ധങ്ങളും ഉണ്ടാക്കുന്ന മാനസികരോഗങ്ങൾ... ഇതെല്ലാം ആരോഗ്യരംഗത്തെ വലിയ വ്യാപാരസാദ്ധ്യതകളാണ്.

ആരോഗ്യം, ആഹ്ലാദം, ക്രിയേറ്റിവിറ്റി തുടങ്ങിയവ ബന്ധപ്പെടുത്തി ലൈംഗികതയെക്കുറിച്ച് സംസാരിക്കാൻ നമുക്ക് ഒരു ഭാഷ പോലും ഇല്ല.

സ്വതന്ത്രമായ ലൈംഗികത ഇന്ന് നമ്മൾ പറയുന്ന സ്ഥിരതയെ തകർക്കും. പക്ഷേ ഇപ്പോൾ വ്യക്തിപരമായി ഉപയോഗപ്പെടുത്തുന്ന ലൈംഗികസ്വാതന്ത്ര്യം ഉണ്ടാക്കുന്ന അസ്ഥിരത സ്ത്രീകൾക്ക് അനുകൂലമായിട്ടല്ല ഭവിക്കുന്നത്. ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നതല്ല, മറിച്ച് അധികാരത്തെ ചോദ്യം ചെയ്യാൻ ശക്തമായ ലൈംഗികബന്ധങ്ങളും ബോധവും രൂപപ്പെടേണ്ടിയിരിക്കുന്നു. ചുംബനസമരം പോലുള്ള സമരങ്ങളിൽ മതനേതാക്കളും ഭരണകൂടവും പോലീസും രാഷ്ട്രീയനേതൃത്വങ്ങളും കോടതികൾ പോലും കൈക്കൊണ്ട നിലപാടുകൾ ചോദ്യം ചെയ്യപ്പെടണം. ഇത്തരം സമരങ്ങൾ ഒറ്റപ്പെട്ട പ്രവർത്തനമാകാതെ എങ്ങനെ തുടർപ്രവർത്തനമാക്കാൻ കഴിയും എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

ഒരു വിശ്വാസത്തെ, ശീലത്തെ, അധികാരത്തെ, സൗകര്യങ്ങളെ വിട്ടുകൊടുക്കുകയും മാറ്റിയെടുക്കുകയും എളുപ്പമല്ല. സ്വയം ബോധ്യപ്പെടണം, എതിർപ്പുകളെ നേരിടണം. ഇത്തരം മൂല്യങ്ങളാൽ കണ്ടീഷൻ ചെയ്യപ്പെട്ട മനസ്സിന്റെ വൈകാരികതയെ മറികടക്കാൻ ഏറെ വിഷമമാണ്. അതിന് പുതിയ ഭാഷയും പ്രവർത്തന ശൈലിയും സമരമാർഗ്ഗങ്ങളും വേണം. ഒപ്പം അവസ്ഥ തകരുമ്പോഴുണ്ടാകുന്ന അസ്ഥിരതയെ നേരിടാനുള്ള മാർഗ്ഗവും നാം കണ്ടെത്തേണ്ടിയിരിക്കുന്നു.

അധികാരവും അതിന്റെ സൗകര്യങ്ങളും കയ്യാളുന്ന എല്ലാ പ്രതിലോമശക്തികളും മാത്രമല്ല, അത്തരം മൂല്യങ്ങളാൽ കണ്ടീഷൻ ചെയ്യപ്പെട്ട വലിയ ആൾക്കൂട്ടത്തേയും നേരിടേണ്ടി വരും. ഇവരും അറിഞ്ഞും അറിയാതേയും ആരോഗ്യകരമായ ഒരു ലൈംഗികതയുടേയും ആസ്വാദനത്തിന്റേയും ശത്രുപക്ഷത്തായിരിക്കുമെന്നതും നാം അറിയണം. അവരെ അഭിസംബോധന ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം, ലൈംഗികതയുമായി ബന്ധപ്പെട്ട ചർച്ചകളും സമരങ്ങളും നിത്യജീവിതത്തിന്റെ മറ്റുസമരങ്ങളുമായി ബന്ധിപ്പിച്ചു കാണാൻ കഴിയണം. ജീവിതത്തിൽ ഉത്തരവാദിത്തമില്ലാത്തവരുടെ ആഭാസമായി ചിത്രീകരിക്കപ്പെടുന്ന ഇത്തരം സമരങ്ങൾ യുദ്ധത്തിനും ഭീകരവാദത്തിനും വർഗ്ഗീയതക്കും മനോരോഗങ്ങൾക്കും സമ്പത്തിന്റെ കുന്നുകൂടലിനും പ്രകൃതിവിഭവങ്ങളുടെ നശീകരണത്തിനും എതിരായ ഒരു സമരമായി വളരണം. ഒരു വിപണിസമൂഹത്തിനു പകരമാണ് സ്നേഹത്തിന്റേയും സഹവർത്തിത്വത്തിന്റേയും ചുംബനവും ആലിംഗനവുമെന്ന് ബോദ്ധ്യമുണ്ടാകണം.

ഇതൊക്കെ എങ്ങനെ എന്നാശങ്കയുണ്ട്. അടിമത്വവും ചാതുർവർണ്യവും മാറ്റിയെടുത്ത സമൂഹത്തിന് സ്വന്തം ലൈംഗികതയെ തിരിച്ചുപിടിക്കാനുമാകും എന്ന് വിശ്വസിക്കുന്നു. ●

*കൊച്ചിയിൽ കെൽട്രോൺ ഐ.ടി. എഡ്യൂക്കേഷൻ സെന്ററിന്റെ മാനേജരാണ് ജ്യോതിനാരായണൻ.*



കുഞ്ഞില

കുട്ടിക്കാലത്ത് ആകാംക്ഷയോടെ വായിക്കുകയും വായിക്കുന്തോറും പേടിക്കുകയും ചെയ്ത ഒരു പുസ്തകമായിരുന്നു ബ്രാം സ്റ്റോക്കറുടെ ഡ്രാക്കുള. വീട്ടിൽ ആരുമില്ലാതിരിക്കുമ്പോഴാണ് വായിക്കുന്നത്. ഒന്നിലോ രണ്ടിലോ ആയിരിക്കണം. അന്ന് വായിച്ച ഓർമ്മ മാത്രമേ ഉള്ളു. കാർപാത്യൻ മലനിരകളും ജോനാഥന്റെ ഡയറിയും പിന്നീട് കപ്പോളയുടെ ഡ്രാക്കുളയും കണ്ടു. അപ്പോളാണെങ്കിൽ പേടിയല്ല, കരച്ചിലായിരുന്നു. യുവാവായി അവതരിക്കുന്ന ഡ്രാക്കുള ഒരു പെൺകുട്ടിയെ സ്നേഹിക്കുന്നത് മാത്രം ഓർമ്മയിൽ നിന്നു. ആ രംഗം കണ്ടപ്പോൾ എന്തോ ഒന്ന് തൊണ്ടയിൽ കുടുങ്ങി തങ്ങിനിന്നു. എന്നാൽ രണ്ട് ദിവസം മുമ്പ് വീണ്ടും അതേ സിനിമ കണ്ടപ്പോൾ പണ്ട് കാണാൻ സാധിക്കാതിരുന്ന പലതും വെളിവായി. സിനിമയെ കുറച്ചെല്ലാം ഗൗരവത്തോടെ കാണാൻ തുടങ്ങിയതിനു ശേഷമാണ് സിനിമയിലെ സ്ത്രീയെ, അല്ല അവളുടെ ഇല്ലായ്മയെ കാണാൻ തുടങ്ങുന്നത്. ആ നിലയ്ക്ക് ചിന്തിച്ചപ്പോൾ ബ്രാം സ്റ്റോക്കറുടെ ഡ്രാക്കുള സ്ത്രീലൈംഗികതയെ അങ്ങേയറ്റം അപഹാസ്യമായ രീതിയിലാണ്




# സ്ത്രീലൈംഗികതയും സിനിമയും: ഒരു ഭ്രൂണഹത്യയുടെ കഥ

ചിത്രീകരിച്ചിരിക്കുന്നതെന്ന് മനസ്സിലായി. (ഒപ്പം അതിമനോഹരമായ ക്രാഫ്റ്റാണ് ആ ചലച്ചിത്രത്തിൽ വിനിയോഗിച്ചിരിക്കുന്നത് എന്നും പറയാതെ വയ്യ). എന്നാൽ ഇത്തരത്തിലുള്ള കാഴ്ചപ്പാട് ഇന്നെനിക്ക് പുതുമയല്ല. സ്ത്രീയോടുള്ള ഹിംസാത്മകമായ സമീപനം അവളുടെ ലൈംഗികതയിലേയ്ക്കും വ്യാപിക്കുന്നത് സ്വാഭാവികമാണ്.

ആൺ ആഖ്യാനങ്ങളിലൂടെ മാത്രം വെളിച്ചം കാണുന്ന പെൺ കഥകൾക്കു പുറമെ പെൺ ലൈംഗികതയും കല്ലുവെച്ച നുണകളും ആണ് മനോരാജ്യങ്ങളായി(ഫാന്റസി) ചുരുങ്ങുന്നത് എന്ന് കാണാം.

അതുകൊണ്ട് പൊതുവെ പുരുഷകേന്ദ്രീകൃത വ്യവഹാരങ്ങളായ സിനിമയിലായാലും സാഹിത്യത്തിലായാലും എന്തിനാണ് സ്ത്രീലൈംഗികതയെ ഇത്തരത്തിൽ പുരുഷൻ ഭയക്കുകയും അതിനാൽ ഭ്രഷ്ട് കൽപിച്ച് നിർത്തുകയും ചെയ്യുന്നതെന്ന് ആലോചിക്കുക തന്നെ വേണം. സിനിമയെ സംബന്ധിച്ചിടത്തോളം പെൺ ആഖ്യാനങ്ങളിലൂടെയുള്ള സ്ത്രീലൈംഗികതയുടെ ചിത്രീകരണം ഒരു നവജാതശിശു തന്നെയാണ്. പെൺ സംവിധായകരുടെ കാഴ്ചപ്പാടിൽ നിന്നുള്ള ചിത്രീകരണം വർദ്ധിച്ച് വരുന്നതിനും അക്കങ്ങളിലെങ്കിലുമുള്ള സമത്വം നടപ്പിലാകുന്നതിനും കാലമേറെ പിടിക്കും. എന്നാൽ അതിനും മുമ്പ് ആണധികാരം സ്ത്രീലൈംഗികതയുടെ ഭ്രൂണഹത്യക്കൊരുങ്ങുന്നു എന്ന് വേണം മനസ്സിലാക്കാൻ.

സ്ത്രീക്ക് വദനസുരതം ലഭിക്കുന്ന രംഗങ്ങൾ സെൻസറിങ്ങിന് വിധേയമാക്കുന്ന രീതി ഹോളിവുഡിൽ വർദ്ധിച്ചുവരുന്നത് ഈയടുത്ത് വാർത്തയായിരുന്നു. അതായത് രതി ആകാം. അത് പുരുഷന്റെ സുഖത്തിനായുള്ളതാണെങ്കിൽ മാത്രം. എന്താണിതിന്റെ അർത്ഥം? സ്ത്രീക്ക് ലൈംഗികസ്വത്വം എന്നൊന്നില്ല തന്നെ!

പെൺ വീക്ഷണ കോണിലൂടെയുള്ള കഥകളും കഥാപാത്രങ്ങളും ഉണ്ടാകുമ്പോഴാണ് പെൺ ലൈംഗികതക്ക് പ്രാതിനിധ്യം ലഭിക്കുന്നത്. അത്തരത്തിലൊരു സാഹചര്യം തന്നെ സമീപകാലത്താണ് രൂപപ്പെടാൻ തുടങ്ങുന്നത്. അതുവരേക്കും ആൺ കാഴ്ചപ്പാടിലൂടെയല്ലാതെ പെൺകഥകൾ പുറത്തുവന്നിട്ടില്ല. സ്വന്തം കഥ പറയാൻ കഴിയുക എന്നത് അതുകൊണ്ടുതന്നെ രാഷ്ട്രീയപ്രാധാന്യമുള്ള ഒന്നാണ്. ഇതിന്റെ അൽപം നർമ്മം ചേർന്ന ഒരുദാഹരണം ഓം ശാന്തി ഓശാന എന്ന സിനിമയിൽ കാണാം. സലീം കുമാറിന്റെ ശബ്ദത്തിലാണ് അതിലെ കഥ പറച്ചിൽ തുടങ്ങുന്നത്. അല്പം കഴിയുമ്പോൾ നസ്രിയ തന്റെ കഥ താൻ തന്നെ പറഞ്ഞോളാമെന്ന് പറഞ്ഞ് മൈക്രോഫോൺ വാങ്ങുന്നു. ആ സിനിമ ഒരു പുരുഷവീക്ഷണകോണിൽ നിന്നുതന്നെ പറഞ്ഞിട്ടുള്ളതാണ്.



സ്ത്രീക്ക് വദനസുരതം ലഭിക്കുന്ന രംഗങ്ങൾ സെൻസറിങ്ങിന് വിധേയമാക്കുന്ന രീതി ഹോളിവുഡിൽ വർദ്ധിച്ചുവരുന്നത് ഈയടുത്ത് വാർത്തയായിരുന്നു. അതായത് രതി ആകാം. അത് പുരുഷന്റെ സുഖത്തിനായുള്ളതാണെങ്കിൽ മാത്രം. എന്താണിതിന്റെ അർത്ഥം? സ്ത്രീക്ക് ലൈംഗികസ്വത്വം എന്നൊന്നില്ല തന്നെ!


എന്നാൽ തുടക്കത്തിലെ ഈ പ്രവർത്തി പ്രാധാന്യമർഹിക്കുന്നു. നസ്രിയയുടെ ശബ്ദം തിരിച്ചു വാങ്ങുന്ന അതേ മൈക്കാണ് സ്ത്രീലൈംഗികതയും ആവശ്യപ്പെടുന്നത്. സ്വന്തം ശബ്ദം എന്നത് പോരടിച്ച് നേടേണ്ട ഒരു അവകാശമാണിന്ന്.

പെൺലൈംഗികത എന്നാലെന്ത് എന്ന് ആണധികാരം നിർവചിച്ച് വെച്ചിരിക്കുകയാണെന്ന് പറഞ്ഞല്ലോ. ഇതിനു പുറത്തുള്ള എന്തും അവിശ്വാസ്യം എന്ന് പറഞ്ഞ് തള്ളിക്കളയുക കൂടി ചെയ്യുന്നുണ്ടത്. രതിക്കിടയിൽ ഒരു സ്ത്രീ പെരുമാറുന്നതെങ്ങനെ എന്നതിന് കൃത്യമായ രൂപരേഖയുണ്ട് സിനിമയിൽ. ചുണ്ട് കടിച്ചും കണ്ണുകൾ മുകളിലേക്ക് പായിച്ചും കാൽ കോച്ചിയുമെല്ലാമാണ് ഇന്നുവരെ സ്ത്രീകൾ കിടപ്പറയിലായിരുന്നിട്ടുള്ളത്.

യഥാർത്ഥ അശ്ലീലം ഇവിടെയാണ്. എല്ലാ സ്ത്രീകളും ഇങ്ങനെ പെരുമാറുന്ന ദൃശ്യാനുഭവത്തിൽ നിന്ന് ഒരു പൊതുബോധം രൂപപ്പെടുകയാണ്. അങ്ങനെ ലൈംഗികതയിലെ വൈവിധ്യം എന്ന സത്യം തന്നെ ഇല്ലാതാകുന്നു. കിടപ്പറയിലെ ആണ് പല മുഖങ്ങളുള്ളവനാണ്. 'സാത് ഖൂൻ മാഫ്' എന്ന സിനിമയിൽ സൂസന്നയുടെ ഏഴ് ഭർത്താക്കന്മാരും ഏഴ് രീതിയിലാണ് രതിയിലേർപ്പെടുന്നത്. മലയാളത്തിലായാലും ഹോളിവുഡിലായാലും കേവലവിനോദോപാധിയായും (entertainment) കലാമൂല്യമുള്ളവയായും വേർതിരിച്ച് നിർമ്മിക്കപ്പെടുന്ന ചലച്ചിത്രങ്ങളിലെല്ലാം തന്നെ ആൺ രതിക്ക് പല മുഖങ്ങളും പെണ്ണിന് ഒരു വാർപ്പ് മാതൃകയും മാത്രമാകുന്നത് കാണാം. ഇതിൽ നിന്ന് വ്യത്യസ്തമായി പെരുമാറുന്ന ഒരു പെണ്ണിനെ കാണുമ്പോൾ സംശയദൃഷ്ടിയോടും അസംതൃപ്തിയോടും കൂടി മാത്രമേ കാണാൻ സാധിക്കുന്നുള്ളു ആൺബോധത്തിന്. സംശയം എന്നത് കൗതുകത്തോട് ചേർത്തുവെച്ച് അവഗണിക്കാവുന്നതാണ്. എന്നാൽ ഇതിലെ അവിശ്വാസം അപടകാരിയായ വില്ലനാണ്. ഫെമിനിസമായാലും സ്ത്രീലൈംഗികതയായാലും ആധികാരികമായി തോന്നണമെങ്കിൽ അത് ആൺ വീക്ഷണകോണിൽ നിന്നുതന്നെ പറയേണ്ടിവരും എന്ന നിർബന്ധബുദ്ധി മാത്രമാണത്.

സിനിമകളിൽ അദൃശ്യമാക്കപ്പെടുന്ന സ്ത്രീലൈംഗികത നമ്മളെ പഠിപ്പിക്കുന്ന പലതുണ്ട്. ഹെറ്ററോസെക്ഷ്വാലിറ്റിയാണ് ശരിയെന്ന് പണ്ടേ പഠിപ്പിച്ച പാഠം പലയാവർത്തി ഉരുവിട്ട് അത് തെറ്റിക്കില്ലെന്ന് ഉറപ്പുവരുത്തുന്നു. ഒപ്പം സ്വയംഭോഗം, പെനിട്രേഷനിൽ കൂടിയല്ലാത്ത രതിമൂർച്ഛ എന്നിവ നിലനിൽക്കുന്നില്ല എന്നും പറയുന്നു. ഇതാണ് പെൺ ലൈംഗികതയോടുള്ള ആൺ പേടിക്കുള്ള മൂലകാരണം എന്നു പറയുന്നതിൽ തെറ്റില്ല. പുരുഷന്റെ ലൈംഗികത അവന്റെ ലിംഗത്തെ ചുറ്റിപ്പറ്റിയുള്ളതാണെന്ന് പുരുഷാധിപത്യം (patariarchy) പഠിപ്പിക്കുന്നു. ഇത് ആന്തരീകരിച്ചവരും ഇതിന്റെ വക്താക്കളുമായവർ ലിംഗം (penis) ഉൾപ്പെട്ടിട്ടില്ലാത്ത രതിസുഖത്തെ ഭയക്കുന്നു. അത് ആൺസ്വത്വത്തെ ഇല്ലായ്മ ചെയ്യാൻ പ്രാപ്തമാണ് എന്ന നിരാകരിച്ചുകൊണ്ടുള്ള ഒരു മുന്നേറ്റത്തിന് വട്ടം കൂട്ടുകയാണ് നമ്മുടെ ദൃശ്യസംസ്കാരം. എത്ര ഭീകരമാണത്!

ഈ അവസ്ഥയിൽ നിന്ന് പുറത്തുകടക്കാൻ പെൺ ആഖ്യാനങ്ങളിലൂടെയുള്ള ലൈംഗികത പ്രസിദ്ധീകരിക്കപ്പെടേണ്ടതുണ്ട്. അവിടെയും അത്യധികം ജാഗരൂകരാകേണ്ടതുണ്ട് നമ്മൾ. ഇതുവരെയുണ്ടായിരുന്നതുപോലെ പെൺകർത്തൃത്വത്തെ (agency) അവഗണിക്കാതിരിക്കാനും നാളുകളായി നമ്മുടെ ബോധത്തെയും അതിന്റെ അടിത്തട്ടുകളെ വരെയും ആവരണം ചെയ്യുകയായിരുന്ന ആണധികാരബോധത്തെ



വിശ്വാസത്തിലൂന്നിയുള്ളതാണ് ഈ ഭയം. സ്വവർഗ്ഗാനുരാഗത്തെയും സ്വയംഭോഗത്തെയും വദനസുരതത്തെയും ഭയന്നൊളിക്കുന്ന പുരുഷൻ പിന്നീട് തിരിച്ച് വരുന്നത് പെനിട്രേഷന്റെ അതിപ്രസരമുള്ള ദൃശ്യങ്ങളുമായാണ്. എൽവിസ് പ്രെസ്റ്റ്ലി മുതൽ നമ്മൾ ആഘോഷിക്കുന്ന ഈ ഊരയഭ്യാസം (pelvic thrust) ഇല്ലാത്ത ഒരു പാട്ട് സീൻ പോലും ഇന്ന് കാണാൻ പ്രയാസമാണ്. അധികമാരും ശ്രദ്ധിക്കാത്തവിധം സ്ത്രീലൈംഗികതയെ മറികടക്കാനും കഠിനപ്രയത്നം ചെയ്യേണ്ടതാവശ്യമാണ്. 'സഞ്ചാര'ത്തിനു മുമ്പും പിമ്പും ഒരു പെൺസ്വവർഗ്ഗാനുരാഗ ചിത്രം മലയാളത്തിലുണ്ടായിട്ടുണ്ടോ എന്നുറപ്പില്ല. 'ദേശാടനക്കിളി കരയാറില്ല' ക്ക് സ്വവർഗ്ഗാനുരാഗ വായന കൊടുക്കുമ്പോൾ പോലും കമിതാക്കളുടെ മരണത്തിലാണത് കലാശിക്കുന്നത്. ഇത് ഒറ്റപ്പെട്ട ഒരു സംഭവമല്ല. അപര/ഇതര ലൈംഗികതകൾക്കെല്ലാം തന്നെ മുഖ്യധാര സിനിമ കണ്ടുവച്ചിരിക്കുന്നത് മരണമോ ജയിലോ ആണ്. അതായത്

സാധാരണമല്ലാത്ത ഇത്തരം ജീവിതരീതികളെ ദൈവം എന്ന അധികാരത്തിനോ (മരണം എന്നാൽ 'അവിടുന്ന്' കല്പിച്ച് കൊടുക്കുന്ന ശിക്ഷയായാണ് കണക്കാക്കപ്പെടുന്നത്) അതല്ലെങ്കിൽ ഭരണകൂട ഭീകരതക്കോ വിധേയമാക്കുക. മലയാളത്തിലെ ആദ്യ സ്വവർഗ്ഗാനുരാഗിയായ നായകനെ ചിത്രീകരിച്ച 'മുംബൈ പോലീസി'ൽ പോലും സ്വവർഗ്ഗ രതിയോട് നമ്മുടെ പൊതുബോധം 'next time, close the door'എന്ന് പറയുന്നു. ഇതാണ് തകർക്കപ്പെടേണ്ടത്. ലൈംഗികത എന്നാൽ അടച്ച മുറികൾക്കുള്ളിൽ തളച്ചിടാനുള്ള ഒന്നല്ല. അതിനെക്കുറിച്ച് വിവിധ ഭാഷകളിൽ നിന്നും അരികുവൽകരിക്കപ്പെട്ട സ്വത്വബോധങ്ങളിൽ നിന്നുകൊണ്ടും അതിനെക്കുറിച്ച് സംസാരവും വിവരണവും ഉണ്ടാകേണ്ടതുണ്ട്.

ഗാർഗി ഹരിതകത്തിന്റെ ഒരു കവിതയിൽ ശംഖുപുഷ്പങ്ങളെ രതിമൂർച്ഛ അനുഭവിക്കാതെ മരണപ്പെട്ട നമ്മുടെ അമ്മമാരോട് ഉപമിക്കുന്നുണ്ട്. രതിമൂർച്ഛ അനുഭവിക്കാതെ മരണപ്പെട്ടുകൊണ്ടിരിക്കുന്ന സ്ത്രീലൈംഗികതക്ക് സ്വരം കൊടുക്കാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. തുറന്നെഴുത്തുകളിലേക്കും പെൺവീക്ഷണകോണിൽനിന്നുള്ള രതിക്കാഴ്ച്ചകളിലേക്കും സിനിമ ചലിക്കാത്തപക്ഷം അതിന് കാലഹരണപ്പെട്ട ഒരു വിനോദോപാധിയായി മാത്രമേ നിലനിൽപ്പുള്ളു. ●

*കൊൽക്കത്തയിൽ സിനിമാവിദ്യാർത്ഥി നിയാണ് കുഞ്ഞില.*

---

കവിത

**മഞ്ജുഷ ഇ.എസ്സ്.**

# തിരിച്ചറിവുകൾ

**നി**ന്റെ അഹന്തയുടെ വിത്ത്
എന്നിൽ വീണു വളരുന്നത്
ഞാനറിയുന്നു
(ആർത്തവരക്തത്തിനും കഴുകിക്കളയാനാകാതെ അതെന്നിൽ പറ്റിപ്പിടിച്ചിരിക്കുന്നു.)
സഹസ്രാബ്ദങ്ങൾക്കു മുമ്പേ തന്നെ
ഞാൻ നിന്റെ വാഗ്ദത്ത ഭൂമിയാണല്ലോ...!
ചവിട്ടി മെതിക്കാനും, ഉഴുതു മറിക്കാനും
വിത്തുവിതക്കാനും, കുത്തിപ്പറിക്കാനും
കാർക്കിച്ചു തുപ്പാനും, വിസർജ്ജിക്കാനും..
ഇതെല്ലാം നിശബ്ദം സഹിക്കാൻ
മഹത്വവത്കരിച്ചു നീ തന്ന
സ്ഥാനമാനങ്ങൾ
വലിയൊരു ചതിയാണെന്ന്
ഞാനറിയുന്നില്ല എന്നാണോ
നീ കരുതുന്നത്?
നിന്റെ വിശപ്പ്
എന്റെ നഗ്നതയിൽ ഇരതേടുമ്പോൾ
എന്റെ ചുണ്ടിലെ
പരിഹാസത്തിന്റെ
ചവർപ്പുള്ള ചിരി
നീ കണ്ടിട്ടുണ്ടാവില്ല...
പർവ്വതങ്ങളും, ഗർത്തങ്ങളും
(കണ്ണീരിന്റെ) കടലുകളും
നിന്റെ അശ്വമേധത്തിൽ
കീഴടങ്ങുമ്പോൾ
നീ അഹങ്കരിക്കേണ്ടതില്ല!
ചുഴലിക്കൊടുങ്കാറ്റുകളും
രാക്ഷസത്തിരകളും
പേമാരിയും ഉരുൾപൊട്ടലും
പ്രളയവും പ്രകമ്പനവും
പൊള്ളുന്ന ചൂടും ലാവാപ്രവാഹവും
ഓരോ കൊച്ചുഭൂമികളിലും
നീ പ്രതീക്ഷിക്കുക...!





ഷീബ കെ.എം.

# ശരീരം, അഭിനിവേശം, അധികാരം: ലൈംഗികതയുടെ ചരിത്രമാനങ്ങൾ

I

**S**ex is the truth of our being -Michel Foucault

ലൈംഗികത നമ്മുടെ സ്വകാര്യപൊതുമണ്ഡല ജീവിതത്തെ നിർണ്ണയിക്കുന്നതോടൊപ്പം നിർവൃതി, ആഹ്ലാദം തുടങ്ങി ഭയം, ജുഗുപ്സ വരെയുള്ള വിരുദ്ധങ്ങളായ വികാരപ്രകടനങ്ങളുടെ വേദിയുമാണ്. വികാരമായും ആവിഷ്കാരമായും അനുഭവമായും നിലകൊള്ളുന്നതും നമ്മുടെ സ്വത്വത്തെ നിർമ്മിക്കുന്നതുമായ ഘടകമാണത്. ഗാഢമായ വൈകാരികബന്ധങ്ങളുടെ വലിയൊരു പ്രപഞ്ചത്തെ പ്രതിനിധീകരിക്കുന്നതുകൊണ്ടും ഗൗരവപൂർണ്ണമായ ഒരു സമൂഹ്യതലം അതിനുള്ളതുകൊണ്ടും വ്യത്യസ്ത നൈതിക രാഷ്ട്രീയ സമീപനങ്ങളുടെ സംഘർഷമേഖലയായി ലൈംഗികതമാറി.

പത്തൊമ്പതാം നൂറ്റാണ്ടിലെ ബൗദ്ധികവ്യവഹാരങ്ങളെ നിർണ്ണയിച്ച ഉദാരതാവാദം (liberalism) ലൈംഗികതയെ പഠനങ്ങൾക്ക് വിധേയമാക്കിയെങ്കിലും ആധുനിക വൈദ്യശാസ്ത്രത്തിന്റെ വളർച്ചയാണ് ഇത്തരം അന്വേഷണങ്ങൾക്ക് മാതൃകയായി നിലകൊണ്ടത്. പ്രധാനമായും മനുഷ്യശരീരത്തിന്റെ ഒരു പ്രവർത്തനപ്രക്രിയയായി ലൈംഗികത ഒതുക്കപ്പെട്ടതും വൈദ്യലോകം മാനകമാക്കി മാറ്റിയ ലൈംഗികതയിലെ ശരി-തെറ്റുകൾ തീർച്ചപ്പെടുത്താൻ തുടങ്ങിയതും അങ്ങനെയാണ്. ആധുനിക വിജ്ഞാനോൽപ്പാദന ജ്ഞാനശാഖകളായ സമൂഹശാസ്ത്രവും, നരവംശശാസ്ത്രവുമൊക്കെ ഇതി



ഗാഢമായ വൈകാരികബന്ധങ്ങളുടെ വലിയൊരു പ്രപഞ്ചത്തെ പ്രതിനിധീകരിക്കുന്നതുകൊണ്ടും ഗൗരവപൂർണ്ണമായ ഒരു സമൂഹ്യതലം അതിനുള്ളതുകൊണ്ടും വ്യത്യസ്ത നൈതിക രാഷ്ട്രീയ സമീപനങ്ങളുടെ സംഘർഷമേഖലയായി ലൈംഗികതമാറി.

ന് കൂട്ടുപിടിച്ചതായും കാണാം.

മതങ്ങളെ പിന്തള്ളിക്കൊണ്ട് ആധുനികത പ്രതിഷ്ഠിച്ച യുക്തിനിഷ്ഠനായ മനുഷ്യന്റെ ഭദ്രമായ ഏകബോധത്തെ ചിതറിച്ചുകൊണ്ട് മനോവിശ്ലേഷണത്തിന്റെ പാത വെട്ടിത്തുറന്ന സിഗ്മണ്ട് ഫ്രോയ്ഡ്[1] ഊർജ്ജസ്വലമായ ഒരു അബോധമണ്ഡലത്തെയാണ് തുറന്നുവെച്ചത്. ഇതോടെ മനുഷ്യമനസ്സിനെക്കുറിച്ച് ശാശ്വതമെന്ന് കരുതിപ്പോന്ന പല ധാരണകളുടേയും കീഴിലുള്ള മണ്ണ് ഒലിച്ചുപോയി. അബോധമനസ്സിന്റെ വ്യവഹാരങ്ങൾ സൃഷ്ടിക്കുന്ന കല്പിതചിത്രങ്ങൾക്ക് (fantasies)ബോധമനസ്സിന്റേതിൽ നിന്നും വിഭിന്നങ്ങളായ അഭിനിവേശമാതൃകകൾ സൃഷ്ടിക്കാൻ സാധിക്കും എന്ന അറിവ് ലിംഗഭേദത്തേയും ലൈംഗികതൃപ്തിയേയും കുറിച്ചുള്ള എല്ലാ മുൻധാരണകളേയും തകർക്കുന്നതായിരുന്നു. സ്ത്രീവിരുദ്ധതക്ക് ഏറെ വിമർശനം ഏൽക്കേണ്ടി വന്ന ഫ്രോയ്ഡിന്റെ വാദങ്ങൾ തീർത്തും ശാരീരികാവയവബദ്ധമല്ല ലൈംഗികത എന്നെങ്കിലും സ്ഥാപിക്കാൻ സഹായകമായി[2].

നരവംശശാസ്ത്രഗവേഷണങ്ങളിലൂടെ ഉരുത്തിരിഞ്ഞു വന്ന വിജ്ഞാനവും സംസ്ക്കാരങ്ങളുടെ പ്രത്യേകതകളാൽ ഉടലെടുക്കുന്ന വ്യത്യസ്തങ്ങളായ രതിഭാവനാപ്രകടനങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാൻ സഹായിക്കുകയും ലൈംഗികതയുടെ സാംസ്കാരിക ഉറവിടങ്ങളിലേക്ക് വിരൽ ചൂണ്ടുകയും ചെയ്തു.[3] എന്നാൽ നരവംശശാസ്ത്രപ്രധാനികളായ മാർഗരറ്റ് മീഡിനെപ്പോലുള്ളവർ ആർത്തവം, ഗർഭധാരണം, പ്രസവം തുടങ്ങിയ പ്രത്യുല്പാദനപരമായ ലൈംഗികവിഷയങ്ങൾ മാത്രമേ ചർച്ച ചെയ്തുള്ളൂ.[4]

ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തോടെ വികസിച്ചുവന്ന സാമൂഹ്യചരിത്രരചനാരീതികൾ, പ്രത്യേകിച്ചും മനോനിലകളുടെ (mentalities) പഠനങ്ങളാണ് ലൈംഗികതയെ ഗൗരവമേറിയ ഒരു സാമൂഹ്യപ്രശ്നമായി മുന്നോട്ടുവെക്കാൻ സഹായിച്ചത്. എന്നാൽ ഏറ്റവും വിപ്ലാവാത്മകമായ മുന്നേറ്റങ്ങൾ ലൈംഗികതാപഠനത്തിൽ അടയാളപ്പെടുത്താൻ കാരണമായത് നവസാമൂഹ്യപ്രസ്ഥാനങ്ങളാണ് (new social movements). ആയിരത്തിത്തൊള്ളായിരത്തി അറുപതുകളുടെ തുടക്കത്തിൽ ലോകത്താകമാനം ഉയർന്നുവന്ന പുതു ഇടതുപക്ഷത്തിന്റെ (new left) രാഷ്ട്രീയം പുത്തൻ സ്വാതന്ത്ര്യങ്ങളുടെ കാഹളങ്ങൾ മുഴക്കുകയായിരുന്നു. പരമ്പരാഗത രാഷ്ട്രീയവിവക്ഷകളെ




ചോദ്യം ചെയ്യുകയും പുത്തൻ വിമോചനപാതകൾ വെട്ടിത്തുറക്കാൻ ശ്രമിക്കുകയും ചെയ്തത് സ്വവർഗ്ഗലൈംഗികപ്രസ്ഥാനങ്ങൾക്കും സ്ത്രീ/കറുത്തവർഗ്ഗ/ദലിത് പ്രസ്ഥാനങ്ങൾക്കും കരുത്തേകി. റാഡിക്കൽ ഫെമിനിസവും[5] LGBT പ്രസ്ഥാനങ്ങളുമൊക്കെ ലൈംഗികതയെ സംബന്ധിച്ച കാഴ്ചപ്പാടുകളിൽ ഉണ്ടാവേ



ണ്ട സമൂലമായ ഉടച്ചുവാർക്കലുകൾക്ക് വേണ്ടി ശബ്ദമുയർത്താൻ തുടങ്ങി. പ്രത്യുൽപാദനപരമല്ലാത്ത ലൈംഗികപ്രകടനങ്ങളും, പങ്കാളിയെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും, ഭിന്നലൈംഗിക സ്വത്വങ്ങളുടെ ആവിഷ്കാരസ്വാതന്ത്ര്യവും സമരോന്മുഖമായ അജണ്ടകളായി സ്ഥാപിച്ചെടുക്കാൻ ഈ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞു.

## II

ലൈംഗികത ലിംഗപദവിയെ നിർണ്ണയിക്കുന്നു എന്ന ധാരണ ഏറെ പ്രചാരമുള്ള ഒന്നാണ്. ലിംഗഭേദത്തിന്റെ അനേകം അവസ്ഥകൾ (gender roles) ഉണ്ടായിരിക്കെ അവയൊക്കെ ലൈംഗികതയുടെ മാത്രം സൃഷ്ടിയാണെന്ന് വാദിക്കുന്നതിൽ അസാംഗത്യമുണ്ട്. ശരീരം ലിംഗഭേദാവസ്ഥയെ സൃഷ്ടിക്കുകയല്ല മറിച്ച് ശരീരവും ലൈംഗികതയും സാമൂഹ്യനിർമ്മിതികളുടെ ബലാബലങ്ങൾക്കകത്ത് രൂപപ്പെടുകയാണ് ചെയ്യുന്നത്. സ്ത്രൈണത, ആണത്തം, ലൈംഗികാകർഷണമാതൃകകൾ തുടങ്ങിയ സങ്കല്പനങ്ങൾ ചരിത്രഗതിയുടെ സാമൂഹ്യപ്രക്രിയക്ക് വിധേയമാവുകയും നിരന്തരമായി പരിവർത്തിപ്പിക്കപ്പെടുകയും ചെയ്യുന്നു. ജൈവപരമായി ശരീരത്തിലൂന്നി മാത്രം ഉദ്ദീപിപ്പിച്ചെടുക്കാവുന്ന 'അടിസ്ഥാന' ലൈംഗികചോദനകൾ ഇല്ലതന്നെ (വൈദ്യശാസ്ത്രം ഇതവകാശപ്പെടാൻ ശ്രമിക്കുന്നുണ്ടെങ്കിലും). പ്രത്യക്ഷത്തിൽ ഒരേപോലെയെന്ന് തോന്നിയേക്കാവുന്ന ലൈംഗികബന്ധങ്ങൾക്കു പോലും സൂക്ഷ്മമായ അർത്ഥതലങ്ങളും വ്യക്തിനിഷ്ഠമാനങ്ങളും ഉണ്ടാകാം. അതിനാൽ തന്നെ ലൈംഗികാഭിനിവേശം സംസ്ക്കാരത്താലും ചരിത്രമുഹൂർത്തങ്ങളാലും നിർമ്മിക്കപ്പെടുന്നവയാണെന്നു പറയാം. ലൈംഗികത എന്നാൽ കേവലം ലൈംഗികവേഴ്ചയല്ലെന്നും മറിച്ച് ലിംഗഭേദങ്ങൾ, സ്ത്രൈണതാപൗരുഷസങ്കല്പങ്ങൾ, രതികല്പിത ചിത്രങ്ങൾ, ബാഹ്യലാളനകൾ (foreplay) രതിമൂർച്ഛ തുടങ്ങി നിരവധി ഘടകങ്ങളുടെ സംയോജനമാണെന്നും മനസ്സിലാക്കേണ്ടതാണ്.

ഇടുങ്ങിയസദാചാരബദ്ധമല്ലാത്തതും രാഷ്ട്രീയാവബോധമുള്ളതുമായ കാഴ്ചകൾ പോലും ലൈംഗികതയെ പ്രകൃതിയുടെ നീക്കിയിരിപ്പായി മാത്രം കണ്ടിട്ടുണ്ട്. ഇത്തരമൊരു പ്രകൃതിവാദം ശക്തിപ്പെട്ടതിന്റെ ഭാഗമായാണ് സ്വാഭാവിക/അസ്വാഭാവിക ലൈംഗികതയെക്കുറിച്ചുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നത്. സ്ത്രീയും പുരുഷനും തമ്മിൽ ബന്ധപ്പെടുന്ന ലൈംഗികത മാത്രമേ പ്രത്യുൽപാദനപരമായതുള്ളൂ എന്നതിനാൽ അതു മാത്രമായി സ്വാഭാവിക ലൈംഗികത. ഇത്തരം ശരീരശാസ്ത്രവാദങ്ങൾ ഏറ്റവും ഹിംസാത്മകമായി പ്രയോഗിച്ചത് മതങ്ങളും പിന്നെ ഹിറ്റ്ലറുടെ നാസീഭരണകൂടവുമായിരുന്നു. ഇന്ത്യയിലെ ഹിന്ദുത്വഭരണകൂടം അധികം അകലെയല്ലതാനും.

## III

മാനവരാശിയുടെ നിലനിൽപുമായി ബന്ധപ്പെട്ടതുകൊണ്ട് ലൈംഗികതയെ പ്രാകൃതസമൂഹങ്ങൾ ഉർവ്വരതയുമായി കോർത്തിണക്കി ആചാരാനുഷ്ഠാനുങ്ങൾ നടത്തിപ്പോന്നു. ഗോത്രസംസ്കൃതിയിൽ നിന്നും പതുക്കെ പിടിവിട്ടു തുടങ്ങിയ കാലത്ത് സ്വകാര്യസ്വത്തും അതുവഴി കുടുംബവും ഉരുത്തിരിഞ്ഞതോടെ പിതൃഅധീശത്വവ്യവസ്ഥയും അതിനനുബന്ധമായി സ്ത്രീലൈംഗികതക്കു മേലുള്ള നിയന്ത്രണങ്ങളും ഉടലെടുത്തു എന്ന എംഗൽസിന്റെ വാദം പ്രസിദ്ധമാണല്ലോ.[6] വ്യവസ്ഥാപിത മൂല്യങ്ങളും കാലാകാലങ്ങളിൽ രൂപം കൊണ്ട അധീശത്വബന്ധങ്ങളും നിലനിർത്താൻ ലൈംഗികത വിനിയോഗിക്കപ്പെട്ടു. അതോടെ സ്ത്രീയുടെ ലൈംഗികത കരുതലോടെ കാത്തുസൂക്ഷിക്കപ്പെടേണ്ട ഒന്നായി മാറി. ജാതിയുടേയും സംസ്ക്കാരത്തിന്റേയും അധികാരശ്രേണികളുടേയും ചിഹ്നങ്ങളായി സ്ത്രീലൈംഗികത വർത്തിക്കേണ്ടതായും വന്നു. മൂല്യവ്യവസ്ഥകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ലൈംഗികതാധാരണകളിൽ അതിന്റെ മുദ്രകൾ പതിപ്പിക്കുകയും സ്ത്രീലൈംഗികതക്കുമേലുള്ള നിയന്ത്രണങ്ങൾ ചരിത്രത്തിലെ തുടർന്നു പോരുന്ന ഒരു യാഥാർത്ഥ്യമായി മാറുകയും ചെയ്തു.

ജ്ഞാനോദയത്തിന്റെ വരവോടെ കുടുംബം സ്ത്രീലൈംഗികത[7]യുടെ പ്രാഥമികവും ആത്യന്തികവുമായ പ്രകാശനമണ്ഡലമാവുകയും ഗർഭധാരണവും ശിശുപരി

ചരണവും മാത്രം അതിന്റെ അനന്തര ധർമ്മങ്ങളായി കണക്കാക്കപ്പെടുകയും ചെയ്തു. ആധുനികതയുടെ സൃഷ്ടിയായി പൊതു/സ്വകാര്യ ഇടങ്ങൾ തമ്മിലുള്ള കണിശമായ അന്തരങ്ങൾ നിർവചിക്കപ്പെട്ടതോടെയും മുതലാളിത്തഉല്പാദനബന്ധങ്ങൾ ലിംഗപരമായ വേർതിരിവുകൾ രൂക്ഷമാക്കിയതോടെയും സ്ത്രീയും അവളുടെ ലൈംഗികതയും കുടുംബത്തിനകത്തെ പ്രത്യുല്പാദനബന്ധങ്ങളിലേക്ക് ചുരുങ്ങാൻ പ്രേരിപ്പിക്കപ്പെട്ടു.

ലൈംഗികതയുടെ ചരിത്രത്തിൽ ഇംഗ്ലണ്ടിലെ വിക്ടോറിയൻ കാലഘട്ടം ഗൗരവമായ പരിഗണനയാണ് അർഹിക്കുന്നത്. ആധുനിക സ്ത്രീത്വത്തിന്റെ നിർവചനങ്ങൾ ഏറെയും ഈ കാലഘട്ടത്തിന്റെ സംഭവനകളാണ്. പത്തൊമ്പതാം നൂറ്റാണ്ടിലെ സ്ത്രൈണതയുടെ മുഖമുദ്ര രതിവർജ്ജനവും (sexual abstinence) ഗർഭധാരണ/മാതൃത്വവുമായിരുന്നു. ഉദാത്ത വിക്ടോറിയൻ വനിത ലൈംഗികതൃഷ്ണകളില്ലാത്തവളും. സ്ത്രീകൾ സ്വയാർജ്ജിതമായ ലൈംഗികചോദനകളില്ലാത്ത അലൈംഗിക(asexual) സ്വത്വങ്ങളാണെന്നും എന്നാൽ ലൈംഗികാവയവങ്ങളാൽ ഭരിക്കപ്പെടാൻ സാധ്യതയുള്ള (അതിനാൽത്തന്നെ നിയന്ത്രിക്കപ്പെടേണ്ട) വരാണെന്നുമുള്ള വിരുദ്ധങ്ങളായ ധാരണകൾ പുലർന്നുപോന്നു.[8] സ്വന്തമായ തൃഷ്ണകളില്ലെങ്കിലും ഏതു പ്രലോഭനങ്ങൾക്കും വശംവദയാകുന്നവൾ തന്നെയാണത്രെ സ്ത്രീ. ലൈംഗികപ്രസരമുള്ള സ്ത്രീകൾ പതിതകളാണെന്നും പതിതകൾക്കു മാത്രമേ രതിതൃഷ്ണയുണ്ടാവൂ എന്നും മറ്റുമുള്ള സൂക്തങ്ങൾ ഈ കാലഘട്ടത്തിൽ പ്രചരിച്ചുപോന്നു. വിക്ടോറിയൻ കാലഘട്ടം ലൈംഗികതയെ അടിച്ചമർത്തുകയല്ല മറിച്ച് വർദ്ധിച്ച വ്യവഹാരങ്ങളിലൂടെ രതിസാദ്ധ്യതകളെ തുറന്നുകാട്ടുകയാണുണ്ടായതെന്ന് എഴുപതുകളുടെ അവസാനത്തിൽ ദാർശനികനായ മിഷെൽ ഫൂക്കോ പറയുന്നുണ്ട്.[9] പത്തൊമ്പതാം നൂറ്റാണ്ട് ലൈംഗികതയുടെ ചരിത്രത്തിലെ മൗനങ്ങളുടെ കാലമല്ലെന്നും ലൈംഗികതയെ സംബന്ധിച്ച് ഒരു വ്യവഹാരവിസ്ഫോടനം തന്നെ ഉണ്ടായെന്നും വിവിധ ലൈംഗികതകളുടെ ക്രമങ്ങളും പട്ടികകളും വരെ തയ്യാറാക്കപ്പെട്ടുവെന്നും (നിരോധനത്തിനുവേണ്ടിയാണെങ്കിലും) ഫൂക്കോ വാദിക്കുന്നു. ഫൂക്കോയുടെ സിദ്ധാന്തങ്ങൾ അടിച്ചമർത്തപ്പെട്ട ചോദനയെന്നതിനപ്പുറം സങ്കീർണ്ണവും വൈരുദ്ധ്യാത്മകവുമായി പുനഃസൃഷ്ടിക്കപ്പെടുന്ന ഒരു സാമൂഹ്യനിർമ്മിതിയായും ലൈംഗികതയെ വീക്ഷിക്കാൻ സഹായിച്ചു.

ആധുനികതയുടെ സൃഷ്ടിയായി പൊതു/സ്വകാര്യ ഇടങ്ങൾ തമ്മിലുള്ള കണിശമായ അന്തരങ്ങൾ നിർവചിക്കപ്പെട്ടതോടെയും മുതലാളിത്ത ഉല്പാദനബന്ധങ്ങൾ ലിംഗപരമായ വേർതിരിവുകൾ രൂക്ഷമാക്കിയതോടെയും സ്ത്രീയും അവളുടെ ലൈംഗികതയും കുടുംബത്തിനകത്തെ പ്രത്യുല്പാദന ബന്ധങ്ങളിലേക്ക് ചുരുങ്ങാൻ പ്രേരിപ്പിക്കപ്പെട്ടു.

ആധുനികഭരണകൂടാധിഷ്ഠിത സമൂഹങ്ങളിൽ രൂപപ്പെടുന്ന ലൈംഗികധാരണകൾ രാഷ്ട്രീയമായും പ്രതീകാത്മകമായും ലൈംഗികത സജീവമായ ഒരു പോർനിലമാണെന്ന് സൂചിപ്പിക്കുന്നു. ഭരണകൂടങ്ങൾ കാലാകാലങ്ങളിൽ ലൈംഗികതയുടെ ക്രമീകരണത്തിനായി ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഹിറ്റ്ലർ സ്വവർഗ്ഗഭോഗികളെ വേട്ടയാടിയത് കുപ്രസിദ്ധമാണല്ലോ, വൈദ്യശാസ്ത്രത്തിന്റെ ഭാഷയിൽ ആവിഷ്കരിക്കപ്പെടാറുള്ള നിയന്ത്രണങ്ങളിലൂടെയും വിദ്യാഭ്യാസ പദ്ധതികൾ, സെൻസർഷിപ്പ് തുടങ്ങിയ ഉപാധികളിലൂടെയും ഭരണകൂടം അതിന്റെ ലൈംഗികസദാചാരം നടപ്പിലാക്കാൻ ശ്രമിക്കാറുണ്ട്. ആയിരത്തിത്തൊള്ളായിരത്തി നാല്പത്തിനാലിൽ പ്രശസ്ത ഉറുദു കഥാകാരി ഇസ്മത് ചുഗ്തായ് അവരുടെ 'ലിഹാഫ്' എന്ന കഥയിലെ സ്ത്രീഅനുരാഗത്തെച്ചൊല്ലി കോടതി കയറേണ്ടി വന്നത് ഈയവസരത്തിൽ ഓർക്കേണ്ടതാണ്. സ്ത്രീസ്വവർഗ്ഗരതി നിയമവിരുദ്ധമല്ലെന്ന അടിസ്ഥാനത്തിൽ കേസ് തള്ളിപ്പോവുകയായിരുന്നു ചെയ്തത്. ഇന്ത്യൻ നിയമാവലികൾ രൂപം കൊണ്ട കാലത്തിന് സ്ത്രീയുടെ അത്തരം അഭിനിവേശസാധ്യതകളെ സങ്കല്പിക്കാനോ അംഗീകരിക്കാനോ ഉള്ള ഭാവനയോ സമ്മതമോ ഇല്ലായിരുന്നു എന്നതത്രേ കാരണം! പുരുഷസ്വവർഗ്ഗഭോഗികൾ ഇന്നും അറസ്റ്റു ചെയ്യപ്പെടുമ്പോൾ സ്ത്രീകൾ തമ്മിലുള്ള ബന്ധങ്ങൾ അദൃശ്യമായിപ്പോയതും ഇതുകൊണ്ടു തന്നെ. സ്ത്രീയുടെ ചാരിത്ര്യവും പാതിവ്രത്യവും സംബന്ധിച്ച് പനി പിടിക്കുന്ന ആധികൾ കൊണ്ടുനടക്കുന്ന മത/വർഗ്ഗീയ ഫാഷിസ്റ്റുശക്തികൾ സ്ത്രീലൈംഗികതയെ വിലക്കുകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമാക്കുന്ന കാഴ്ച നമുക്ക് ചുറ്റും ഏറിവരികയാണ്. സ്ത്രീയുടെ ലൈംഗികാഭിനിവേശം സാംസ്കാരികഭാവനയെ സംഭീതമാക്കുന്നുണ്ടെന്ന് വ്യക്തം.

## IV

ഇന്ത്യയിൽ ലൈംഗികത ആദ്യമായി പൊതുചർച്ചക്കു വിധേയമാവുന്നത് ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട് ഗാന്ധി മുന്നോട്ടുവെച്ച ആശയങ്ങളിലാണ്. പുരുഷലൈംഗികവർജ്ജനത്തെ (male sexual abstinence) ഉദാത്തവത്കരിക്കുകയും ജീവസത്തയായ ശുക്ലത്തെ സംരക്ഷിക്കുകയും വഴി കൂടുതൽ ഉത്കൃഷ്ടമായ സാമൂഹിക-രാഷ്ട്രീയ ഉത്തരവാദിത്വങ്ങൾക്കായി ശക്തി സംഭരിക്കാം എന്നായിരുന്നു വിവേകാനന്ദനും പിന്നീട് ഗാന്ധിയും വാദിച്ചത്. ഗാ



ന്ധി തന്റെ സ്വകാര്യജീവിതത്തിന്റെ സന്ദർഭത്തിൽ സ്ത്രീകളെ തന്റെ ലൈംഗികഭാവനകൾക്കും ആവശ്യങ്ങൾക്കും പാത്രമാക്കുന്നതിനുപകരം തന്റെ ലൈംഗികവർജ്ജനത്തിന്റെ തെളിവുകളായാണ് ഉപയോഗിച്ചത്. അദ്ദേഹത്തിന്റെ പ്രസിദ്ധമായ കിടക്കറ പരീക്ഷണത്തിന് സഹകരിച്ച സ്ത്രീകളുടെ മാനസിക-ശാരീരിക അവസ്ഥകളെ കണക്കിലെടുക്കാൻ ഗാന്ധി തയ്യാറായില്ലെന്നത് എടുത്തു പറയേണ്ട വസ്തുതയാണ്. പുരുഷ ലൈംഗികതയുടെ ഹിംസാത്മകമായ പരിസരങ്ങളെക്കുറിച്ച് സംസാരിക്കുകയും പുരുഷരതിയുടെ നവീകരണത്തിനായി നിരന്തരം വാദിക്കുകയും ചെയ്ത ഗാന്ധി, ലൈംഗികവർജ്ജിതയായ സ്ത്രീയെ, പ്രത്യേകിച്ച് ഹിന്ദുവിധവയെ, ഉദാത്തമാതൃകയായി പ്രതിഷ്ഠിച്ചു[10]. ചാരിത്ര്യമല്ല മറിച്ച് പാതിവ്രത്യമായിരുന്നു ഗാന്ധിയുടെ ആദർശസ്ത്രീത്വത്തിന്റെ ലക്ഷണം. സ്വന്തം ലൈംഗികതൃഷ്ണകളെ കീഴടക്കി രാഷ്ട്രതാത്പര്യങ്ങൾക്കായി മുഴുവൻ ഊർജ്ജവും നീക്കിവയ്ക്കേണ്ടവളായിരുന്നു ഈ സ്ത്രീരൂപം.

ഇരുപതാം നൂറ്റാണ്ടിലെ മറ്റ് മുന്നേറ്റങ്ങൾ സ്ത്രീലൈംഗികതയെ കണ്ടതെങ്ങനെയായിരുന്നു? ഇടതുപ്രസ്ഥാനങ്ങൾ പൊതുമണ്ഡലത്തിൽ സ്ത്രീയുടെ സാന്നിദ്ധ്യം ഉറപ്പുവരുത്താൻ ശ്രമിച്ചുവെങ്കിലും ലൈംഗികത സംബന്ധിച്ച നിലപാടുകളിൽ അവയ്ക്ക് വ്യക്തതയില്ലെന്നു കാണാം. കമ്മ്യൂണിസം നടപ്പിലാക്കാൻ ശ്രമിച്ച അവസരങ്ങളിൽ തന്നെ ഈ പ്രശ്നങ്ങൾ ഉടലെടുത്തിരുന്നു. റോസാ ലക്സംബർഗും ലെനിനും ഈ വിഷയത്തിൽ നടത്തിയ സംഭാഷണങ്ങൾ പ്രസിദ്ധമാണ്. കമ്മ്യൂണിസ്റ്റ് സ്ത്രീകൾ തൊഴിൽപ്രശ്നങ്ങളും വിപ്ലവവും ചർച്ചചെയ്യുന്നതിനു പകരം ലൈംഗികതയുടെ ചർച്ചകളിലേക്ക് 'വഴിതെറ്റി' പ്പോവുന്നതിനെ ലെനിൻ അനാരോഗ്യകരമായ വ്യതിചലനം(morbid deviation) എന്നാണ് വിളിച്ചത്. ബൂർഷ്വാ വ്യവസ്ഥിതിയും സ്വകാര്യസ്വത്തും കുടുംബം, വിവാഹം തുടങ്ങിയ വിഷയങ്ങളിൽ ഗൗരവമായ പ്രശ്നങ്ങളുയർത്തുന്നുണ്ടെന്നും പുത്തൻ വ്യവസ്ഥിതിയെ വിഭാവനം ചെയ്യുമ്പോൾ ഈ വിഷയങ്ങൾ അവശ്യം ചർച്ചചെയ്യേണ്ടതാണെന്നുമുള്ള റോസയുടെ വാദം വിലപ്പോയില്ല.[11] തെലുങ്കാനപോലെയുള്ള സമരങ്ങളിൽ സ്ത്രീകളെ സദാചാരവിരുദ്ധപ്രവർത്തനങ്ങളാരോപിച്ച് പാർട്ടിയിൽ നിന്നും പുരുഷകേഡറുകൾ പുറത്താക്കുകയുണ്ടായി. സവർണ്ണ പുരുഷ കടന്നുകയറ്റങ്ങളെ സഹിക്കാനും ഗറില്ലായുദ്ധസന്ദർഭങ്ങളിൽപ്പോലും സദാചാരവ്യവസ്ഥയെ കാത്തുസൂക്ഷിക്കാനുമുള്ള ഉത്തരവാദിത്തം സ്ത്രീയിൽ നിക്ഷിപ്തമായി.

## V

പ്രാചീന ഇന്ത്യയുടെ ചരിത്രം പഠിച്ച ഉമാചക്രവർത്തി വേദകാലഘട്ടത്തിൽ സ്ത്രീകൾ ദാസികളായിരുന്നത് ലൈംഗികമായും കൂടിയായിരുന്നു എന്ന് ചൂണ്ടിക്കാണിക്കുന്നു. ഗോത്രസംസ്കൃതിയിൽ നിന്നും ഭരണകൂട വ്യവസ്ഥ (state societies) രൂപപ്പെട്ടുവന്ന ക്രിസ്തുവിനുമുമ്പുള്ള 6ാം നൂറ്റാണ്ട് മുതൽ ക്രമേണ രാജാവും രാജ്യാധികാരവും ജാതിയുടേയും പുരുഷാധിപത്യത്തിന്റേയും പ്രത്യയശാസ്ത്രങ്ങളോട് ചേർന്ന് സ്ത്രീകളുടെ മേൽ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ ആരംഭിച്ചുവെന്നവർ ചൂണ്ടിക്കാണിക്കുന്നു. മഹാഭാരതത്തിലേയും രാമായണത്തിലേയും വിവിധ കഥാസന്ദർഭങ്ങൾ വിവരിച്ചും മനുസ്മൃതി, അർത്ഥശാസ്ത്രം, ജാതകകഥകൾ തുടങ്ങിയ കൃതികളെ ഉദ്ധരിച്ചും ഈ അധികാരപ്രയോഗങ്ങളുടെ രൂപങ്ങൾ വ്യാഖ്യാനിക്കുന്നുണ്ട് അവർ. സ്ത്രീലൈംഗികതക്കുമേൽ ശാസനകളേർപ്പെടുത്താനുള്ള പ്രാഥമികാധികാരം ഭർത്താവിനും അതിനു ശേഷം ചാർച്ചക്കാർക്കും ഇവയൊന്നും 'ഫലിക്കാ'തെ വരുമ്പോൾ രാജ്യാധികാരത്തിനുമാണെന്ന് മേൽപറഞ്ഞ കൃതികൾ സ്ഥാപിക്കുന്നു.[12] ജാതിയുടേയും ഏകഭർതൃകുടുംബത്തിന്റേയും നിർബന്ധങ്ങൾ ഏതു വിധേനയാണ് ഈ സംവിധാനങ്ങളുടെ നിലനിൽപ്പിനായി സ്ത്രീലൈംഗികതാനിയന്ത്രണങ്ങൾ നടപ്പാക്കിയത് എന്നത് ശ്രദ്ധേയമാണ്. 'പരപുരുഷ' നോട് ബന്ധംപുലർത്തിയ സ്ത്രീയെ തലമുണ്ഡനം ചെയ്തും പരസ്യമായി ചന്തകളിൽ കല്ലെറിഞ്ഞും പട്ടികൾക്ക് കടിക്കാൻ വിട്ടുകൊടുത്തും ശിക്ഷിക്കണമെന്നുമൊക്കെ അനു

ശാസിക്കുന്നതായിരുന്നു ഈ 'നീതി'നിർവ്വഹണരീതികൾ! മേൽപറഞ്ഞ നിയന്ത്രണങ്ങളുടേയും ശിക്ഷാനടപടികളുടേയും ആവശ്യകത തന്നെ ഉടലെടുക്കുന്നത് എഴുതപ്പെട്ടതും അനുശാസിക്കപ്പെട്ടതുമായ ലൈംഗികശാസനകളെ സ്ത്രീകൾ നിരന്തരം സ്വന്തം ജീവിതങ്ങളുടെ ആവിഷ്കാരം കൊണ്ട് ലംഘിച്ചിരുന്നുവെന്നതിനാലാണെന്നത് ശ്രദ്ധേയമാണ്. ചരിത്രത്തിലുടനീളം ഇന്ത്യയുടെ പല ഭാഗത്തും ഇത്തരം നടപടികൾ ദർശിക്കാവുന്നതാണ്. 19ാംനൂറ്റാണ്ടിലെ മഹാരാഷ്ട്രയിലെ പെഷ്വാ (Peshwa) ഭരണം 'അവിഹിത' ബന്ധങ്ങളാരോപിക്കപ്പെട്ട സ്ത്രീകളെ മൊട്ടയടിച്ച് കാട്ടിലുപേക്ഷിക്കുകയാണ് ചെയ്തിരുന്നത്.[3] മറ്റ് ഉദാഹരണങ്ങൾ സുലഭം.

## VI

മറ്റു പല പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിൽ ചരിത്രപരമായി ലൈംഗികത ഒരു പൊതുവ്യവഹാരത്തിന്റെ ഭാഗമായിരുന്നതായി കാണാം. ക്രിസ്തുവർഷം പതിമൂന്നു മുതൽ പതനാറാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിൽ രചിക്കപ്പെട്ട മണിപ്രവാള സാഹിത്യം രതിബിംബങ്ങളാലും ശരീരവർണ്ണനകളാലും മുഖരിതമാണ്. ദേവദാസികൾക്ക് അംഗീകാരവും ബഹുമാനവും നൽകിയിരുന്ന കാലമായിരുന്നു ഇതെന്ന് ചരിത്രരേഖകൾ തെളിയിക്കുന്നു. ഒമ്പതാം നൂറ്റാണ്ടിലെ ചൊക്കൂർ ലിഖിതം ദേവദാസികൾക്ക് ക്ഷേത്രത്തിൽ നിന്നും നൽകിയിരുന്ന ധാന്യത്തിന്റെ കണക്കു പറയുന്നു. സ്ഥാണു രവിവർമ്മ കുലശേഖരന്റെ മകളായ കീഴനടികൾ ദേവദാസിസ്ഥാനം സ്വീകരിച്ചതായും മറ്റൊരു ദേശവാഴിയായ വീര കേരളവർമ്മ, കണ്ടിയൂർ തേവിടിച്ചി ഉണ്ണിക്കളത്രം എന്ന ദേവദാസിയെ വിവാഹം കഴിച്ചതായും കാണാം. രതി ഒരു ശാസ്ത്രമായി പഠിക്കുകയും അതിൽ നൈപുണ്യം നേടുകയും ചെയ്തിരുന്ന കാലമായിരുന്നു അതെന്ന് വൈശികതന്ത്രം, ചന്ദ്രോത്സവം തുടങ്ങിയ കൃതികൾ സാക്ഷ്യപ്പെടുത്തുന്നു. "നമ്പൂതിരിമാരുടെ പുളപ്പിന്റെ കാലം" എന്ന് ചരിത്രകാരനായ ഇളംകുളം കുഞ്ഞൻപിള്ള വിളിക്കുന്ന ഈ കാലം അയഞ്ഞ സ്ത്രീപുരുഷ ബന്ധങ്ങളുടേതായിരുന്നു എന്ന് അനുമാനിക്കാം. മണിപ്രവാള സാഹിത്യത്തിലൂടേയും നമ്പൂതിരിമാരുടെ 'നേരമ്പോക്കു'കൾ വിവരിക്കുന്ന വെടിവട്ടങ്ങളിലൂടേയും പൊതുചർച്ചക്കു വിധേയമായ സ്ത്രീകളുടെ രതിചാതുരി ലൈംഗികത ലജ്ജകൂടാതെ ചർച്ചചെയ്തിരുന്ന വിഷയമായിരുന്നു എന്നു സൂചിപ്പിക്കുന്നു.[4] ജാതിശ്രേണിയിൽ നമ്പൂതിരിമാർ കയ്യാളിയിരുന്ന ലൈംഗിക സ്വാതന്ത്ര്യങ്ങളായിരുന്നു ഇതിന്റെ മറുപുറം. നമ്പൂതിരി അധീശത്വം നിലനിർത്തിപ്പോരാൻ നിരത്തിയ സാധൂകരണങ്ങളിലൊന്നായിരുന്നു പരശുരാമ ഐതിഹ്യം. നമ്പൂതിരി സ്തീകൾക്കൊഴിച്ച് മറ്റാർക്കും ചാരിത്ര്യശുദ്ധി ആവശ്യമില്ലെന്നും അവരൊക്കെയും നമ്പൂതിരിപുരുഷന്റെ ലൈംഗികതൃപ്തിക്കുവേണ്ടി വഴങ്ങേണ്ടവരായിരുന്നുവെന്നും പരശുരാമൻ അനുശാസിച്ചുവത്രെ. ജാതിവ്യവസ്ഥയുടെ ആശയതലത്തിലുള്ള ഇത്തരം ന്യായീകരണങ്ങൾ കേരളത്തിന്റെ ലൈംഗിക സദാചാരം നിർണ്ണയിക്കുന്നതിൽ ഗണ്യമായ പങ്കുവഹിച്ചു.

ജാതിശ്രേണിയിൽ നമ്പൂതിരിമാർ കയ്യാളിയിരുന്ന ലൈംഗിക സ്വാതന്ത്ര്യങ്ങളായിരുന്നു ഇതിന്റെ മറുപുറം. നമ്പൂതിരി അധീശത്വം നിലനിർത്തിപ്പോരാൻ നിരത്തിയ സാധൂകരണങ്ങളിലൊന്നായിരുന്നു പരശുരാമ ഐതിഹ്യം. നമ്പൂതിരി സ്തീകൾക്കൊഴിച്ച് മറ്റാർക്കും ചാരിത്ര്യശുദ്ധി ആവശ്യമില്ലെന്നും അവരൊക്കെയും നമ്പൂതിരിപുരുഷന്റെ ലൈംഗികതൃപ്തിക്കുവേണ്ടി വഴങ്ങേണ്ടവരായിരുന്നുവെന്നും പരശുരാമൻ അനുശാസിച്ചുവത്രെ.

ശരീരത്തിന്റെ ആവരണവും അനാവരണവും നോട്ടസാദ്ധ്യതകളെയും (gaze) അഭിനിവേശത്തേയും നിയന്ത്രിക്കുന്നതിനാൽ കേരളത്തിന്റെ പരമ്പരാഗത വസ്ത്രധാരണരീതി പരിഗണനയർഹിക്കുന്നു. വർദ്ധിത രതിഭാവങ്ങൾ ഉണർത്താൻ പ്രാപ്തിയുള്ള ലൈംഗികാവയവമായി സ്തനങ്ങളെ മണിപ്രവാളസാഹിത്യം പ്രതിഷ്ഠിക്കുന്നുണ്ടെങ്കിലും കാഴ്ചക്ക് തുറന്നുകൊടുക്കപ്പെട്ട സ്തനങ്ങൾ കേരളത്തിന്റെ സാംസ്കാരിക പ്രത്യേകതകളുൾക്കൊള്ളുന്ന ഒരു അഭിനിവേശമാതൃകയെയാണ് സൂചിപ്പിക്കുന്നത്. ഒരു മാറ്റം ആദ്യമായി ആവശ്യപ്പെടുന്നത് ക്രിസ്തീയമിഷനറിമാരാണെന്നുള്ളത് ശ്രദ്ധേയമാണ്. മറയ്ക്കപ്പെടാത്ത മാറ് ഹീനസംസ്ക്കാരത്തിന്റെ സൂചകമായിതീർന്നതോടെ പുത്തനുണർവ്വോടെ ഉയർന്നുവന്ന ജാതി സംഘടനകൾക്ക് അതൊരു സ്വത്വപ്രശ്നമായി മാറി. ആയിരത്തി എണ്ണൂറ്റി അമ്പതുകളിൽ കേരളത്തിലെ ചാന്നാൻമാർക്കിടയിൽ നടന്ന മാറുമറയ്ക്കൽ സമരത്തിൽ ഇത്തരം ആശയപ്രഖ്യാപനങ്ങളുടെ അടിയൊഴുക്കുകൾ ദർശിക്കാവുന്നതാണ്. അഭിനിവേശത്തിന്റെ പരിധികൾ ക്രമേണ തിരുത്തിക്കുറിക്കപ്പെടുകയായിരുന്നു. രാത്രിയിൽ കിടപ്പറയുടെ സ്വകാര്യതയിൽ ബ്ലൗസിട്ട് നിർവൃതിയടയുന്ന സ്ത്രീരൂപം[15] തന്റെ ശരീരത്തേയും രതിതൃഷ്ണകളെയും പുനർനിർമ്മിക്കുകയായിരുന്നു. അധിനിവേശവിധേയമായ അഭിനിവേശഭാവനകൾ ആധുനികവ്യക്തിത്വങ്ങളാവാൻ (modern subject) ബദ്ധപ്പെടുകയും ബ്ലൗസിടുന്നതിലൂടെ പഴമയോട് കലഹിക്കുകയുമായിരുന്നു. സ്ത്രീശരീരത്തിനുമേൽ നടത്തപ്പെടുന്ന ഇത്തരം പരിവർത്തനങ്ങളെ ചെറു



അനാചാരങ്ങൾക്കെതിരെ പൊരുതുമ്പോഴും സ്ത്രീ എങ്ങനെ ഉടുക്കണം, ഒരുങ്ങണം, പെരുമാറണം ഏതൊക്കെ ജോലികളിലേർപ്പെടണം, എന്താണ് മാതൃകാ സ്ത്രീത്വം എന്നൊക്കെ ഓരോ ജാതിസംഘടനക്കകത്തും വിപുലമായ ചർച്ചകൾ നടന്നു. പുതുതായി രൂപീകൃതമായിക്കൊണ്ടിരിക്കുന്ന ജാതിസത്വങ്ങളുടെ ചിഹ്നങ്ങളായി വർത്തിക്കാൻ സ്ത്രീ നിർബന്ധിതയായി.

ത്തവർ സ്വകാര്യമെന്നു കരുതപ്പെട്ട ലൈംഗികജീവിതത്തിൽ അധിനിവേശം നടത്തുന്ന കൈയേറ്റങ്ങളെ എതിർക്കുകയായിരുന്നു. തങ്ങളുടെ സ്ത്രീകൾ മറ്റൊരു സംസ്കാരത്തിന്റെ (ബ്ലൗസിടുന്നവരുടെ) ലൈംഗികഭാവനകൾക്ക് തുറന്നുകൊടുക്കപ്പെടുന്നതിന്റെ ആധികളും ഇതിൽ പ്രകടമായി.

കേരളത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിൽ ഉയർന്നുവന്ന നവോത്ഥാനപ്രസ്ഥാനങ്ങളൊക്കെയും സ്ത്രീപ്രശ്നങ്ങൾ സജീവ പരിഗണനക്കായി എടുക്കുകയുണ്ടായി. അനാചാരങ്ങൾക്കെതിരെ പൊരുതുമ്പോഴും സ്ത്രീ എങ്ങനെ ഉടുക്കണം, ഒരുങ്ങണം, പെരുമാറണം ഏതൊക്കെ ജോലികളിലേർപ്പെടണം, എന്താണ് മാതൃകാസ്ത്രീത്വം എന്നൊക്കെ ഓരോ ജാതിസംഘടനക്കകത്തും വിപുലമായ ചർച്ചകൾ നടന്നു. പുതുതായി രൂപീകൃതമായിക്കൊണ്ടിരിക്കുന്ന ജാതിസത്വങ്ങളുടെ ചിഹ്നങ്ങളായി വർത്തിക്കാൻ സ്ത്രീ നിർബന്ധിതയായി. അധിനിവേശ വ്യക്തിത്വങ്ങളായി ആദ്യം മാറിക്കൊണ്ടിരുന്ന നായർ സമുദായമായിരുന്നു പരിഷ്കാര മാതൃക. ഇന്ദുലേഖയിലൂടെ ആഘോഷിക്കപ്പെട്ട നിപുണയായ എന്നാൽ പരിധികൾ വിടാത്ത സ്ത്രീരൂപം മാതൃകയായി പ്രതിഷ്ഠിക്കപ്പെട്ടു. ഇന്ന് മലയാളി പുരുഷനെ കീഴടക്കുന്ന ഏറ്റവും ശക്തമായ രതിബിംബമായ വലിയ സ്തനങ്ങളും വലിയ നിതംബങ്ങളുമുള്ള മലയാളിയുവതിയുടെ ജന്മവും ഈ കാലത്തിൽ തിരയാവുന്നതാണ്.

അധിനിവേശ സദാചാരത്തിന്റെ കടന്നുകയറ്റം പരമ്പരാഗത മൂല്യസംഹിതകളെ തൂത്തെറിഞ്ഞുവെന്നതിൽ സംശയമില്ല. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും ഉയർന്നുവന്ന സാമൂഹ്യനവീകരണ വ്യവഹാരങ്ങളിൽ സംബന്ധം പോലുള്ള ആചാരങ്ങൾ നിർത്തലാക്കേണ്ടതിന്റെ ആവശ്യകത ആവർത്തിച്ച് ഉന്നയിക്കപ്പെടുകയുണ്ടായി. ആയിരത്തി എണ്ണൂറ്റിതൊണ്ണൂറ്റിനാലിൽ മരുമക്കത്തായം നിർത്തലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മദിരാശി നിയമസഭയിൽ ബിൽ അവതരിപ്പിച്ച് സംസാരിച്ച സർ സി.ശങ്കരൻ നായർ 'നമ്മുടെ സ്ത്രീക്കും ചാരിത്ര്യബോധമുണ്ടായിരുന്നു' എന്ന് സ്ഥാപിച്ചെടുക്കാൻ ശ്രമിച്ചു.[16] നൂറ്റാണ്ടുകളായി തുടർന്നുപോന്ന സംബന്ധബന്ധങ്ങളിലെ ബഹുഭർതൃത്വം പൊടുന്നനെ ലജ്ജാവഹമായ സാംസ്കാരികാചാരമായിത്തീർന്നു. തിരുവിതാംകൂറിലെ ആദ്യ ആധുനിക ഭരണാധികാരിയെന്നു പേരുകേട്ട സ്വാതിതിരുനാൾ മോഹിനിയാട്ട പദങ്ങളിലെ 'അശ്ലീലം' നീക്കം ചെയ്തു എന്ന് അവകാശപ്പെട്ടത് മണിപ്രവാള സാഹിത്യത്തെ ഉദ്ദേശിച്ചാണ്. ഇങ്ങനെ ഒരുപാടൊരുപാട് ഉദാഹരണങ്ങൾ എടുത്തു പറയാവുന്നതാണ്.

നമ്പൂതിരി സമുദായത്തിലെ സ്മാർത്തവിചാരങ്ങളുടെ ചരിത്രം പരിശോധിച്ചാലും മാറിവരുന്ന സദാചാര ലൈംഗിക മൂല്യങ്ങളെക്കുറിച്ചുള്ള ഒരു ധാരണ ലഭിക്കുന്നതാണ്. ആയിരത്തിത്തൊള്ളായിരത്തി അഞ്ചിൽ കുറിയേടത്തു താത്രി വിചാരണ ചെയ്യപ്പെട്ടപ്പോൾ ആനുകാലിക പത്രങ്ങൾ അവരെ 'വേശ്യയിലും അധഃപതിച്ചവളാ'യും 'കുലട' യായും ചിത്രീകരിച്ചു.[17] സ്മാർത്തൻ താത്രിയുടെ വാദങ്ങൾ കേട്ട് പൂർണ്ണമായും ശരിവെച്ച പശ്ചാത്തലത്തിലാണിതെന്നോർക്കണം. സ്ത്രീയുടെ മൊഴി സത്യമായി സ്വീകരിച്ച് ഭ്രഷ്ട് കല്പിക്കുന്ന രീതിയിൽ നിന്നു മാറി പുരുഷന് സ്വന്തം ഭാഗം സമർത്ഥിക്കാനായി ഒരു പുരുഷ വിചാരം താത്രിയുടെ വിചാരണയിൽ കൊച്ചിരാജാവ് അനുവദിക്കുകയുണ്ടായി. കൊളോണിയൽ നിയമസമ്പ്രദായങ്ങളുടെ സമ്മർദ്ദത്തിലായിരുന്നു ഇത്. അധിനിവേശത്തിനു മുൻപ് ഇവിടെ നിലനിന്ന പരമ്പരാഗത നിയമവ്യവസ്ഥകൾ അത്രമേൽ സ്ത്രീപക്ഷമൊന്നുമല്ലായിരുന്നെങ്കിലും അത് സ്ത്രീയുടെ മേൽ സദാചാരത്തിന്റെ മൂക്കുകയറിട്ടു വലിക്കുന്ന രീതിയിൽ വ്യത്യാസമുണ്ടായിരുന്നു. സ്ത്രീയെ സംബന്ധിച്ച് ഇന്ന് കേരളത്തിൽ നിലനിൽക്കുന്ന ലൈംഗിക സദാചാരത്തിന്റെ വളർച്ചയിൽ അധിനിവേശം ചെറുതല്ലാത്ത പങ്കുവഹിച്ചിട്ടുണ്ട്.

ആഗോളവൽക്കരണപ്രക്രിയയുടെ ചുവടുപിടിച്ച് കഴിഞ്ഞ കുറച്ചുകാലമായി വേശ്യാവൃത്തിയിൽ അകപ്പെട്ടുപോയവരെ ലൈംഗികത്തൊഴിലാളികൾ

എന്ന നാമത്തിൽ സംഘടിപ്പിക്കാനുള്ള ശ്രമങ്ങളുണ്ടായി. പുരുഷാധിപത്യ സമൂഹവും കമ്പോളവും കൂടി ലൈംഗികതയെ വിൽപ്പനച്ചരക്കാക്കിയ സന്ദർഭത്തിൽ ഈ ഹിംസാത്മകമായ പരിസരങ്ങളിൽ അകപ്പെട്ടുപോയവരുടെ ജീവിതാനുഭവങ്ങൾക്ക് തൊഴിലിന്റെ 'മാന്യത' വാഗ്ദാനം ചെയ്യാനുള്ള ശ്രമം അപലപനീയമാണ്. സംഘാടനവും ചെറുത്തുനിൽപ്പും അത്യാവശ്യം തന്നെയാണ്. മനുഷ്യാവകാശപ്രശ്നമെന്ന നിലയിലും സ്ത്രീകളെ വേശ്യാവൃത്തിയിലേക്ക് തള്ളിയിടുന്ന സാഹചര്യങ്ങൾക്കെതിരെയും. എന്നാൽ അദൃശ്യമാക്കപ്പെട്ടവൾക്ക് ദൃശ്യതയും നിശ്ശബ്ദരാക്കപ്പെട്ടവൾക്ക് ശബ്ദവും എന്ന ശ്രവ്യസുന്ദരവും വിപ്ലവാത്മകവുമായ മുദ്രാവാക്യങ്ങൾക്കു പിന്നിൽ വേശ്യകളാക്കപ്പെട്ടവരെ തൊഴിലിന്റെ മാന്യതയുടെ മറവിൽ അതേ പ്രവർത്തിയിൽത്തന്നെ തളച്ചിടാൻ ഉതകുന്നതായിപ്പോയി ആഗോള(സെക്സ്) ടൂറിസത്തെ സഹായിക്കാൻ പോന്ന ഇത്തരം നടപടികൾ. ലൈംഗികത്തൊഴിലാളി സംഘാടനത്തിന്റെ പരിസരങ്ങൾ പരിശോധിച്ചാൽ ഭരണകൂടത്തിന്റെ നിയമാവലികളും ( SITA PITA തുടങ്ങിയവ) പോലീസുമായിരുന്നു പ്രധാനശത്രുക്കൾ. പുരുഷാധിപത്യമോ ലൈംഗികത വിൽപനച്ചരക്കാവുന്ന സാഹചര്യങ്ങളോ ആയിരുന്നില്ല. ആഗോളതലത്തിൽ ഘടനാപരമായി വർദ്ധിച്ചു വരുന്ന സ്ത്രീശരീരങ്ങളുടെ കമ്പോളവത്ക്കരണത്തിനും പീഡനങ്ങൾക്കും എതിരെ അണിനിരക്കാൻ ഇത്തരം സംഘാടനങ്ങൾക്ക് പ്രാപ്തിയില്ലെന്നു മാത്രമല്ല വേശ്യാവൃത്തിയെ ഒരളവോളം കാല്പനികമായി ഉദാത്തവൽക്കരിക്കാനും ഇതിടയാക്കി എന്നു പറയാതെ വയ്യ.

പ്രത്യുത്പാദനത്തിന്റെ നിർബന്ധങ്ങളിൽ നിന്ന് രതിബന്ധങ്ങളെ മോചിപ്പിക്കാതെ ലൈംഗികതയുടെ നാനാർത്ഥങ്ങളെക്കുറിച്ച് സംസാരിക്കാനാവില്ല. അഭിനിവേശത്തിന്റെ കേന്ദ്രപാതം (sexual object) ഏതാണെന്നും, സ്ത്രീപുരുഷരതിയോ സ്വവർഗ്ഗരതിയോ ഓരോരുത്തർക്കും അഭികാമ്യമെന്നും രതിയിൽത്തന്നെയുള്ള വൈവിധ്യങ്ങളേതെന്നും തിരിച്ചറിയാനുള്ള ഇടം കണ്ടെത്തേണ്ടതാണ്. ഹിംസാത്മകവും അസമമായ അധികാരബന്ധങ്ങളിൽ അധിഷ്ഠിതവുമായ സ്ത്രീപുരുഷ ബന്ധങ്ങളെ സമൂലമായി പരിവർത്തിപ്പിക്കാനും ജനാധിപത്യവത്കരിക്കാനും അത്തരം തിരിച്ചറിവുകൾക്കാവും. സമൂഹത്തിൽ രൂഢമൂലമായ രതിഭീതിയെ (erotophobia) ചെറുക്കാനും ഇത്തരമൊരു ലൈംഗികതയുടെ രാഷ്ട്രീയം സഹായിക്കേണ്ടതാണ്.

ലൈംഗികത പുത്തൻ വെല്ലുവിളികൾ നേരിടുന്ന കാലത്താണ് നാം ജീവിക്കുന്നത്. സദാചാര വിലക്കുകളുടേയും ജാതി/മത/കുടുംബ/ഭരണകൂട വിലക്കുകളുടേയും ശ്വാസംമുട്ടിക്കലുകൾക്കിടയിൽ നിന്ന് ലൈംഗികതയെ മോചിപ്പിക്കേണ്ടതുണ്ട്. പ്രത്യേകിച്ചും ഭീഷണമായ പുതു വലതുപക്ഷത്തിന്റെ (New Right) അജണ്ടകളിൽ സനാതന കുടുംബമൂല്യങ്ങളുടെ വാഴ്ത്തിപ്പാടലും സ്വവർഗ്ഗരതി ഭീതിയും (Homophobia) സ്ഥാനം പിടിക്കമ്പോൾ.

*കാലടി ശ്രീ ശങ്കരാചാര്യ സർവ്വകലാശാലയിൽ അസോ.പ്രൊഫ.(ചരിത്രം) ആണ് ഷീബ.*

പദസൂചി

1. Sigmund Freud. 'Three Essays on the Theory of Sexuality' in James Strachey. ed.**The Standard Edition of the Complete Psychological Works of Sigmund Freud** ,vol.7.
2. Juliet Mitchell. **Psychoanalysis and Feminism**.
3. Carole S. Vance. 'Anthropology Rediscovers Sexuality: A Theoretical Comment' in Parker and Appleton P. ed. Culture, Society and Sexuality: A Reader.
4. Margaret Mead.).**Coming of Age in Samoa: A Study of Adolescence and Sex in Primitive Societies**.
5. See Shulamith Firestone.1974(1970). **The Dialectics of Sex**: **The Case for Feminist Revolution.** and Kate Millet. 2000 (1970).**Sexual Politics**.
6. Friederick Engels. **The Origin of the Family, Private Property and the State**
7. See Robert A.Nye. ed. **Sexuality**, Jeffrey Weeks. **Sex,Politics and Society: The Regulation of Sexuality since 1800 .** Jeffrey Weeks. **Sexuality.,** Stevi Jackson,et al. eds. 1986.**Feminism and Sexuality: A Reader**
8. Martin E. **The Women in the Body: A Cultural Analysis of Reproduction**.
9. Michel Foucault.1988.**History of Sexuality**(3 vols) (Trans.Robert Hurley).
10. Madhu Kishwar. 'Gandhi on Women'. EPW. Vol - XX No. 41, October 12, 1985
11. V.I.Lenin. 1985(1948).**On the Emancipation of Women**.
12. Uma Chakravarti.2006. 'Conceptualising Brahmanical Patriarchy in Early India: Gender, Caste, Class and State in Uma Chakravarti. **Everyday Lives, Everyday Histories: Beyond the Kings and Brahmanas of 'Ancient' India**
13. Uma Chakravarti.1995. 'Wifehood, Widowhood and Adultery: Female Sexuality, Surveillance and the State in 18th Century Maharashtra' ***Contributions to Indian Sociology*** .January. 29: 3-21,
14. K.Ramachandran.1971.**Early Manipravalam-A Study**.Thiruvanathapuram: Anjali.
15. C,Kesavan. **Jeevithasamaram**(Mal.)
16. Marumakkathayam Bills.1932.
17. Malayala Manorama daily 31 May and 07 June 1905.

*ഗ്രന്ഥസൂചി*


1. Chakravarti, Uma.2006.. **Everyday Lives, Everyday Histories: Beyond the Kings and Brahmanas of 'Ancient' India.**New Delhi: Tulika
2. Uma Chakravarti.1995. 'Wifehood, Widowhood and Adultery: Female Sexuality, Surveillance and the State in 18th Century Maharashtra' ***Contributions to Indian Sociology*** .January. 29: 3-21,
3. E. ,Martin, 1989. **The Women in the Body: A Cultural Analysis of Reproduction**. Milton Keynes: Open University Press
4. Engels, Friederick.1983(1884) **The Origin of the Family, Private Property and the State**.USA: Pathfinder Press
5. Firestone, Shulamith.1974(1970). **The Dialectics of Sex**: **The Case for Feminist Revolution.** New York: Morrow.
6. Foucault,Michel.1988.**History of Sexuality**(3 vols)(Trans.Robert Hurley).New York:Vintage
7. Jackson, Stevi,et al. eds. 1986.**Feminism and Sexuality: A Reader.** New York :Colombia University Press
8. Kesavan,C.1994.(1964) **Jeevithasamaram**(Mal.)Thiruvananthapuram:Prabhath
9. Kishwar, Madhu. 'Gandhi on Women'. EPW. Vol - XX No. 41, October 12, 1985
10. Lenin,V.I..1985(1948).**On the Emancipation of Women**. Moscow: Progress
11. Mead, Margaret. 1977(1923).**Coming of Age in Samoa: A Study of Adolescence and Sex in Primitive Societies**. New York: Morrow.
12. Millet, Kate. 2000 (1970).**Sexual Politics**.Illinois: University of Illinois Press.
13. Nye, Robert A.1999.ed.**Sexuality**.London: OUP
14. Ramachandran,K..1971.**Early Manipravalam-A Study**.Thiruvanathapuram: Anjali.
15. Strachey James, ed. 1953-74.**The Standard Edition of the Complete Psychological Works of Sigmund Freud** ,vol.7..London. Hogarth Press and the Institute of Psychoanalysis
16. Vance, Carol. 1999. 'Anthropology Rediscovers Sexuality: A Theoretical Comment' in Parker and Appleton P. ed. **Culture, Society and Sexuality: A Reader.** UK: UGL Press.39-54
17. Weeks, Jeffrey.1986. **Sexuality**. Tavistock: Ellis Horwood.
18. Weeks, Jeffrey.1989. **Sex, Politics and Society: The Regulation of Sexuality since 1800.**New York:Longman
19. Marumakkathayam Bills.1932.Madras Archives



ബീന

ഒരു ദശാബ്ദം മുമ്പ് ഒരു സംഘം സാമൂഹ്യ പ്രവർത്തകരുടെ മുൻകൈയ്യിൽ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട വ്യത്യസ്ത സാമൂഹിക സാമ്പത്തിക തൊഴിൽ മേഖലയിൽ നിന്നുള്ള സ്വവർഗ്ഗ പ്രണയിനിയികളായ സ്ത്രീകളുടേയും പങ്കാളികളുടേയും വർദ്ധിച്ചു വരുന്ന ആത്മഹത്യകളെക്കുറിച്ച് നടത്തിയ വസ്തുതാ പഠനത്തിന്റേയും ഈ മേഖലയിലെ ഇതര ചെറു ഗവേഷണങ്ങളുടേയും ഭാഗമായാണ് സഹയാത്രിക എന്ന സംഘടനയുടെ ആശയം ഉടലെടുത്തത്. ഇത്തരം വിഭാഗത്തിൽപ്പെടുന്ന സ്ത്രീകൾ ദൈനം ദിന ജീവിതത്തിലും പൊതുഇടങ്ങളിലും സ്വകാര്യ ഇടങ്ങളിലും നേരിടുന്ന പ്രത്യക്ഷവും പരോക്ഷവും സൂക്ഷ്മവും തീവ്രവുമായ മനുഷ്യാവകാശ ലംഘനങ്ങളെ തിരിച്ചറിയുകയും അതിനെ അഭിസംബോധന ചെയ്യുകയും ചെയ്യുന്ന ഒരു സ്വതന്ത്ര കൂട്ടായ്മയാണ് സഹയാത്രിക.

ലിംഗനീതിയിൽ അധിഷ്ഠിതമായ സാമൂഹ്യ ജീവിതത്തെ അംഗീകരിക്കാൻ വൈമനസ്യം കാണിക്കുന്ന തികഞ്ഞ പരമ്പരാഗത ശീലങ്ങളുള്ള സമൂഹത്തിലാണ് നാം ജീവിക്കുന്നത്. ലിംഗനീതിക്കുവേണ്ടിയുള്ള മൂന്നു ദശാബ്ദക്കാലത്തെ നിരന്തരവും സമരോത്സുകവുമായ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ചരിത്രം ഉണ്ടായിട്ടുകൂടി കേരളത്തിൽ ലിംഗപദവി അവകാശങ്ങളുമായി ബന്ധപ്പെട്ട് ഉപരിപ്ളവമായ ധാരണകളേ നിലനിൽക്കുന്നുള്ളൂ എന്നു കാണാൻ കഴിയും. അതുകൊണ്ടു തന്നെ കൂടുതൽ സമഗ്രവുമാഴത്തിലുള്ളതും വ്യത്യസ്തവുമായ ലിംഗ പദവി സ്വത്വങ്ങളെ ഉൾക്കൊള്ളാനുള്ളതുമായ ഒരു സമീപനം ആവശ്യമാണ്. വിശേഷിച്ചും വ്യത്യസ്ത ലിംഗ പദവി സ്വത്വങ്ങൾ നേരിടുന്നസങ്കീർണ്ണവും വ്യക്തി പരവുമായ പ്രശ്നങ്ങളെ സവിശേഷമായി സമീപിക്കേണ്ടതുണ്ട്. ബഹുവിധവും സമഗ്രവുമായ വ്യത്യസ്ത തലങ്ങളിലുള്ള രാഷ്ട്രീയമായ ഇടപെടൽ കേരളം പോലെയുള്ള ഒരു ബഹുസ്വര സംസ്ഥാനത്ത് വളരെ നിർണ്ണായകമാണ്. സ്വതന്ത്ര സംഘടന എന്ന നിലയിൽ സഹയാത്രിക സ്ത്രീകളുടെ നാനാത്വ ജീവിതങ്ങളേയും വ്യത്യസ്ത ലിംഗ സ്വത്വ

# സഹയാത്രിക :

## വിമത ലൈംഗികാധികാരങ്ങൾക്കുള്ള കൂട്ടായ്മ



വസ്തുതകളേയും ലൈംഗികതകളേയും കുറിച്ച് നമ്മുടെ സവിശേഷ സാമൂഹ്യ സാഹചര്യങ്ങളെ ചേർത്തു വച്ചു പഠിക്കുകയും മറ്റെല്ലാതരം മനുഷ്യരുടേയും അവകാശങ്ങളെ മാനിക്കുകയും നിരന്തരവും ചലനാത്മകവുമായ ഇടപെടലുകൾ ഈ വ്യത്യസ്ത ലൈംഗിക സ്വത്വങ്ങളുടെ മേഖലയിൽ നടത്തി വരികയും ചെയ്യുന്നു.

**പ്രവർത്തനങ്ങൾ**

തുടക്കത്തിൽ സഹയാത്രിക സ്ത്രീകളുടെ മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു എങ്കിലും പിന്നീട് ഇതര ലിംഗ ലൈംഗിക വ്യത്യസ്തതക ളെക്കുറിച്ച് ചർച്ച ചെയ്യാനുള്ള ഒരു വേദിയായി മാറിക്കൊണ്ട് പ്രവർത്തന മേഖല കൂടുതൽ വിപുലമാക്കിക്കൊണ്ടിരിക്കുകയാണ്. നിരന്തരമായ പ്രവർത്തന ങ്ങളുടേയും ഇടപെടലുകളു ടേയും ഭാഗമായി വിമത ലൈംഗികത എന്നത് സമൂ ഹത്തിൽ സർവ്വസാധാര ണമായിക്കാണുന്ന ഭിന്ന ലൈംഗികത പോലെത്തന്നെ സ്വാഭാവികമാണ് എന്ന ഒരു അവബോധം ഒരു പരിധി വരെ സൃഷ്ടിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ലൈംഗികത എന്നത് ഒരാളുടെ സ്വകാര്യമായ തിരഞ്ഞെടുപ്പാണ് എന്നും അതു പ്രാഥമിക അവകാശ ത്തിൽപ്പെട്ടതാണെന്നും സഹയാത്രിക വിശ്വസിക്കുന്നു. സ്വജീവിതം കൊണ്ട് ലിംഗാവസ്ഥകളേയും ലൈംഗികാവസ്ഥകളേയും കുറിച്ചുള്ള പരമ്പരാഗത ധാരണകളെ ചോദ്യം ചെയ്യുന്ന സ്ത്രീകളോടൊപ്പം ഞങ്ങൾ അണിചേരുന്നു. അവരെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് എത്തിക്കാനുള്ള പല വിധ പ്രവർത്തനങ്ങൾ നടത്തുന്നു. ഇന്ന് കേരളത്തിൽ നിലവിലുള്ള വ്യവസ്ഥാപിതമായ ലൈംഗികതയിൽ നിന്നു വ്യത്യസ്തമായി ജീവിക്കാനാഗ്രഹിക്കുന്ന/ ജീവിക്കുന്ന സ്വവർഗ്ഗപ്രണയിനികൾക്കിടയിലും ഉഭയലൈംഗികത ഇഷ്ടപ്പെടുന്ന സ്ത്രീകൾക്കിടയിലും മറ്റ് ലിംഗപദവികളിൽ ജീവിക്കുന്ന സ്ത്രീകൾക്കിടയിലും പ്രവർത്തിക്കുക, അവർക്ക് സാമൂഹ്യനീതിയും അന്തസ്സുള്ള സാമൂഹികജീവിതവും ഉറപ്പാക്കുന്നതിനായുള്ള പ്രവർത്ത നങ്ങൾ ഏകോപിപ്പിക്കുക, മേ ൽപ്പറഞ്ഞ ഗുണഭോ ക്താക്കൾക്കായി ഹെൽപ്പ്ലൈൻ സേവനങ്ങൾ, കൗൺസലിംഗ് സേവനങ്ങൾ, നിയമ സഹാ യങ്ങൾ മറ്റു പ്രതിസന്ധി ഘട്ടങ്ങളിലുള്ള അത്യാവശ്യ ഇടപെടലുകൾ എന്നിവ ആസൂത്രണം ചെയ്തു നടപ്പിലാക്കുക എന്നിവയൊക്കെ യാണ് പ്രവർത്തനങ്ങൾ. ഇതുകൂടാതെ ആരോഗ്യ പരിരക്ഷ പദ്ധതികൾ, തൊഴിൽപരിശീലനങ്ങൾ, തുടർ വിദ്യാഭ്യാസ സഹായങ്ങൾ എന്നിവ ആവിഷ്കരിച്ചു നടപ്പിലാക്കുക എന്നിവയാണ് സഹയാത്രികയുടെ ആത്യന്തികമായ ലക്ഷ്യങ്ങൾ.

അതുപോലെത്തന്നെ പൊതു സമൂഹവുമായി നിരന്തരം സംവാദത്തിൽ ഏർപ്പെടുകയും ഈ മേഖലയിൽ സൈദ്ധാന്തികമായ പഠനങ്ങൾക്കും വിജ്ഞാന ഉൽപ്പാദന പ്രവർത്തനങ്ങൾക്കും മുൻകൈ എടുക്കുകയും അക്കാദമിക സമൂഹവുമായി നിരന്തരമായ ഇടപെടൽ നടത്തുകയും ചെയ്യുക. കമ്മ്യൂണിറ്റിക്കിടയിലും, യുവജനങ്ങൾ, സാമൂഹ്യ

സ്വജീവിതം കൊണ്ട് ലിംഗാവസ്ഥകളേയും ലൈംഗികാവസ്ഥകളേയും കുറിച്ചുള്ള പരമ്പരാഗതധാരണകളെ ചോദ്യം ചെയ്യുന്ന സ്ത്രീകളോടൊപ്പം ഞങ്ങൾ അണിചേരുന്നു. അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാനുള്ള പലവിധ പ്രവർത്തനങ്ങൾ നടത്തുന്നു.



പ്രവർത്തകർ, നീതിന്യായ വകുപ്പുകളിൽ പ്രവർത്തിക്കുന്നവർ, പൊതുജനങ്ങൾ എന്നിവർക്കിടയിലും ചർച്ചകൾ, സംവാദങ്ങൾ, ശില്പ്പശാലകൾ, എക്സിബിഷനുകൾ, ചലച്ചിത്ര പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുകയും കേരളത്തിനകത്തും പുറത്തുമുള്ള സമാന വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സംഘടനകളോട് ചേർന്നു പ്രവർത്തിക്കുകയും അവരുടെ സേവനങ്ങൾ നമ്മോടോപ്പമുള്ള എല്ലാ ഗുണഭോക്താക്കൾക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക, സ്വവർഗ്ഗ പ്രണയിനികൾ, ഉഭയലൈംഗികത ഇഷ്ടപ്പെടുന്നവർ, മറ്റ് ലിംഗ പദവി



കളിൽ ജീവിക്കുന്ന സ്ത്രീകൾ എന്നിവർക്ക് അവരുടെ ലൈംഗിക സ്വത്വം നിലനിർത്തിക്കൊണ്ടു തന്നെ സമൂഹത്തിൽ അന്തസ്സുള്ള ജീവിതം ഉറപ്പാക്കുന്നതിനാവശ്യമായ നിയമനിർമ്മാണങ്ങൾക്കും, സാമൂഹിക പരിഷ്ക്കരണങ്ങൾക്കുമായി ഗവണ്മെന്റ് / ഗവണ്മെന്റിതര സംഘടനകളുമായി ഒന്നിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നു. സമൂഹത്തിലെ ഇതര പ്രാന്തവൽകൃത വിഭാഗങ്ങളുമായി (ദളിത്,ആദിവാസി, സ്ത്രീ മത്സ്യതൊഴിലാളി, ദളിത് സ്ത്രീ പ്രസ്ഥാനങ്ങൾ) രാഷ്ട്രീയമായി അണിചേരുകയും വിശാലമായ രാഷ്ട്രീയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുകയും ചെയ്യുക എന്നിവയും സഹയാത്രികയുടെ പ്രധാന പ്രവർത്തനങ്ങൾ ആണ്.

**നിലപാടുകൾ**

സ്വവർഗ്ഗരതി ക്രിമിനൽ കുറ്റമാണെന്ന 2013 ഡിസംബർ 11ലെ സുപ്രീംകോടതി വിധിയിൽ തങ്ങൾക്കുണ്ടായ ആകസ്മികാഘാതം കേരളത്തിലെ വിവിധ സിവിൽസമൂഹ പ്രസ്ഥാനങ്ങളും ലൈംഗികത പ്രസ്ഥാനങ്ങളും മാധ്യമ സ്ഥാപനങ്ങളും മനുഷ്യാവകാശ സംഘടനകളും ജനകീയസമര കൂട്ടായ്മകളും സാഹിത്യസാംസ്കാരിക വ്യക്തിത്വങ്ങളും രേഖപ്പെടുത്തുകയുണ്ടായി. കോടതിവിധി ബുദ്ധിശൂന്യവും ഇന്ത്യയിലെ ലൈംഗിക ന്യൂനപക്ഷവിഭാഗങ്ങളോട് സഹിഷ്ണുതയോ സ്വീകാര്യതയോ പുലർത്താത്തതും ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന ജനാധിപത്യ മനുഷ്യാവകാശ തത്വങ്ങളെ ഉല്ലംഘിക്കുന്നതുമാണെന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു.

സ്വവർഗ്ഗ ലൈംഗികത ഉൾപ്പെടെയുള്ള ലൈംഗികചര്യകൾ പ്രകൃതിവിരുദ്ധമാണെന്ന് മുദ്രകുത്തി ക്രിമിനൽകുറ്റമാക്കുന്ന ഐ.പി.സി സെക്ഷന് 377 എന്ന നിർദ്ദയ നിയമം 1861ൽ ബ്രിട്ടീഷുകാരാൽ ആദ്യം നടപ്പിലാക്കുന്ന രാജ്യമാണ് ഇന്ത്യ. ഉഭയസമ്മത പ്രകാരമുള്ള പ്രായപൂർത്തിയായവരുടെ ലൈംഗികാവകാശങ്ങളെ നിഷേധിക്കുകയും സ്വവർഗ്ഗ ലൈംഗികത കുറ്റകരമാക്കുകയും ചെയ്തുകൊണ്ട് പരമാവധി ജീവപര്യന്തം ശിക്ഷ നല്കുക എന്നതായിരുന്നു കൊളോണിയൽ ശക്തികൾ ഈ നിയമത്തിലൂടെ ഉദ്ദേശിച്ചത്. പ്രായപൂർത്തിയായവർക്ക് ഉഭയസമ്മത പ്രകാരം ലൈംഗിക ബന്ധത്തിൽ ഏർപ്പെടാനുള്ള അവകാശത്തെ മാനിച്ചുകൊണ്ട് ഐ.പി.സി സെക്ഷൻ 377 ഭരണഘടനാ വിരുദ്ധമാണെന്ന്

ഉഭയസമ്മത പ്രകാരമുള്ള പ്രായ പൂർത്തിയായവരുടെ ലൈംഗികാവകാശങ്ങളെ നിഷേധിക്കുകയും സ്വവർഗ്ഗ ലൈംഗികത കുറ്റകരമാക്കുകയും ചെയ്തുകൊണ്ട് പരമാവധി ജീവപര്യന്തം ശിക്ഷ നല്കുക എന്നതായിരുന്നു കൊളോണിയൽ ശക്തികൾ ഈ നിയമത്തിലൂടെ ഉദ്ദേശിച്ചത്.

2009 ജൂലായ് 2ന് ദില്ലി ഹൈക്കോടതി വിധിച്ചു. എന്നാൽ അത് റദ്ദുചെയ്തുകൊണ്ട് അടുത്തിടെ വന്ന സുപ്രീംകോടതി വിധി, സ്വവർഗ്ഗരതിക്ക് നിയമപരിരക്ഷ നൽകുന്നതിനായി ലോകമെമ്പാടും നടക്കുന്ന ശ്രമങ്ങളെ അവഗണിച്ചുകൊണ്ട് ചരിത്രഗതിയെ കീഴ്മേൽ മറിച്ചിരിക്കുകയാണ്.

സ്വവർഗ്ഗാനുരാഗികളുടെയും ട്രാൻസ്ജണ്ടേഴ്സിന്റെയും ബൈസെക്ഷ്വൽസിന്റെയും

മനുഷ്യാവകാശങ്ങളെ ഐ.പി.സി സെക്ഷൻ 377ന്റെ പിൻബലത്താൽ ഇന്ത്യൻ പോലീസ് സംവിധാനം നാളുകളായി കവർന്നെടുത്തുകൊണ്ടിരിക്കുന്നു. മാത്രമല്ല, പ്രകൃതിവിരുദ്ധം എന്ന സദാചാരപരമായ പദപ്രയോഗത്തിലൂടെ എതിർവർഗ്ഗ ലൈംഗികരുടെ ലൈംഗികാവകാശങ്ങൾ പോലും ഹനിക്കപ്പെടുന്ന സാഹചര്യവും നിലനിൽക്കുന്നുണ്ട്. ഭൂരിപക്ഷ സമൂഹത്തിന്റെ സദാചാര പ്രമാണങ്ങളെ ന്യൂനപക്ഷ ജനതതിക്ക് മേൽ അടി




ച്ചേൽപ്പിക്കാനുള്ള ശ്രമം ശരിയല്ലെന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. സമ്പന്നമായ സാംസ്കാരിക വൈവിധ്യം നിലനില്ക്കുന്ന ഇന്ത്യയിൽ, ക്ഷേത്രങ്ങളിലും വാസ്തുവിദ്യയിലും ശില്പ ചിത്രകലകളിലും സാഹിത്യത്തിലും സിനിമയിലുമെല്ലാം പ്രാചീനകാലം മുതൽ ലൈംഗിക ന്യൂനപക്ഷങ്ങൾക്ക് ഔന്നത്യം ലഭിച്ചിരുന്നതായി കാണാൻ കഴിയും. വിവാഹത്തിന്റെ ഭാഗമായി നടക്കുന്ന സമൂഹ കൂട്ടായ്മകളിൽ പങ്കെടുക്കുന്ന സ്വവർഗ്ഗേതര ലൈംഗിക വിഭാഗങ്ങളിലുള്ളവർ ട്രാൻസ്ജണ്ടേഴ്സിന്റെ പക്കൽ നിന്നും അനുഗ്രഹം വാങ്ങുന്ന ചടങ്ങുകൾ പോലും ഇന്ത്യയിൽ നിലനിൽക്കുന്നുണ്ട്.

വർഗ്ഗീയമായ സദാചാരബോധത്തിൽ ഊന്നുന്ന സുപ്രീംകോടതി വിധി ഇന്ത്യയുടെ സംസ്കാരത്തെക്കുറിച്ച് അഗാധമായ അജ്ഞത പുലർത്തുന്നതും ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന മൗലീകാവകാശങ്ങളായ ആർട്ടിക്കിൾ 21,14,15 (ജീവിക്കാനുള്ള അവകാശം, വ്യക്തിസ്വാതന്ത്ര്യത്തിനുള്ള അവകാശം, നിയമതുല്യതക്കും വിവേചനത്തെ തടയുന്നതിനുമുള്ള അവകാശം) എന്നിവയെ നഗ്നമായി ലംഘിക്കുന്നതുമാണ്. വർഗ്ഗീയതയും ആഗോളീകരണവും വഴി വ്യക്തിസ്വാതന്ത്ര്യത്തിനുള്ള അവകാശം നിരവധി ഭീഷണികൾ നേരിട്ടുകൊണ്ടിരിക്കുന്ന സമകാലിക ഇന്ത്യൻ സാഹചര്യത്തെ, വ്യക്തികളുടെ സ്വകാര്യതയിലേക്ക് കൈകടത്താൻ അനുവാദം നല്കുന്ന ഈ സുപ്രീംകോടതി വിധി കൂടുതൽ കലുഷിതമാക്കിയിരിക്കുന്നു. ഈ വിധി, സ്വവർഗ്ഗാനുരാഗികൾക്കും ട്രാൻസ്ജണ്ടേഴ്സിനും ബൈസെക്ഷ്വൽസിനും നേർക്കുള്ള പോലീസ് സംവിധാനത്തിന്റെ അധികാര ദുർവിനിയോഗത്തെ ശക്തിപ്പെടുത്തുമെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. മാത്രമല്ല, എതിർവർഗ്ഗ ലൈംഗികതയെ അടിസ്ഥാനമാക്കിയ നിലവിലെ വിവാഹങ്ങൾക്ക് നിർബന്ധിക്കുന്നതിലൂടെ സൃഷ്ടിക്കപ്പെടുന്ന ഇരട്ടത്താപ്പിനെ അതിജീവിക്കാനാകാതെ സ്വവർഗ്ഗാനുരാഗികൾ ആത്മഹത്യയിലേക്കും മാനസിക വിഭ്രാന്തിയിലേക്കും വഴുതിവീഴുന്നതിന് സാഹചര്യമൊരുങ്ങുമെന്നും ഞങ്ങൾ കരുതുന്നു.

## വർഗ്ഗീയതയും ആഗോളീകരണവും വഴി വ്യക്തിസ്വാതന്ത്ര്യത്തിനുള്ള അവകാശം നിരവധി ഭീഷണികൾ നേരിട്ടുകൊണ്ടിരിക്കുന്ന സമകാലിക ഇന്ത്യൻ സാഹചര്യത്തെ, വ്യക്തികളുടെ സ്വകാര്യതയിലേക്ക് കൈകടത്താൻ അനുവാദം നല്കുന്ന ഈ സുപ്രീംകോടതി വിധി കൂടുതൽ കലുഷിതമാക്കിയിരിക്കുന്നു.

സ്വവർഗ്ഗ ലൈംഗികത അസാന്മാർഗ്ഗികമോ പ്രകൃതിവിരുദ്ധമോ ആണെന്ന് ഞങ്ങൾ വിശ്വസിക്കുന്നില്ല. അത് ഒരു പാപമോ വിലക്ഷണമോ അല്ല. ഗുരുതരമായ മനുഷ്യാവകാശ ലംഘനങ്ങൾക്ക് കാരണഹേതുവാകുന്ന ബഹുഭൂരിപക്ഷത്തിന്റെ സദാചാര സംഹിതകളുടെ അടിച്ചേൽപ്പിക്കലാണ് അസാന്മാർഗ്ഗികവും അധാർമ്മികവും

വിലക്ഷണവും പ്രകൃതിവിരുദ്ധവുമായി ഞങ്ങൾ കരുതുന്നത്. അതിനാൽ, നീതിയിലും സമാധാനത്തിലും സ്വാതന്ത്ര്യത്തിലും ജനാധിപത്യത്തിലും മൈത്രിയിലും സ്നേഹത്തിലും ബഹുസ്വരതയിലും വിശ്വസിക്കുന്ന എല്ലാവരോടും ഈ അനീതിക്കെതിരെ ശബ്ദി ക്കാൻ ഞങ്ങൾ ആവശ്യപ്പെടുന്നു. ഭരണകൂടവും ചില മതമൗലികവാദ സംഘടനകളും ഏതാനും പിന്തിരിപ്പൻ രാഷ്ട്രീയക്കാരും ഒത്തുചേർന്ന് ലക്ഷക്കണക്കിനാളുകളുടെ ലൈംഗീകാവകാശങ്ങളെ നിഷേധിക്കാൻ ശ്രമം നടത്തുന്ന ഈ നിർണ്ണായക സന്ദർഭത്തിൽ തന്നെ സ്വവർഗ്ഗാനുരാഗികൾക്കും ട്രാൻസ്ജണ്ടേഴ്സിനും ബൈസെ ക്ഷ്വൽസിനും പരമാവധി പിന്തു ണ നൽകാൻ ഞങ്ങൾ അ ഭ്യർത്ഥിക്കുകയാണ്.

വ്യത്യസ്ത ലൈംഗിക ആഭിമുഖ്യങ്ങളെക്കുറിച്ചും, സ്ത്രീലൈംഗികതയെക്കുറിച്ചും ലിംഗപദവികളെക്കുറിച്ചും സ് ത്രീകൾക്കിടയിൽ നിലനിൽക്കുന്ന ഇത്തരത്തിലുള്ള ആശയങ്ങളും ആശങ്കകളും പരസ്പരം പങ്കുവയ്ക്കുന്നതിനും അത്യാവശ്യ ഘട്ടങ്ങളിൽ കൗൺസലിംഗ്, നിയമ സഹാ യങ്ങൾക്കുമായി സഹയാത്രികയുടെ ഹെൽപ്പ് ലൈനും രാവിലെ 9 മുതൽ വൈകീട്ട് 7 വരെ പ്രവർത്തിക്കുന്നുണ്ട്. ബന്ധപ്പെടേണ്ട നമ്പർ : 9544955866.

ദീപ വാസുദേവൻ, രേഖാ രാജ്, രേഷ്മാ ഭരദ്വാജ്, രേഷ്മ രാധാകൃഷ്ണൻ, ഡോ. എ കെ ജയശ്രീ, ബീന, ഷീല, ശരത് ചേ ലൂർ എന്നിവരാണ് സഹയാത്രികയുടെ പ്രധാന പ്രവർത്തകർ.

**ലൈംഗിക സ്വാഭിമാന ഘോഷയാത്ര**

ലൈംഗിക വൈവിധ്യങ്ങളേയും വ്യത്യസ്തതകളേയും പിന്തുണക്കുന്ന രാഷ്ട്രീയം

ഭരണകൂടവും ചില മതമൗലികവാദ സംഘടനകളും ഏതാനും പിന്തിരിപ്പൻ രാഷ്ട്രീയക്കാരും ഒത്തു ചേർന്ന് ലക്ഷക്കണക്കിനാളുകളുടെ ലൈംഗീകാവകാശങ്ങളെ നിഷേധിക്കാൻ ശ്രമം നടത്തുന്ന ഈ നിർണ്ണായക സന്ദർഭത്തിൽ തന്നെ സ്വവർഗ്ഗാനുരാഗികൾക്കും ട്രാൻസ്ജണ്ടേഴ്സിനും ബൈസെക്ഷ്വൽസിനും പരമാവധി പിന്തുണ നൽകാൻ ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്.




വിളിച്ചോതി അഞ്ചാമത് ലൈംഗിക സ്വാഭിമാന ഘോഷയാത്ര 26 ജൂലൈ 2014ന് കൊച്ചിയിൽ നടന്നു. ക്വിയർ പ്രൈഡ് കേരളത്തിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ സംഘടിപ്പിച്ച ലൈംഗിക സ്വാഭിമാന ഘോഷയാത്രയിലും പൊതുസമ്മേളനത്തിലും കലാ സായാഹ്നത്തിലും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ 500 ലധികം ആളുകൾ പങ്കെടുത്തു. 'എന്റെ ലൈംഗികത എന്റെ അവകാശം', 'ഐ പി സി 377 പിൻവലിക്കുക' എന്നീ മുദ്രാവാക്യങ്ങളുമായി ലൈംഗിക ന്യൂനപക്ഷ സമുദായാംഗങ്ങളും അവരെ പിന്തുണക്കുന്നവരും ഒന്നിച്ചണിനിരന്നപ്പോൾ അക്ഷ രാർത്ഥത്തിൽ അഞ്ചാമത് ലൈംഗിക സ്വാഭിമാന ഘോഷയാത്ര ഈയിടെ സുപ്രീം കോടതി പുന:സ്ഥാപിച്ച കൊളോ ണിയൽ നിയമം ഐ പി സി 377 നെതിരായുള്ള അതിശക്തമായ പ്രതിഷേധമായി. പ്രശസ്ത അവതാരകയും ചലച്ചിത്ര താരവു മായ രഞ്ജിനി ഹരിദാസ് അഞ്ചാമത് ക്വിയർ പ്രൈഡ് റാലി ഫ്ളാഗ് ഓഫ് ചെയ്തു സംസാരിച്ചു. ചടങ്ങിന് ദളിത് ആക്റ്റിവിസ്റ്റും സാമൂഹ്യ പ്രവർത്തകയുമായ രേഖാ രാജ് സ്വാഗതം ആശംസിച്ചു. തുടർന്ന് വാദ്യഘോഷങ്ങളുടേയും മുദ്രാവാക്യങ്ങളുടേയും അകമ്പടിയോടെ അഞ്ചാമത് ലൈംഗിക സ്വാഭിമാന ഘോഷയാത്ര ആരംഭിച്ചു. കേരള ഹൈക്കോടതിയുടെ മു ന്നിൽ നിന്നും മേനക ജംഗ്ഷൻ വഴി 5 മണിയോടെ രാജേന്ദ്ര മൈതാനം പരിസരത്തെത്തിയ റാലി മഹാരാജാസ് കോളേജിൽ സമാപിച്ചു.

ലൈംഗിക ന്യൂനപക്ഷ സമുദായാംഗങ്ങളും അവരുടെ സംഘടനകളും കേരളത്തിനകത്തു നിന്നും പുറത്തുനിന്നുമുള്ള ഏകദേശം 30 ലധികം കലാ സാംസ്കാരിക

സാമൂഹിക മനുഷ്യാവകാശ പാരിസ്ഥിതിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന സംഘടനകളും 15ൽ പരം കോളേജുകളിൽ നിന്നെത്തിയ വിദ്യാർത്ഥികളും പൊതുജനങ്ങളും പോലീസും മാധ്യമ സുഹൃത്തുക്കളും മറ്റ് രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവരും മുഖത്ത് ചായം തേച്ചും സുഹൃത്തുക്കളുമായി ആഹ്ളാദം പങ്കുവച്ചും നൃത്തം ചെയ്തും ഒത്തുചേർന്നപ്പോൾ കൊച്ചി മറ്റൊരു ജനകീയ മുന്നേറ്റത്തിനു സാക്ഷിയായി. മഴവിൽക്കൊടികളും വർണ്ണ ബലൂണുകളും ബാന്റ് മേളവും ഘോഷയാത്രക്ക് ഉത്സവച്ഛായ പകർന്നു. സൈക്കിളുകളുമായും ഹാർലി ഡേവിഡ്സൺ ബൈക്കുകളുമായും ഒരുപറ്റം യുവതീ യുവാക്കൾ ഘോഷയാത്രയെ അനുഗമിച്ചു. പ്രശസ്ത അവതാരകയും ചലച്ചിത്ര താരവുമായ രഞ്ജിനി ഹരിദാസിന്റേയും ചലച്ചിത്ര താരവും മനുഷ്യാവകാശ പ്രവർത്തകയുമായ കൽക്കി സുബ്രഹ്മണ്യത്തിന്റെയും പ്രശസ്ത ഗസൽ ഗായകൻ ഷഹബാസ് അമന്റേയും സാന്നിദ്ധ്യവും സഹകരണവും ഘോഷയാത്രക്കും തുടർന്നു നടന്ന പൊതുസമ്മേളനത്തിനും താരപ്പൊലിമ നല്കി.

ഘോഷയാത്രക്കുശേഷം മഹാരാജാസ് കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ സെക്ഷ്വാലിറ്റി മൈനോരിറ്റി ഫോറം കേരള സെക്രട്ടറി ശ്യാം സ്വാഗതം ആശംസിച്ചു, പ്രശസ്ത എഴുത്തുകാരിയും ക്വിയർ പ്രൈഡ് മാർച്ച് സംഘാടകയും കൂടിയായ രേഖാരാജ് ആമുഖ പ്രസംഗം നടത്തി. പ്രശസ്ത സാമൂഹ്യ പ്രവർത്തകനായ സിവിക് ചന്ദ്രൻ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. ചലച്ചിത്ര താരവും മനുഷ്യാവകാശ പ്രവർത്തകയുമായ കൽക്കി സുബ്രഹ്മണ്യം അഞ്ചാമത് ലൈംഗിക സ്വാഭിമാന ഘോഷയാത്ര ഉദ്ഘാടനം




ചെയ്തു സംസാരിച്ചു. തുടർന്ന് ആൾട്ടർനേറ്റ് ലോ ഫോറത്തിൽ (ബാംഗ്ലൂർ) നിന്നെത്തിയ അരവിന്ദ് നരേൻ 'കേരളത്തിലെ സമകാലീന സാഹചര്യത്തിൽ ലൈംഗിക ന്യൂനപക്ഷങ്ങളുടെ നിയമപരവും സാമൂഹ്യവുമായ അവസ്ഥ' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. ഇംഗ്ളീഷിൽ നടത്തിയ പ്രസ്തുത പ്രഭാഷണം സിനിമാ പ്രവർത്തകനായ ലൂയി മാത്യൂ മലയാളത്തിൽ വേദിയിൽ അവതരിപ്പിച്ചു. ലൈംഗിക ന്യൂനപക്ഷ സമുദായങ്ങളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിയമസഭാ സാമാജികർക്ക് സമർപ്പിക്കുന്നതിനായി ക്വിയർ പ്രൈഡ് കേരളം പ്രവർത്തകർ മുന്നോട്ടു വച്ച നിവേദന പത്രിക സഹയാത്രികയുടെ കോ-ഓഡിനേറ്റർ ബീന അനീഷ് വേദിയിൽ അവതരിപ്പിച്ചു. നിവേദന പത്രികയിൽ പൊതുസമ്മേളനത്തിനെത്തിയ നൂറുകണക്കിനാളുകൾ ഒപ്പുവച്ചു. നവാസ് (പ്രൊജക്ട് മാനേജർ, പെഹ്ച്ചാൻ), സി.ആർ. നീലകണ്ഠൻ (സാമൂഹ്യ പ്രവർത്തകൻ), പി. ഗീത (എഴുത്തുകാരി), ദിലീപ് രാജ് (അദ്ധ്യാപകൻ), സണ്ണി എം. കപിക്കാട് (സാമൂഹ്യ പ്രവർത്തകൻ) എന്നിവർ ഘോഷയാത്രക്ക് ആശംസകളർപ്പിച്ചു സംസാരിച്ചു. ക്വിയർ പ്രൈഡ് മാർച്ച് 2014 ന്റെ സംഘാടകനായ ഡോ. ജിജോ ചടങ്ങിനു നന്ദി പറഞ്ഞു. തുടർന്ന് റാലിയിൽ പങ്കെടുത്തവരും സുഹൃത്തുക്കളും വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. പാട്ടും നൃത്തവുമായി ഏകദേശം ഒരു മണിക്കൂറിലധികം നാം ആഘോഷിച്ചു. 8 മണിയോടെ അഞ്ചാമത് ലൈംഗിക സ്വാഭിമാന ഘോഷയുമായി ബന്ധപ്പെട്ട പരിപാടികൾ സമാപിച്ചു.

സഹയാത്രിക, ക്വിയർ അല, സെക്ഷ്വാലിറ്റി മൈനോരിറ്റി ഫോറം കേരളം, പെഹ്ച്ചാൻ, വിബ്ജിയോർ ചലച്ചിത്ര കൂട്ടായ്മ, സ്ത്രീകൂട്ടായ്മ, ഡെമോക്രാറ്റിക്ക് ഫ്രണ്ടിയർ, എഗൈൻസ്റ്റ് ഇഗ്നൊറൻസ്, നവചിത്ര ഫിലിം സൊസൈറ്റി, ചില്ല, ഫ്രീഡം റൈഡേഴ്സ്, ഇൻഡസ് സൈക്ക്ളിങ്ങ് ഗ്രൂപ്പ്, ഗാന്ധി സ്മാരക ഗ്രാമസേവാ കേന്ദ്രം, തീരദേശ മഹിളാ മുന്നേറ്റം, ലെസ്ബിറ്റ് ബാംഗ്ളൂർ, സംഗമ ബാംഗ്ളൂർ, എൻ എ പി എം കേരള, കേരളീയം, പാഠഭേദം, ജനനീതി, മായ, ഗയ, മോചിത, വുമൺസ് എസ്റ്റേറ്റ്, സഹജ ഫെമിനിസ്റ്റ് സംഘടന, നവ ജനാധിപത്യ പ്രസ്ഥാനം, ദളിത് സ്റ്റുഡന്റ്സ് മൂവ്മെന്റ്, എ എൽ എഫ് ബാംഗ്ളൂർ, സമര ബാംഗ്ളൂർ തുടങ്ങി മുപ്പതിലധികം സംഘടനകളുടേയും സാമൂഹിക സാംസ്കാരിക മനുഷ്യാവകാശ രാഷ്ട്രീയ പാരിസ്തിതിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവരുടേയും വിദ്യാർത്ഥികളുടേയും പൊതുജനങ്ങളുടേയും സഹകരണത്തോടെയാണ് ഈ വർഷത്തെ പ്രൈഡ് ഇത്രയും ഭംഗിയാക്കാനായത്. ●

*സഹയാത്രികയുടെ പ്രവർത്തകയാണ് ബീന*



കവർസ്റ്റോറി

# ലൈംഗികത വൈദ്യശാസ്ത്രം, സ്ത്രീ : കേരളസാഹചര്യത്തിൽ



സി.യു. ത്രേസ്യ

ലൈംഗികത എന്നതിന്റെ സ്ത്രീ-പുരുഷ വേർതിരിവുകൾ, പ്രണയം, സർഗ്ഗാത്മകത, ആരോഗ്യം ഇവയൊക്കെ നിർണ്ണയിക്കാനുതകുന്ന രാഷ്ട്രീയ-സാമൂഹ്യ അധികാരബന്ധങ്ങൾ എല്ലാം പരസ്പരബന്ധിതവും ഇഴചേർന്ന് കിടക്കുന്നതുമാണ്. ഓരോ കാലത്തിന്റെ വൈയക്തിക-രാഷ്ട്രീയ-സാമൂഹ്യ സാഹചര്യങ്ങൾ മാറുന്നതനുസരിച്ച് ഇവയുടെ രൂപഭാവങ്ങളിലും മാറ്റം വന്നുകൊണ്ടിരിക്കും. നമ്മുടെ ലൈംഗികത രൂപപ്പെടുന്നത് വ്യക്തിതലത്തിലും സമൂഹതലത്തിലുമുള്ള നിരവധി ഘടകങ്ങളുടെ പരസ്പര ബന്ധത്തിലൂടെയാണ്. നമ്മുടെ സാമൂഹ്യസാഹചര്യങ്ങൾ, രാഷ്ട്രീയനയങ്ങൾ, ആരോഗ്യസമീപനങ്ങൾ, സുസ്ഥിതി, സാംസ്കാരികശീലങ്ങൾ തുടങ്ങിയവയൊക്കെ ലൈംഗികത രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. ജൈവശാസ്ത്രപരവും സാമൂഹികവുമായ ഒട്ടനവധി കാര്യങ്ങൾ ലൈംഗികതയെ രൂപപ്പെടുത്തുമ്പോൾത്തന്നെ ഒരു വ്യക്തിയുടെ ആരോഗ്യം നിർണ്ണയിക്കുന്നതിൽ ലൈംഗികത അടക്കമുള്ള ഒട്ടനവധി വ്യക്തിഗത, സാമൂഹ്യ ചരിത്രഘടകങ്ങൾ പങ്കുവഹിക്കുന്നു എന്നത് പ്രസക്തമാണ്.

ലോകത്തിന്റെ പലഭാഗത്തും കോളനീകരണപൂർവ്വകാലത്തുണ്ടായിരുന്ന ലൈംഗികസംസ്കാരത്തിനും സദാചാരമൂല്യങ്ങൾക്കും ആരോഗ്യശീലങ്ങൾക്കും വൈദ്യശാസ്ത്രപ്രതിവിധികൾക്കും കോളനിവൽക്കര

ണത്തോടെ വളരെയധികം മാറ്റങ്ങൾ വന്നതായി ചരിത്രം നമ്മെ പഠിപ്പിക്കുന്നു. കേരളസമൂഹവും ഇത്തരം മാറ്റങ്ങൾക്ക് വിധേയമായി. നമ്മുടെ സമൂഹത്തിലെ ലൈംഗികശാസ്ത്ര, വൈദ്യശാസ്ത്രബന്ധങ്ങളും അതിലെ സ്ത്രീപരികല്പനകളും ഇത്തരത്തിൽ ചരിത്രപരമായി സൃഷ്ടിക്കപ്പെട്ടതാണ്.

**ലൈംഗികതയും വൈദ്യശാസ്ത്രവും**

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനകാലവും 20-ാം നൂറ്റാണ്ടിന്റെ ആദ്യപാതവും കേരളത്തിൽ ആധുനികത രൂപപ്പെടുന്ന കാലമായിരുന്നു. നിശിതമായ സ്ത്രീ-പുരുഷ വേർതിരിവുകളുള്ള വിക്ടോറിയൻ സദാചാരമൂല്യങ്ങളും കുടുംബവ്യവസ്ഥയും തദ്ദേശീയ വൈദ്യസംസ്കാരത്തെ തമസ്കരിക്കുന്ന അലോപ്പതി വൈദ്യശാസ്ത്രത്തിന്റെ ആധിപത്യവും ഇക്കാലത്തിന്റെ മുഖമുദ്രകളാണ്. ആരോഗ്യരംഗത്ത് ഇത് കോളറ, വസൂരി, ഗുഹ്യരോഗങ്ങൾ തുടങ്ങിയ പകർച്ചവ്യാധികളുടെ വ്യാപനകാലം കൂടിയായിരുന്നു. കോളനീകൃത സമൂഹങ്ങളിലെ ലൈംഗികരോഗങ്ങളും വേശ്യാവൃത്തിയും അധിനിവേശകരുടെ 'അധാർമ്മികത'യും ബ്രിട്ടീഷ് പൊതുമണ്ഡലചർച്ചകളിൽ ഇടംപിടിക്കുന്നതിനിടയാക്കി. അധിനിവേശകരുടെ ധാർമ്മികാപചയം സാമ്രാജ്യത്വത്തിന്റെ തന്നെ അപചയമായി പലരും വിലയിരുത്തി. ശുചിത്വം, സാന്മാർഗ്ഗികത, ആരോഗ്യം തുടങ്ങിയ മേഖലകളിൽ പല പരിഷ്ക്കരണപരിപാടികളും ആവിഷ്ക്കരിക്കുന്നതിന് ഈ സാഹചര്യം ഇടയാക്കി. ഇന്ത്യയിൽ അലോപ്പതിവൈദ്യത്തിന്റെ ആവിർഭാവംതന്നെ ബ്രിട്ടീഷ് പട്ടാളക്കാരുടെ ആരോഗ്യാവശ്യങ്ങളുമായി ബന്ധപ്പെട്ടാണ് ഉണ്ടായതെന്ന്, വൈദ്യശാസ്ത്രചരിത്രകാരന്മാർ നിസ്സംശയം വിലയിരുത്തുന്നു. പിന്നീട് തദ്ദേശീയസൈന്യത്തിനും പൊതുജനങ്ങൾക്കും ഇത്തരം സേവനങ്ങൾ ലഭ്യമാകുന്ന സാഹചര്യം ഉളവായി.

> മുതലാളിത്ത പുരുഷമേധാവിത്വ സാമൂഹ്യ-കുടുംബ വ്യവസ്ഥയിലേക്കുള്ള മാറ്റം, താരതമ്യേന തുറന്നതും സ്വാഭാവികവും അനാവശ്യ നിയന്ത്രണങ്ങളില്ലാതിരുന്നതുമായ ലൈംഗികശീലങ്ങളെ, കപടവും നിശിതവുമായ ലിംഗവേർതിരിവുകളുള്ള സദാചാര ചട്ടക്കൂടിനുള്ളിലൊതുക്കുകയും, വീടിന്റെ അകത്തളങ്ങളിലെ കിടപ്പുമുറികളിൽ മാത്രം അതിലജ്ജയുടെ മൂടുപടമണിഞ്ഞുകൊണ്ടുള്ള നിയന്ത്രിതവേഴ്ചകളായി പുനർനിർവചനം ചെയ്യുകയും ചെയ്തു.

19-ാം നൂറ്റാണ്ടിലെ ശാസ്ത്രത്തിന്റെ വളർച്ച, അറിവിന്റെ വികാസം, രാഷ്ട്രീയ, സാമൂഹ്യനയവ്യത്യാസങ്ങൾ തുടങ്ങിയവയൊക്കെ ലൈംഗികതയിലും വൈദ്യശാസ്ത്രം ലൈംഗികതയെ നിർവചിക്കുന്നതിലും കാതലായ മാറ്റങ്ങൾ വരുത്തി.

മുതലാളിത്ത പുരുഷമേധാവിത്വ സാമൂഹ്യ-കുടുംബവ്യവസ്ഥയിലേക്കുള്ള മാറ്റം, താരതമ്യേന തുറന്നതും സ്വാഭാവികവും അനാവശ്യ നിയന്ത്രണങ്ങളില്ലാതിരുന്നതുമായ ലൈംഗികശീലങ്ങളെ, കപടവും നിശിതവുമായ ലിംഗവേർതിരിവുകളുള്ള സദാചാര ചട്ടക്കൂടിനുള്ളിലൊതുക്കുകയും, വീടിന്റെ അകത്തളങ്ങളിലെ കിടപ്പുമുറികളിൽ മാത്രം അതിലജ്ജയുടെ മൂടുപടമണിഞ്ഞുകൊണ്ടുള്ള നിയന്ത്രിത വേഴ്ചകളായി പുനർനിർവചനം ചെയ്യുകയും ചെയ്തു. തന്നെയുമല്ല വിക്ടോറിയൻ അണുകുടുംബ മൂല്യങ്ങളുടെ ലംഘനം, വിവാഹേതര ലൈംഗികബന്ധങ്ങൾ, സ്വവർഗരതി തുടങ്ങിയ 'അപഭ്രംശ'ങ്ങളൊക്കെ കുറ്റകരമായ സദാചാരവിരുദ്ധതയായി കണക്കാക്കപ്പെടുകയും നിയമപ്രാബല്യത്തോടെ ശക്തമായി അടിച്ചമർത്തപ്പെടുകയും ചെയ്തു. ഇത്തരമൊരു മാറ്റത്തിൽ സ്ത്രീകൾ കർക്കശമായ നിയന്ത്രണങ്ങൾക്കും കീഴ്പ്പെടുത്തലുകൾക്കും വിധേയമായി. ലൈംഗികതയുമായി ബന്ധപ്പെട്ട് വൈദ്യശാസ്ത്രം പുതിയ രോഗാവസ്ഥകളെ നിർവചിച്ചു തുടങ്ങിയതും ഇതോടൊപ്പം ചേർത്തുവായിക്കേണ്ടതാണ്.

ഫ്രഞ്ച് ചിന്തകൻ മിഷേൽ ഫൂക്കോയുടെ അഭിപ്രായത്തിൽ 19-ാം നൂറ്റാണ്ടിന്റെ അവസാന കാലത്തുണ്ടായ ലൈംഗികശാസ്ത്രത്തിന്റെ വളർച്ച ലൈംഗികതയെ അടിസ്ഥാനമാക്കി പുതിയ വൈദ്യശാസ്ത്രവ്യവഹാരഭാഷ തന്നെ ഉണ്ടാക്കുന്നതിന് വഴി തെളിച്ചു. ഇതിൽ ഉന്മാദിയായ സ്ത്രീ (hysterical woman), സ്വയംഭോഗിയായ കുട്ടി (onanistic child), ബഹുമാന്യമായ കുടുംബം തുടങ്ങിയവയൊക്കെ സംശയാതീതമായി വ്യാഖ്യാനിക്കപ്പെടുകയും കണിശമായി വേർതിരിച്ചുറപ്പിക്കപ്പെടുകയും ചെയ്തു. മൗലികവും വ്യതിരിക്തവുമായ ശാരീരിക ലൈംഗികചോദനകളെ ഇത്തരത്തിൽ അറിവും അധികാരവുമായി ബന്ധപ്പെടുത്തി നിഷേധാത്മകമായി വ്യാഖ്യാനിക്കുകവഴി ഇവയൊക്കെ മാറ്റിനിർത്തുന്നതിനും നിയന്ത്രിക്കുന്നതിനും എളുപ്പമായി. സ്ത്രീ-പുരുഷൻ, പൊതു-സ്വകാര്യം, സ്വാഭാവികം-അസ്വാഭാവികം, വൈകാരികം-യുക്തിഭദ്രം തുടങ്ങിയ വിരുദ്ധദ്വന്ദ്വങ്ങളിലൂടെയുള്ള വിഭജനം ഒന്നിനെ മേലാളവും മറുവശത്തുള്ളതിനെ കീഴാളവുമാക്കി.

ഇത്തരം പാർശ്വവൽക്കരണ ചൂഷണതന്ത്രങ്ങൾ മുതലാളിത്തം, ആൺകോയ്മ തുടങ്ങിയ ആധിപത്യപ്രത്യയശാസ്ത്രങ്ങളുടെ നിയന്ത്രണായുധങ്ങളാണ്. ഒന്നാം ലോകമഹായുദ്ധകാലത്ത് നവസൈനികർക്കിടയിൽ സിഫിലിസ് തടയുന്നതിന് വേശ്യകളും വേശ്യകളെന്ന് സംശയിക്കുന്നവരുമായ മുപ്പതിനായിരത്തോളം അമേരിക്കൻ സ്ത്രീകൾ അസാന്മാർഗ്ഗികളെന്ന് മുദ്രകുത്തപ്പെട്ട് മുള്ളുവേലി കെട്ടിയ തടങ്കൽപാളയങ്ങളിൽ പാർപ്പിക്കപ്പെട്ടത് ഇത്തരം ഫാഷിസ്റ്റ് നിയന്ത്രണങ്ങൾക്ക് ഉത്തമോദാഹരണങ്ങളാണ്. എന്നിട്ടും സൈനികർക്കിടയിൽ സിഫിലിസിന് കുറവൊന്നും വന്നില്ല എന്നത് പ്രത്യേകം എടുത്തുപറയേണ്ട കാര്യമാണ്. വ്യവസ്ഥാപിത വൈദ്യശാസ്ത്രത്തിന്റെയും ലൈംഗികശാസ്ത്രത്തിന്റെയും ചരിത്രവഴികളിലുടനീളം കീഴാളമായതിനോടുള്ള ചൂഷണവും നിയന്ത്രണവും പലരീതികളിൽ ദൃശ്യമാണ്. പലപ്പോഴും ഈ ശാസ്ത്രവഴികൾ പരസ്പരപൂരകവുമാണ്.

ആയിരത്തിതൊള്ളായിരത്തി എൺപതുകളിൽ AIDS ന്റെ വരവോടുകൂടി ലൈംഗികതയോട്, പ്രത്യേകിച്ച് സ്ത്രീലൈംഗികതയോടുള്ള സാമൂഹ്യ, വൈദ്യശാസ്ത്ര സമീപനങ്ങൾ കൂടുതൽ കർക്കശമായി. മുതലാളിത്ത അമിത ഉപഭോഗത്തിന്റെയും വാണിജ്യവൽക്കരിക്കപ്പെട്ട ലൈംഗികതയുടെയും ദുരന്താനുഭവങ്ങളിൽനിന്നും പാഠം പഠിക്കാൻ കൂട്ടാക്കാതെ ശാസ്ത്രസാങ്കേതിക അറിവുകളെ കൂടുതൽ ഫാഷിസ്റ്റ് രീതികളിൽ അടിച്ചേല്പിക്കാനാണ് പിന്നീടുള്ള കാലത്തെ നയങ്ങൾ ശ്രമിച്ചത്. ഓരോ കാലത്തെയും ശാസ്ത്രീയ അറിവുകൾ സമൂഹത്തെ നിയന്ത്രിക്കാനാണെന്ന ഫൂക്കോയുടെ വാദം ഇന്നും ഉന്മാദിയോടും "സദാചാര/ആചാര ഭ്രംശം" വരുത്തുന്ന സ്ത്രീയോടും കുട്ടിയോടും, മൂന്നാംലിംഗക്കാർ, സ്വവർഗാനുരാഗികൾ, ദളിതർ, ആദിവാസികൾ, അശരണർ തുടങ്ങിയവരോടുമുള്ള വ്യവസ്ഥാപിത രാഷ്ട്രീയ, സാമൂഹ്യ നിലപാടുകളിൽ സുവ്യക്തമാണ്. കേരളത്തിലെ വർദ്ധിച്ചുവരുന്ന സദാചാരപോലീസിങ്ങും ദളിത്-ആദിവാസി സുരക്ഷയോടും ലിംഗനീതിയോടും വിരുദ്ധമായി വളർന്നുവരുന്ന അരാഷ്ട്രീയ നിലപാടുകളും ആധുനിക കേരളത്തിന്റെ മേൽക്കോയ്മയുടെ പാഠങ്ങളാണ്. മാനുഷികബന്ധങ്ങളിൽ കൂടുതൽ വിപണിമൂല്യങ്ങൾ ആധിപത്യം പുലർത്തുന്ന ഇക്കാലത്ത് കേരളത്തിൽ സ്ത്രീലൈംഗികത മുമ്പത്തേക്കാളേറെ വില്പനചരക്കാകുകയും വ്യക്തിഗത നേട്ടങ്ങളുടെയും ലാഭേച്ഛയുടെയും പരമകാഷ്ഠയിൽ സ്ത്രീശരീരം (മനസ്സും) കൂടുതൽ അവഹേളിക്കപ്പെടുകയും ചെയ്യുന്നു. ഭരണകൂടം നടപ്പാക്കുന്ന ആരോഗ്യപദ്ധതികളിൽ ഇത്തരം അധികാരപ്രവണതകൾ ഒളിഞ്ഞുകിടക്കുന്നതായും അവ സ്ത്രീയുടെ ശരീരത്തെയും ലൈംഗികതയെയും ആരോഗ്യത്തെയും അധീശപ്രത്യയശാസ്ത്രങ്ങൾക്ക് വഴങ്ങാൻ പാകത്തിൽ നിർമ്മിച്ചെടുക്കുന്നതായും കാണാം.



കേരളത്തിലെ വർദ്ധിച്ചുവരുന്ന സദാചാര പോലീസിങ്ങും ദളിത്-ആദിവാസി സുരക്ഷക്കും ലിംഗനീതിക്കും വിരുദ്ധമായി വളർന്നുവരുന്ന അരാഷ്ട്രീയ നിലപാടുകളും ആധുനിക കേരളത്തിന്റെ മേൽക്കോയ്മയുടെ പാഠങ്ങളാണ്.

**ലൈംഗികതയുടെ ആരോഗ്യബന്ധങ്ങൾ**

കേരളത്തിലെ സ്ത്രീകളുടെ ആരോഗ്യത്തെ നിർണ്ണയിക്കുന്ന ജീവിതയാഥാർത്ഥ്യങ്ങളെ തൊട്ടറിയുന്നതിനും പ്രത്യേകിച്ച് ലൈംഗികതയും ആരോഗ്യവുമായുള്ള അമൂർത്തബന്ധങ്ങളെ വിശകലനം ചെയ്യുന്നതിനും നല്ലൊരു ഫ്രെയിമാണ് സമീപകാലസംഭവങ്ങൾ. അതിലേക്ക് കടക്കുന്നതിന് മുമ്പ് കുടുംബാസൂത്രണ പരിപാടികളുടെ ആശയവും പ്രയോഗവും എങ്ങനെയാണ് സ്ത്രീ ആരോഗ്യപരിസരങ്ങളെ ബാധിക്കുന്നതെന്ന് നോക്കാം.

**കുടുംബാസൂത്രണത്തിലെ സ്ത്രീ ആരോഗ്യപരികല്പനകൾ**

ആയിരത്തിത്തൊള്ളായിരത്തി നാല്പതുകളോടെ ജനനനിയന്ത്രണ പരിപാടികളും അതിൽ കണിശമായ വിവേചനത്തോടെയുള്ള സ്ത്രീ-പുരുഷ ധർമ്മവും പ്രചാരത്തിലായി. യാഥാസ്ഥിതിക വൈദ്യശാസ്ത്രത്തിന്റെയും ലൈംഗികശാസ്ത്രത്തിന്റെയും ലിംഗവിഭജനക്രമങ്ങളിൽ ജനനനിയന്ത്രണത്തിനുള്ള ഉത്തരവാദിത്വം ഒളിഞ്ഞും തെളിഞ്ഞും ഏറെക്കുറെ പൂർണ്ണമായും സ്ത്രീക

ളിൽ അടിച്ചേല്പിക്കപ്പെടുകയാണുണ്ടായത്. നിലവിൽ ഗർഭനിരോധനത്തിനും സന്താനനിയന്ത്രണത്തിനുമുള്ള സാങ്കേതികവിദ്യകളിൽ മിക്കതും സ്ത്രീകേന്ദ്രീകൃതമാണ്. ഗർഭപാത്രത്തിൽ നിക്ഷേപിക്കുന്ന കോപ്പർ ടി പോലുള്ള സങ്കേതങ്ങളായോ ഗുളികകളായോ കുത്തിവയ്പുകളായോ ആയോ പ്രജനനസാങ്കേതികവിദ്യയുടെ വളർച്ച സ്ത്രീശരീരത്തെ കൂടുതൽ കൂടുതൽ നിയന്ത്രണവിധേയമാക്കുന്നതായി കാണാം. ഇത്തരം ശാരീരികാധിനിവേശം പക്ഷേ സ്ത്രീകളുടെ പ്രത്യുല്പാദനവും അനാരോഗ്യവും കുറക്കുന്നതിനുതകുന്നതാണെന്ന പൊതുധാരണ ഇതിന് പിൻബലമേകി. വളരെ സുരക്ഷിതമായ ഗർഭനിരോധന ഉറകൾ പോലുള്ള സാങ്കേതിക വിദ്യകൾ പുരുഷന് എളുപ്പം ഉപയോഗിക്കാമെന്നിരിക്കെ അതിന്റെ പ്രചാരം പക്ഷേ വളരെ കുറവാണ്. തന്നെയുമല്ല ജനനനിയന്ത്രണത്തിനുള്ള പുതിയ സാങ്കേതികവിദ്യകൾ അതിന്റെ പാർശ്വഫലങ്ങളെക്കുറിച്ച് പഠിക്കാതെ, സ്ത്രീകളെ അറിയിക്കാതെ അവരിൽ പരീക്ഷിക്കുകയുണ്ടായി എന്ന് ഇന്ത്യയുടെ പലഭാഗങ്ങളിൽ നിന്നുമുള്ള പഠനങ്ങൾ കാണിക്കുന്നു. ഇത്തരം ഗർഭനിരോധന മരുന്നുകൾ മാരകമായ ആരോഗ്യവിപത്തുകളാണ് സ്ത്രീകളിൽ ഉണ്ടാക്കിയത്.

എഴുപതുകളുടെ പകുതിയ്ക്ക് ശേഷം കേരളത്തിലെ സന്താനനിയന്ത്രണത്തിന്റെ ഭാരം ഏറെയും കേരളത്തിലെ വിവാഹിതരായ സ്ത്രീകൾ മാത്രം വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയരായി ഏറ്റെടുക്കേണ്ടി വന്നു. നല്ലൊരുശതമാനം ചെറുപ്പക്കാരായ സ്ത്രീകൾ ഇന്നും ഇതിന് വിധേയരാവുന്നു. എന്നാൽ താരതമ്യേന ബുദ്ധിമുട്ടു കുറഞ്ഞ വാസക്ടമി പോലുള്ള പുരുഷന്മാരുടെ വന്ധ്യംകരണ ശസ്ത്രക്രിയയുടെ തോത് വളരെ താഴെയാണ്. കേരളത്തിലെ ജനസംഖ്യാനിയന്ത്രണത്തിനായി വളരെ സങ്കീർണ്ണമായ ഇത്തരമൊരു സാമൂഹ്യ-കുടുംബ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടിവന്ന സ്ത്രീകളുടെ വൈകാരിക-മാനസിക സമ്മർദ്ദങ്ങൾക്കോ ധാർമ്മിക പ്രതിസന്ധികൾക്കോ വൈദ്യശാസ്ത്രമോ സമൂഹമോ വലിയ വിലകല്പിച്ചതായി കണ്ടില്ല. എന്തിന്, വലിയ ഗുണനിലവാരമേന്മയൊന്നും പറയാനില്ലാത്ത ശസ്ത്രക്രിയാസാഹചര്യത്തിൽ ഇതിനോടനുബന്ധിച്ചുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് പഠിക്കാനും ആരും മിനക്കെട്ടിട്ടില്ല. കുടുംബാസൂത്രണമെന്ന് പേരിട്ടിരുന്നെങ്കിലും യാതൊരാസൂത്രണവുമില്ലാതിരുന്ന ഇത്തരം പരിപാടികൾ ജനസംഖ്യാനിയന്ത്രണത്തിനുള്ള ഉപാധികൾ മാത്രമായിരുന്നു. അതിൽ സ്ത്രീയുടെ ശാരീരിക, മാനസിക, ധാർമ്മിക പ്രതിസന്ധികൾ പോലും പലപ്പോഴും കണക്കിലെടുത്തിരുന്നില്ല. മറുവശത്ത് കുടുംബാസൂത്രണത്തിന്റെ വ്യാപനത്തോടെ ജനങ്ങളുടെ അടിസ്ഥാനപരമായ ആരോഗ്യാവശ്യങ്ങൾക്കുള്ള പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ജനനനിയന്ത്രണ പരിപാടികളുടെ നടത്തിപ്പുകേന്ദ്രങ്ങളായി ചുരുങ്ങിപ്പോകുകയും ചെയ്തു. ഇതിന്റെ പ്രത്യാഘാതങ്ങൾ സ്ത്രീകളുടെ ആരോഗ്യപരിരക്ഷാസാധ്യതകളിൽ പ്രതികൂലമായി പ്രതിഫലിക്കുകയും ചെയ്തു.



ഈയടുത്തകാലത്ത് ഛത്തീസ്ഘട്ടിലെ വിപുലമായ വന്ധ്യംകരണ ശസ്ത്രക്രിയയെത്തുടർന്നുണ്ടായ 130തിലധികം സ്ത്രീമരണങ്ങൾ ഉയർത്തുന്ന പ്രശ്നങ്ങൾ നിരവധിയാണ്. നിരുത്തരവാദപരമായ ജനസംഖ്യാനിയന്ത്രണത്തിന്റെ അധാർമ്മികവും മനുഷ്യത്വരഹിതവുമായ മുഖങ്ങളാണിവ. പെൺജീവിതത്തിന്റെ ആരോഗ്യം, സുരക്ഷ, ജീവിക്കാനുള്ള അവകാശം ഇവയൊക്കെ നിഷേധിക്കുന്ന വൈദ്യശാസ്ത്ര ഇടപെടലുകളായി ഇവയെ കണക്കാക്കേണ്ടതുണ്ട്. ലൈംഗികചൂഷണത്തിന്റെ മറ്റൊരു ക്രൂരമുഖമാണ് ഗർഭനിരോധനത്തിന്റെ പേരിൽ വ്യത്യസ്ത മാനസികനിലവാരമുള്ള പെൺകുട്ടികളുടെ ഗർഭപാത്രം നീക്കം ചെയ്യുന്നതായി പുറത്തുവന്നിട്ടുള്ള റിപ്പോർട്ടുകൾ. കേരളത്തിലെ വർദ്ധിച്ചുവരുന്ന അനാവശ്യമായ സിസേറിയൻ ശസ്ത്രക്രിയകൾ, തിടുക്കത്തിലുള്ള ഗർഭപാത്രം നീക്കംചെയ്യൽ ഒക്കെ വൈദ്യശാസ്ത്രവും സമൂഹവും സ്ത്രീയുടെ ആരോഗ്യത്തിന് കാര്യമായ വിലകൊടുക്കുന്നില്ലെന്നുള്ളതിന്റെ തെളിവുകളാണ്. ഒരു സ്ത്രീയുടെ സ്വാഭാവികമായ ജൈവപ്രക്രിയകളിൽനിന്നും

സാങ്കേതികവിദ്യയുടെയും യാന്ത്രികതയുടെയും അനുഭവങ്ങളിലേക്ക് അവളെ തള്ളിവിടുകയാണ് ഇത് ചെയ്യുന്നത്.

**ലൈംഗികധാരണകളും അതിക്രമങ്ങളും**

കേരളത്തിന്റെ പൊതുസ്വകാര്യമണ്ഡലങ്ങളിലെ ലൈംഗികധാരണകൾ വളരെ സങ്കീർണ്ണവും ആധിപത്യവിധേയത്വ വൈരുദ്ധ്യങ്ങൾ നിറഞ്ഞതുമാണ്. സാമൂഹികമായി നിർണ്ണീതമാകുന്ന ഇത്തരം സങ്കീർണ്ണമായ ലൈംഗികപെരുമാറ്റത്തെ വൈദ്യശാസ്ത്ര വ്യവഹാരങ്ങൾ വളരെ ലളിതവത്കരിച്ചാണ് കാണുന്നത്. വ്യത്യസ്തമായ ലൈംഗികതയുടെ ബഹിർസ്ഫുരണങ്ങൾ അസാധാരണവും രോഗാതുരവും ചികിത്സിക്കപ്പെടേണ്ടതുമാണെന്ന പൊതുകാഴ്ചപ്പാടാണ് ഇതിലുള്ളത്. പുരുഷലൈംഗികത വൈരംനിറഞ്ഞതും അക്രമസ്വഭാവമുള്ളതും മറിച്ച് സ്ത്രീലൈംഗികത സൗമ്യവും വിധേയത്വമുള്ളതുമാണെന്നും ഉള്ള പൊതുധാരണകൾ ലളിതവല്ക്കരണത്തിന്റെ മറ്റൊരു വശമാണ്. ജനസമ്മിതിയുള്ള ലൈംഗിക ധാരണകൾ പൊതുവെ ശുദ്ധാശുദ്ധങ്ങളുടെയും ആധിപത്യവിധേയത്വങ്ങളുടെയും ചട്ടക്കൂടിലാണ് നിർമ്മിതമായിരിക്കുന്നത്. സ്ത്രീകളുടെ ചാരിത്ര്യശുദ്ധിയുടെ വ്യവഹാരങ്ങൾ വിപണിയിൽ ഒരു നിബന്ധനയാവുമ്പോൾ പുരുഷന്റെ പാതിവ്രത്യത്തെക്കുറിച്ചാരും ആകുലപ്പെടാറില്ല. വിവാഹപൂർവ്വ ലൈംഗികവേഴ്ച നടത്തുന്ന സ്ത്രീ അശുദ്ധിയുടെ പരിസരങ്ങളിലേക്ക് നിഷ്ക്കാസിതയാവുമ്പോൾ ചെളിയിൽ ചവുട്ടി വെള്ളത്തിൽ കഴുകി 'ശുദ്ധനായ്' പുരുഷൻ ജീവിതത്തിന്റെ പുതുതലങ്ങളിലേക്ക് വഴിനടക്കുന്നതിൽ അസാധാരണമായി ഏറെയൊന്നും കേരളസമൂഹം കാണുന്നില്ല. തന്നെയുമല്ല സാധാരണവും സ്വാഭാവികവുമെന്ന് കരുതുന്ന ഭിന്നലൈംഗികതയ്ക്കപ്പുറം സ്വവർഗരതി, ട്രാൻസ്ജൻഡർ, ബൈസെക്ഷൽ തുടങ്ങിയ വ്യത്യസ്ത ലൈംഗികാഭിരുചികളെ അസഹിഷ്ണുതയോടെ സദാചാര അപഭ്രംശമായാണ് മുഖ്യധാരാ കേരളസമൂഹം കാണുന്നത്.

ജനസമ്മിതിയുള്ള മേൽപറഞ്ഞ ധാരണകൾ പലപ്പോഴും നിയമവ്യവസ്ഥയുടെയും വ്യവസ്ഥാപിത അറിവുകളുടെയും പിൻബലത്തോടെയാണ് സമൂഹത്തിൽ വേരോടുന്നത്. കേരളത്തിലെ ഇടതു-വലതുപക്ഷ രാഷ്ട്രീയപാർട്ടികളും മതമൗലികവാദികളും ഒരുപോലെ പങ്കുവയ്ക്കുന്ന ഇത്തരമൊരു ലൈംഗിക പ്രത്യയശാസ്ത്രപരിസരത്തിലാണ് സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന ലൈംഗികാതിക്രമങ്ങളെ നാം കാണേണ്ടത്. സംസ്ഥാനപോലീസിന്റെ ഈയടുത്തകാലത്തെ കണക്കുകൾ പരിശോധിച്ചാൽ 2007 നും 2012നുമിടയിൽ ബലാത്സംഗം ഇരട്ടിയിലധികമായതായി (500 ൽനിന്നും 1019 ആയി) കാണാൻ കഴിയും. അതുപോലെ ഇക്കാലത്ത് ഭർത്താവിൽനിന്നും ബന്ധുക്കളിൽ നിന്നുമുള്ള ക്രൂരതയുടെ കണക്ക് 3976 ൽനിന്നും 5216 ആയി ഉയർന്നു. ഇത് രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ അടിസ്ഥാനത്തിലാണെങ്കിൽ യഥാർത്ഥ കണക്കുകൾ എത്രയാവാം? സമീപകാലത്തെ പല പഠനങ്ങളിലും ഭർത്താവിന്റെ ശാരീരിക, മാനസിക, പീഡനങ്ങൾ ഏറ്റുവാങ്ങുന്ന സ്ത്രീകളുടെ തോത് വളരെ വലുതാണ്. ഗർഭാവസ്ഥയിലും നല്ലൊരുശതമാനം ശാരീരികപീഡനത്തിനിരയാവുന്നു. കേരളത്തിലെ സ്ത്രീ-പുരുഷ അധികാരബന്ധങ്ങളിലെ ജനാധിപത്യവിരുദ്ധതയ്ക്കുമപ്പുറമുള്ള ക്രൂരമുഖം കൂടിയാണിത്. അഭ്യസ്തവിദ്യരുടെ നാടെന്നും ലിംഗപദവി സൂചികയിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഒന്നാം റാങ്കുണ്ടെന്നും അഭിമാനിക്കുന്ന കേരളത്തിൽ തൊഴിലിടങ്ങളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പോലും സ്ത്രീകൾ അക്രമിക്കപ്പെടുന്നു എന്നത് ഭീതിജനകമാണ്. ഉന്നതസ്ഥാനീയരായി ഉദ്യോഗസ്ഥകൾപോലും പുരുഷസഹപ്രവർത്തകരിൽ നിന്നും ഇതിനിരയാവുന്നത് ഒറ്റപ്പെട്ട സംഭവമല്ല. കൗമാരക്കാരായ പെൺകുട്ടികളെയും സ്ത്രീകളെയും സെക്സ്റാക്കറ്റിന്റെ ഭാഗമാക്കി കൈമാറ്റം ചെയ്യുന്നത് സമകാലീ



കൗമാരക്കാരായ പെൺകുട്ടികളെയും സ്ത്രീകളെയും സെക്സ്റാക്കറ്റിന്റെ ഭാഗമാക്കി കൈമാറ്റം ചെയ്യുന്നത് സമകാലീനകേരളത്തിന്റെ ദുര്യോഗമാണ്.

നകേരളത്തിന്റെ ദുര്യോഗമാണ്. ഇവരുടെ പീഡകരിൽ രാഷ്ട്രീയ ക്കാരും ഉന്നതസ്ഥാനീയരായ പുരുഷന്മാരും ഉണ്ടെന്നത് പീഡി പ്പിക്കപ്പെടുന്നവർക്കുള്ള നീതിനി ഷേധം എളുപ്പമാക്കുന്നു. ലൈംഗികപീഡനം അതിജീവിച്ച പ്രായപൂർത്തിയാകാത്ത പെൺകു ട്ടികളിൽ കുറ്റംചാരുന്ന തരത്തിലു ള്ള ജുഡീഷ്യറിയുടെ പരാ മർശങ്ങൾ ഇത്തരം കാര്യങ്ങളിൽ ഭരണകൂടവും ജുഡീഷ്യറിയും എത്ര ഉദാസീനമാണെന്ന് കാണി ക്കുന്നു. നിത്യജീവിതത്തിന്റെ പൊതു-സ്വകാര്യ ഇടങ്ങളിൽ വിപണിയും ഭരണകൂടവും സമൂ ഹവും കൂടുതൽ കൂടുതൽ ഇരുണ്ട ഇടപെടലുകൾ നട ത്തുന്ന കാലമാണിത്. ഇതിൽ പലതും ധാർമ്മികതക്ക് വേണ്ടിയോ നൈതികത യ്ക്കായോ ലൈംഗിക ഏകതാന തയ്ക്ക് വേണ്ടിയോ ആരോഗ്യ ക്ഷേമകാര്യങ്ങൾക്ക് പോലുമോ ആകാം. ഇത്തരം ഇടപെടലുകൾ പലപ്പോഴും പക്ഷപാതപരവും സ്ത്രീവിരുദ്ധവുമാണ്. അധീശത്വ പ്രത്യയശാസ്ത്രങ്ങളോട് കലഹി ക്കുന്നു എന്നു വിശ്വസിക്കുന്ന രാഷ്ട്രീയപ്രസ്ഥാനങ്ങൾ പോലും ആൺകോയ്മയുടെയും ലിംഗനീ തിനിരാസത്തിന്റെയും വ്യവസ്ഥാ പിതമൂല്യങ്ങളുടെ അതിരുകൾ മുറിച്ചുകടക്കാറില്ല എന്നത് ഇന്ന് ഒരു വാർത്തപോലുമാകുന്നില്ല.

ചുരുക്കത്തിൽ, വർദ്ധിച്ചുവ രുന്ന ലൈംഗികാതിക്രമങ്ങൾ കേരളത്തിലെ സ്ത്രീകൾക്ക് ഒരു പക്ഷെ ഒരു മുന്നറിയിപ്പാകാം. വ്യവസ്ഥാപിത മൂല്യങ്ങളുടെ അതിരുകൾ കടന്ന് സ്വാതന്ത്ര്യ ത്തിന്റെയും സ്വയം പ്രകാശനത്തി ന്റെയും വഴികൾ തിരഞ്ഞെടുക്കു ന്നത് അപകടകരമാണ് എന്ന മുന്നറിയിപ്പ്. എപ്പോൾ വേണമെ ങ്കിലും ലൈംഗികാതിക്രമങ്ങൾ ഉണ്ടാകാം എന്ന നിരന്തരഭീതി ജനിപ്പിക്കുന്ന ദുരവസ്ഥ! ഇത്തര മൊരു സാഹചര്യത്തിൽ കേരള ത്തിൽ ഉയർന്നുവരുന്ന സദാചാര വിരുദ്ധമെന്നാരോപിക്കപ്പെട്ട സമര ത്തെക്കുറിച്ചും അതുയർത്തുന്ന ലൈംഗികതയുടെ രാഷ്ട്രീയത്തെ കുറിച്ചും കൂടി പരാമർശിക്കേണ്ട തുണ്ടെന്ന് തോന്നുന്നു.

**'സദാചാര ഇടപെടലു'ക ളുടെ ലൈംഗികപരിസരം**

ഒരു ചരിത്രനിയോഗംപോലെ ഈ ദിവസങ്ങളിൽ വളരെയൊന്നും സംഘടിതമ ല്ലാതെ ചെറുപ്പക്കാരുടെയിടയിൽ നിന്നും ചു:ബനസമരം ഉരുത്തി രിഞ്ഞു വന്നു. അതിനെ പ്രതിരോ ധിക്കാൻ മത മൗലികവാദികളും, രാഷ്ട്രീയക്കാരും, പോലീസ് സംവിധാനങ്ങളും സജീവമായി രംഗത്തുവന്നു.

ചു:ബനസമരത്തിന്റെ രാഷ്ട്രീയത യെക്കുറിച്ചും ചു:ബനത്തിന്റെ സ്നേഹനിഷ്ഠവും, കാവ്യാത്മ കവും ഏകീകൃതവുമായ ഭാവ ത്തെക്കുറിച്ചും സമരത്തെ അത് ജൈവമാക്കുന്നതിനെക്കുറിച്ചും ധാരാളം പ്രമുഖർ എഴുതിക്കഴി ഞ്ഞു. പരസ്യചു:ബനത്തിന്റെ അശ്ലീതയെക്കുറിച്ചും, അരാജ കത്വത്തെക്കുറിച്ചും ഒരു പൊടി കാറ്റിലെന്നപോലെ ചു:ബനത്തിലൂടെ തകർന്നു പോകുന്ന ലൈംഗികസദാചാര ത്തെക്കുറിച്ചും വ്യഥപൂണ്ട് പ്രതി രോധശ്രമങ്ങളുയർത്തുന്ന ധാരാ ളംപേരും ഉണ്ടായിട്ടുണ്ട്. സ്വന്തം രഹസ്യകാമനകളെ ഉള്ളിലൊ തുക്കി മറ്റുള്ളവരുടെ സ്വകാര്യത കളിലേക്കും സ്വാതന്ത്ര്യത്തി ലേക്കുമൊളിഞ്ഞുനോക്കി അവരെ സദാചാര പോലിസി ങ്ങിന് വിധേയമാക്കുന്നതിനെ തിരെ ഉരുത്തിരിഞ്ഞ ഇത്തര മൊരു സമരരൂപത്തെ ലൈംഗിക തതൃഷ്ണയുടെ പരസ്യപ്രകടന മായി കാണാതെ, ലൈംഗികത, കാമം, സ്നേഹം, സാന്ത്വനം ഇവ യെക്കുറിച്ചൊക്കെയുള്ള മലയാളി വ്യാഖാനങ്ങൾ പുനർ വിചിന്തനം ചെയ്യേണ്ടതിന്റെ ആവശ്യ

> സ്ത്രീകൾ സ്വകാര്യഇടങ്ങളെ മറികടന്ന് വ്യവസ്ഥാപിത മൂല്യങ്ങളിലെ രഹസ്യാത്മകമായ ഒരു ഊഷ്മളഭാവത്തെ സാമൂഹ്യകാരണത്തിനായി പൊതു ഇടങ്ങളിലേക്ക് കൊണ്ടു വന്നുവെന്നത് മുഖ്യധാരാരാഷ്ട്രീയസിദ്ധാന്തങ്ങളിൽ അവയുടെ പ്രയോഗവഴികളെയും അസ്വസ്ഥമാക്കുന്നതിൽ അത്ഭുതപ്പെടാനില്ല.



കതയായി കാണേണ്ടതുണ്ട്.

സ്ത്രീകൾ സ്വകാര്യഇടങ്ങളെ മറികടന്ന് വ്യവസ്ഥാപിത മൂല്യങ്ങളിലെ രഹസ്യാത്മകമായ ഒരു ഊഷ്മളഭാവത്തെ സാമൂഹ്യകാരണത്തിനായി പൊതു ഇടങ്ങളിലേക്ക് കൊണ്ടു വന്നുവെന്നത് മുഖ്യധാരാരാഷ്ട്രീയസിദ്ധാന്തങ്ങളിൽ അവയുടെ പ്രയോഗവഴികളെയും അസ്വസ്ഥമാക്കുന്നതിൽ അത്ഭുതപ്പെടാനില്ല. ഒരു സ്നേഹ ചുംബനത്തിന്റെ പ്രതിഷേധം പോലും താങ്ങാനാവാത്ത വിധം സാക്ഷരകേരളത്തിന്റെ ഇത്തരം കാര്യങ്ങളിലുള്ള രാഷ്ട്രീയ നിലപാടുകൾ ഇടതുവലതു പ്രസ്ഥാനങ്ങൾക്കൊരുപോലെ അസഹ്യമാകുന്നതെന്തുകൊണ്ടാണ്? മതമൗലികവാദ പ്രസ്ഥാനങ്ങളിൽ നിന്നുള്ള പ്രതികരണം ആരെയും നിരാശപ്പെടുത്താനിടയില്ല.

എന്തായാലും തിരുവനന്തപുരത്തെ ചലച്ചിത്രമേളവേദിയിലെ പോലീസിടപെടൽ ചുംബനസമരത്തെ എതിർത്തവരെ നേരിടാനായിരുന്നു എന്ന പത്രവാർത്ത സ്വാഗതാർഹമാണ്. ഈ ചലച്ചിത്രമേളകൾ മത/ സമുദായ/ രാഷ്ട്രീയ നിറമില്ലാത്ത അപൂർവ്വ 'ഉത്സവ'മാണെന്നാണെന്റെ പരിമിതമായ അനുഭവങ്ങൾ കാണിക്കുന്നത്. ഇത്തരം സിനിമകൾ പലതും ആധുനിക ജീവിതത്തിന്റെ ലൈംഗികതയടക്കമുള്ള സങ്കീർണ്ണതകളെക്കുറിച്ച് കൂടുതൽ മാനുഷികവും, സ്വതന്ത്രവും നീതിപൂർവ്വകവുമായ ഉൾക്കാഴ്ചകൾ തരുന്ന കാലത്തിന്റെ കണ്ണാടിയാണെന്നോർക്കണം. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇത്തവണത്തെ വിപുലമായ പോലീസ് വിന്യാസം ങ്ങളോട് കാണിക്കാത്ത ജാഗ്രത സാംസ്കാരിക ഇടങ്ങളിലേക്കെത്തുന്നു. എത്ര ഇടുങ്ങിയ ലെൻസിലൂടെയാണ് നമ്മുടെ ലൈംഗിക കാഴ്ചകൾ? എത്തരം മാനദണ്ഡങ്ങളാണതിനുപയോഗിക്കുന്നത്? നല്ല തടിമിടുക്കുള്ള ഒരു ചെറുപ്പക്കാരൻ പ്രതിനിധി പോലീസിന്റെ നീണ്ട നിരകണ്ട് "എനിക്ക് പേടിയാവുന്നു" എന്നു പറഞ്ഞത് ഞാനോർക്കുന്നു.

മറ്റൊന്ന് സ്ത്രീകളുടെ ഡ്രസ്സ് കോഡാണ്. പെൺകുട്ടികൾ ജീൻസിടുന്നതിലുള്ള സമൂഹത്തിന്റെ വൈമുഖ്യം അത് പുരുഷ ലൈംഗികതയെ പ്രകോപിപ്പിക്കുമെന്ന മിഥ്യാധാരണയിലാണ്. ഒരു വേഷത്തിന്റെ മറവിൽ വിധ്വംസകമാവുന്ന പുരുഷലൈംഗികത എത്ര അരക്ഷിതവും കപടവുമാണ്? എല്ലാകുറ്റങ്ങളും വേട്ടയാടപ്പെട്ടവളിലാരോപിക്കുന്ന ചൂഷണതന്ത്രം. സ്വന്തം തെറ്റുകളും അധാർമ്മികതയും

സ്ത്രീകളുടെ ആരോഗ്യത്തെ നിർണ്ണയിക്കുന്നതിൽ ലൈംഗികതയടക്കമുള്ള ജീവിതസാഹചര്യങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്. സ്വന്തം ചുറ്റുപാടുകളും സമൂഹവുമായി സംവദിച്ചുകൊണ്ടുമാണ് ഓരോരുത്തരുടെയും ആരോഗ്യം രൂപപ്പെടുന്നത് എന്നതുകൊണ്ടാണ് ലൈംഗികതയും സാമൂഹ്യ-രാഷ്ട്രീയ സാഹചര്യങ്ങളും സാമ്പത്തികസ്ഥിതിയും, ജാതി, മത, ലിംഗ വ്യത്യാസങ്ങളും ആരോഗ്യവിശകലനത്തിൽ പ്രധാനമാവുന്നത്




മേൽപറഞ്ഞ സദാചാര പോലീസുകാരെ മാത്രം നേരിടാൻ 'നിഷ്കളങ്കമായി' നടത്തിയതാണെന്ന് കരുതാൻ പ്രയാസമാണ്. 'ലൈംഗികരംഗങ്ങൾ കാണാനെത്തുന്നവരെ'ന്ന് അപമാനിക്കപ്പെട്ട പ്രതിനിധികളെ കൂടിക്കരുതിയാവണം ഇത്. സാഹിത്യാസ്വാദന പൊതുഇടങ്ങളിലെ നിയന്ത്രണത്തിന്റെയും അച്ചടക്കപാലനത്തിന്റെയും മേലാള ഇടപെടലുകൾ! ചിലരെങ്കിലും തീർച്ചയായും ഇവിടെ അപമാനകരമായി പെരുമാറുന്നുണ്ട്. എങ്കിലും മറ്റ് പൊതുസ്വകാര്യ ഇടങ്ങളിലെ വലിയതോതിലുള്ള അതിക്രമ എറ്റെടുത്ത് തുറന്നുപറയാനുള്ള സദാചാരനിഷ്ഠ നമുക്ക് ഓരോരുത്തർക്കും ഭൂഷണമാണ്. സ്നേഹ ചുംബനങ്ങൾ വറ്റിപ്പോയ ഒരു സമൂഹത്തിന്റെ അശ്ലീലമാണ് പലപ്പോഴും വികൃത ലൈംഗിക പ്രകടനത്തിലൂടെ സ്ത്രീകളെയും പെൺകുട്ടികളെയും അപമാനിക്കുന്നതെന്ന് നാമെന്നാണ് തിരിച്ചറിയുന്നത്?

**സ്ത്രീ ആരോഗ്യത്തിന്റെ വിവിധമാനങ്ങൾ**

സ്ത്രീകളുടെ ആരോഗ്യത്തെ നിർണ്ണയിക്കുന്നതിൽ ലൈംഗികതയടക്കമുള്ള ജീവിതസാഹചര്യങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്.

സ്വന്തം ചുറ്റുപാടുകളും സമൂഹ വുമായി സംവദിച്ചുകൊണ്ടാണ് ഓരോരുത്തരുടെയും ആരോഗ്യം രൂപപ്പെടുന്നത് എന്നതുകൊണ്ടാണ് ലൈംഗികതയും സാമൂഹ്യ-രാഷ്ട്രീയ സാഹചര്യങ്ങളും സാമ്പത്തികസ്ഥിതിയും, ജാതി, മത, ലിംഗ വ്യത്യാസങ്ങളും ആരോഗ്യവിശകലനത്തിൽ പ്രധാനമാവുന്നത്. ഭൗതികസാഹചര്യങ്ങൾക്കപ്പുറമുള്ള ധാർമ്മിക, നൈതികമണ്ഡലങ്ങളിലെ ഇടപെടലുകളും ആരോഗ്യത്തെ/അനാരോഗ്യത്തെ ബാധിക്കുന്നു.

കേരളത്തിലെ കുറഞ്ഞ മരണനിരക്കോ, താഴുന്ന ഫെർട്ടിലിറ്റി നിരക്കോ പലപ്പോഴും സ്ത്രീകളുടെ ജീവിതത്തിന്റെ ഗുണനിലവാരത്തെ സൂചിപ്പിക്കുന്നില്ല. മറിച്ച്, കേരളത്തിലെ സ്ത്രീകൾക്കിടയിലെ മാനസികസമ്മർദ്ദവും വിഷാദവും പുരുഷന്മാരുടെ ദേശീയ/അന്തർദ്ദേശീയ നിലവാരത്തെക്കാൾ വളരെ കൂടുതലാണെന്ന് സമീപകാലപഠനങ്ങൾ കാണിക്കുന്നു. കേരളത്തിലെ സ്ത്രീ-പുരുഷബന്ധങ്ങളിലെ പാരസ്പര്യമില്ലായ്മയും പുരുഷ അധീശത്വവും ഇതിന് കാരണമായേക്കാം. സ്ത്രീകൾക്ക് സ്വന്തം വ്യക്തിത്വവികാസത്തിനും സ്വയം പ്രകാശനത്തിനുമുള്ള കുടുംബ-സാമൂഹ്യ അവസരങ്ങൾ വിരളമാണെന്നത് പലപ്പോഴും മാനസിക സംഘർഷങ്ങൾക്കും പിരിമുറുക്കങ്ങൾക്കും ഇടനൽകുന്നതാണ്. പൊതുവെ ഉയർന്നതോതിലുള്ള ആത്മഹത്യാനിരക്കും പുരുഷന്മാരേക്കാൾ ഉയർന്നനിരക്കിലുള്ള ആത്മഹത്യാശ്രമവും ഇത്തരം കാര്യങ്ങളുമായി ബന്ധപ്പെട്ടാണോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ലൈംഗികതയെക്കുറിച്ചുള്ള അബദ്ധധാരണകളും ആൺപെൺ അസ്പൃശ്യതയുടെ പാഠങ്ങളും പഠിച്ചുവരുന്ന നമ്മുടെ കൗമാരക്കാരായ പെൺകുട്ടികളുടെ മാനസികസംഘർഷങ്ങളുടെ തോത് വർദ്ധിച്ചുവരുകയാണെന്ന് കുട്ടികളുടെ മനോരോഗ വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു. ധാർമ്മികവും നൈതികവുമായ

**കേരളത്തിലെ കുറഞ്ഞ മരണനിരക്കോ, താഴുന്ന ഫെർട്ടിലിറ്റി നിരക്കോ പലപ്പോഴും സ്ത്രീകളുടെ ജീവിതത്തിന്റെ ഗുണനിലവാരത്തെ സൂചിപ്പിക്കുന്നില്ല. മറിച്ച്, കേരളത്തിലെ സ്ത്രീകൾക്കിടയിലെ മാനസികസമ്മർദ്ദവും വിഷാദവും പുരുഷന്മാരേക്കാൾ ദേശീയ/അന്തർദ്ദേശീയ നിലവാരത്തെക്കാൾ വളരെ കൂടുതലാണെന്ന് സമീപകാലപഠനങ്ങൾ കാണിക്കുന്നു. കേരളത്തിലെ സ്ത്രീ-പുരുഷബന്ധങ്ങളിലെ പാരസ്പര്യമില്ലായ്മയും പുരുഷ അധീശത്വവും ഇതിന് കാരണമായേക്കാം**

ഏകതാനതയിലൂന്നിയ സാമൂഹ്യ/ആരോഗ്യ വ്യവഹാരങ്ങൾ ലൈംഗികതയുമായോ അതുമായി ബന്ധപ്പെടാത്തതോ ആയ വ്യത്യസ്തതയിലൂന്നുന്ന പെരുമാറ്റങ്ങളെ തിരസ്ക്കരിക്കുന്നു എന്നതുതന്നെ ശാരീരിക, മാനസികാരോഗ്യത്തിന് ഹാനികരമാണ്.

ഇത്തരം കാര്യങ്ങളിൽ മാത്രമല്ല സ്ത്രീകളുടെ രോഗാതുരതയിലും കേരളം ദേശീയ ശരാശരിയേക്കാൾ വളരെ മുന്നിലാണ്. രോഗാതുരത, രോഗസാധ്യത, ആരോഗ്യസേവനങ്ങളുടെ പ്രാപ്യതക്കുറവ് (lack of access) ഇവയിലൊക്കെ കേരളത്തിലെ സ്ത്രീകളുടെ നില പുരുഷന്മാരെ അപേക്ഷിച്ച് കൂടുതലാണെന്ന് പല സമീപകാലപഠനങ്ങളും കാണിക്കുന്നു. ഇവയെല്ലാം കേരളത്തിന്റെ ലിംഗവിവേചനത്തിന്റെ പ്രതിഫലനംകൂടിയാണ്. ഇത്തരം കാര്യങ്ങളിൽ സ്ത്രീകൾ മാത്രമല്ല ദളിതർ, ആദിവാസികൾ, ദരിദ്രർ തുടങ്ങിയവരും മറ്റുള്ളവരെ അപേക്ഷിച്ച് പിമ്പിലാണെന്നത് സമൂഹത്തിലെ വിവേചനവും പാർശ്വവൽക്കരണവും എങ്ങനെയാണ് ആരോഗ്യത്തിൽ പ്രതിഫലിക്കുന്നതെന്ന് കാണിച്ചുതരുന്നു. ദേശീയസാമ്പിൾസർവ്വെകണക്കുകൾപ്രകാരം കേരളത്തിൽ പകുതിയിലധികം (56%) സ്ത്രീകൾക്ക് മാത്രമേ ചികിത്സനേടുന്നതിന് വേണ്ടി സ്വയം തീരുമാനമെടുക്കാനാവുന്നുള്ളു. സ്വന്തം വരുമാനം എങ്ങിനെ ചിലവഴിക്കണമെന്ന് തീരുമാനിക്കുന്നത് പകുതിയിൽ താഴെ (42%) പേരും. സ്ത്രീകൾക്ക് സ്വയം നിർണ്ണയാനുഭവങ്ങൾക്കുള്ള സാഹചര്യങ്ങൾ വളരെ കുറവാണെന്നാണിതിന്റെ അർത്ഥം. ആരോഗ്യമേഖലയും രാഷ്ട്രീയനയങ്ങളും സമൂഹവും  എത്തരം നടപടികളാണ് സ്ത്രീകളുടെ ആരോഗ്യത്തിന് കൈക്കൊള്ളുന്നതെന്ന് വിശകലനം ചെയ്യാൻ ഇവിടെ മുതിരുന്നില്ല. ആരോഗ്യം എന്നത് രോഗമില്ലാത്ത അവസ്ഥമാത്രമല്ലല്ലോ. നമ്മുടെ ലൈംഗികവും ധാർമ്മികവും വൈകാരികവും നൈതികവുമായ സുസ്ഥിതികൂടിയാണെന്നോർക്കുമ്പോൾ കേരളത്തിലെ സ്ത്രീജീവിതം പൊതുസ്വകാര്യ ഇടങ്ങളിൽ കുറെക്കൂടി നീതിപൂർവ്വകവും ജനാധിപത്യപരവുമാകാൻ ആശിക്കുന്നു.

●

*തിരുവനന്തപുരത്ത് പബ്ലിക് ഹെൽത്ത് റിസർച്ചർ & കൺസൾട്ടന്റാണ് സി.യു.ത്രേസ്യ.*



ഫർഹാന ഷിറിൻ

ഈയിടെ ഏഷ്യാനെറ്റിലെ 'നമ്മൾ തമ്മിൽ' എന്ന പരിപാടിയിൽ ചുംബനസമരത്തെപ്പറ്റി നടന്ന സംവാദത്തിൽ ഒരു ചെറുപ്പക്കാരൻ പറഞ്ഞ കമന്റ് "എല്ലാ പൂട്ടുകളും തുറക്കുന്ന താക്കോലിനെ എല്ലാവരും നല്ലതാണെന്നേ പറയൂ. എന്നാൽ എല്ലാ താക്കോലുകൊണ്ടും തുറക്കാൻ പറ്റുന്ന പൂട്ടിനെ നല്ലതെന്ന് ആരും പറയില്ല" എന്നായിരുന്നു. സദസ്സിലെ ഭൂരിഭാഗവും കയ്യടിയോടെയാണിത് സ്വീകരിച്ചത്. വീട്ടിൽ ടിവി കണ്ടുകൊണ്ടിരുന്ന ഉപ്പ ഹൃദ്യമായിത്തന്നെ ഇതിനെ കണ്ടപ്പോൾ ഉമ്മ പക്ഷേ പെണ്ണുങ്ങൾ പറയണ്ടാത്ത കാര്യമായതിനാലാവണം ഒന്നും മിണ്ടിയില്ല. എനിക്ക് പക്ഷേ നന്നായി ദേഷ്യം വന്നു. ഇത്തരം സന്ദർഭങ്ങളിലാണ് ഇന്നെനിക്ക് തീർത്തും നഷ്ടപ്പെട്ടു എന്ന് തോന്നുന്ന എന്റെ കഴിഞ്ഞുപോയ ജെൻഡർ, ഇക്കോളജി&ദളിത് സ്റ്റഡീസിന്റെ എം.എ. പഠനമുറി ഞാൻ ഓർക്കുന്നത്. ആ ക്ലാസ്സ്റൂം തന്നിരുന്ന 'ഇടം' വേറെ എവിടേയും ലഭിക്കുകയില്ല എന്ന നിരാശയും ഒപ്പും അനുഭവപ്പെടുന്നു.

ലൈംഗികത എന്ന വാക്കിന് പൊതുസമൂഹം നൽകിയിട്ടുള്ള അർത്ഥങ്ങൾ എന്തൊക്കെയാണോ അത് മാത്രം ഉൾക്കൊള്ളുകയും സമൂഹത്തിന്റെ പുരുഷാധിപത്യ മൂല്യങ്ങൾക്ക് വിധേയപ്പെട്ട് ജീവിക്കുകയും ചെയ്തുപോരുന്ന ഭൂരിപക്ഷം സമൂഹത്തിന്റേയും കൂടെത്തന്നെയാണ് ഞാനും വളർന്നത്. ലൈംഗികതയെക്കുറിച്ചുള്ള സംശയങ്ങളോ പരാമർശങ്ങളോ പോലും ഉണ്ടായാൽ തീർത്തും അവഗണിക്കുകയും ശാസിക്കുകയും ചെയ്യുന്ന കുടുംബസാഹചര്യമാണെനിക്കുമുണ്ടായിരുന്നത്. ബസ്സിൽ അപമര്യാദയായി പെരുമാറിയ ആ

# കുടുംബം, പൊതുയിടം, ക്ലാസ്സുമുറി : ലൈംഗികതയുടെ പൊതുവ്യവഹാരരൂപങ്ങൾ



ളോട് പ്രതികരിച്ചതിന്റെ പേരിൽ ശകാരിക്കുകയും ഇരുട്ടിയശേഷമുള്ള എന്റെ യാത്രകളെ മുടക്കുകയും ചെയ്യാൻ ശ്രമിച്ചിട്ടുണ്ട് എന്റെ വീട്ടുകാർ.

മദ്രസ്സ പഠനകാലത്ത് ഉസ്താദ് ക്ലാസ്സിൽ മുഹമ്മദ്നബിയുടെ ആകാശയാത്രയെക്കുറിച്ച് പറഞ്ഞുതന്നതോർക്കുന്നു. നബി നരകത്തിൽ ഏറ്റവും അധികം കണ്ടത് സ്ത്രീകളെ ആയിരുന്നുവത്രെ. അവരിൽ ഭൂരിഭാഗവും വ്യഭിചാരിണികൾ ആയിരുന്നുപോലും. ഉസ്താദ് തുടർന്നു, "അതുകൊണ്ട് പെൺകുട്ടികളേ, നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. അള്ളാഹു നരകത്തിൽ നിന്നും നിങ്ങളെ കാത്തുരക്ഷിക്കട്ടെ". ഇതേ ഉസ്താദ് തന്നെ ഖുർആൻ പഠിപ്പിക്കാനെന്ന വ്യാജേന പെൺകുട്ടികളെ അടുത്തു ചേർത്തുനിർത്തി അവരുടെ തുടയുടെ മുകളിലൂടെ കൈയ്യോടിക്കുന്നതിന്റെ വൈരുദ്ധ്യം ഇന്ന് തിരിച്ചറിയാനാവുന്നു. സ്വന്തം ലൈംഗികതയിലെ ശരിതെറ്റുകൾ അസ്വസ്ഥമാക്കിത്തുടങ്ങിയതിന്റെ ആദ്യാനുഭവങ്ങൾ.

സ്കൂളിലാവട്ടെ ജീവശാസ്ത്രം പഠിപ്പിക്കുന്ന ക്ലാസ്സിൽ പ്രത്യുൽപാദനത്തെക്കുറിച്ചുള്ള പാഠം ഇംഗ്ലീഷിലാണ് പഠിപ്പിച്ചത്. സംശയങ്ങളെന്തെങ്കിലും ഉണ്ടെങ്കിൽ കടലാസ്സിൽ എഴുതിക്കൊടുക്കണമെന്ന് ഞങ്ങളോട് ആവശ്യപ്പെടുകയും ചെയ്തു. ഞാൻ മാത്രം 'അശ്ലീല' സംശയങ്ങൾ ചോദിച്ച് മോശക്കാരിയാവരുത് എന്നു കരുതി മിണ്ടാതിരുന്നെങ്കിലും എല്ലാ സംശയങ്ങളും ബാക്കി നിൽക്കേതന്നെ ജീവശാസ്ത്രത്തിൽ A+ നേടുകയുണ്ടായി!

കോളേജിലെത്തി മലയാളം ഐച്ഛികവിഷയമായെടുത്തു പഠിക്കുന്ന ബിരുദക്ലാസ്സിൽ ലീലയും നളിനിയും വായിച്ച് കോരിത്തരിച്ചിരുന്നു. മാംസനിബദ്ധമല്ല പ്രണയം എന്ന വിഷയത്തിൽ ചർച്ചതുടർന്നപ്പോൾ ആണെന്നോ അല്ലയെന്നോ പറയണമെന്നറിയാതെ ഞാൻ വലഞ്ഞു. ലൈംഗികത തീർത്തും കാല്പനികമായ ഒന്നായി മാറി. ഇങ്ങനെയൊക്കെയാണെങ്കിലും ഷക്കീലയുടെ ചിത്രങ്ങൾ രഹസ്യമായി മൊബൈലിൽ കണ്ടുകൊണ്ടിരുന്നവരുടെ സംഘത്തിൽ ഒട്ടധികം ഭയത്തോടെ ചെന്നിരുന്ന് അത് കാണാൻ ശ്രമിച്ചിട്ടുണ്ട്.

യാദൃശ്ചികമായാണ് കാലടി ശ്രീശങ്കരാചാര്യസംസ്കൃത സർവ്വകലാശാലയിലെ ജെൻണ്ടർ, ഇക്കോളജി & ദളിത് സ്റ്റഡീസ് എന്ന ബിരുദാനന്തര ബിരുദ കോഴ്സിനെക്കുറിച്ചറിയുന്നതും പഠിക്കാൻ പ്രവേശനമെടുക്കുന്നതും. ഞാൻ എത്തിയപ്പോഴേക്കും ക്ലാസ്സുകൾ പതുക്കെ തുടങ്ങിയിരുന്നു. മുമ്പെവിടെയും കേട്ടിട്ടില്ലാത്തതുകൊണ്ട് ഈ കോഴ്സ് എന്താണെന്നൊരു ജിജ്ഞാസയിലായിരുന്നു. കാമ്പസ്സിലെ പൊതു സംസാരങ്ങളിൽ ലൈംഗികതയെക്കുറിച്ച് പഠിപ്പിക്കുന്ന കോഴ്സാണെന്നും നീലച്ചിത്രങ്ങൾ കാണാൻ അവസരമുണ്ടാകുമെന്നും ഒക്കെയുള്ള പരാമർശങ്ങളും കളിയാക്കലുകളും ഉണ്ടായി.

വ്യക്തി എന്ന നിലയിൽ എന്നെ ഏറ്റവും അധികം സ്വാധീനിച്ച ഒരു പഠനാനുഭവമായി അത് ക്രമേണ മാറി. ക്ലാസ്സിൽ നടക്കാറുള്ള ചർച്ചകൾ, സെമിനാറുകൾ, പ്രബന്ധാവതരണങ്ങൾ ഒക്കെയും എന്റെ ചിന്തകൾക്ക് പുതിയൊരു തലം നൽകുകയായിരുന്നു. ക്ലാസ്സ്മുറിയുടെ ഘടനപോലും എനിക്ക് പുതുതായിരുന്നു. അർദ്ധവൃത്താകൃതിയിൽ കസേരയിട്ട് ആണും പെണ്ണും ഇടകലർന്ന് ഇരിക്കണം. ഞങ്ങളുടെ ഇഷ്ടത്തിന് ആരുടെ കൂടെയും ഇരിക്കാനുള്ള സ്വാതന്ത്ര്യം. എന്നെ സംബന്ധിച്ചിടത്തോളം ഇത് തികച്ചും പുതിയ അനുഭവമായിരുന്നു. ചെറിയക്ലാസ്സുകൾ മുതൽ ആൺകുട്ടികളും പെൺകുട്ടികളും ദൂരെ മാറി ഇരുന്നുള്ള അനുഭവമേ എനിക്കന്നുവരെ ഉണ്ടായിരുന്നുള്ളൂ. ക്ലാസ്സിൽ സർവ്വസ്വാതന്ത്ര്യത്തോടെ ഏതഭിപ്രായവും പറയാനുള്ള അവസരം ഞങ്ങൾക്കുണ്ടായിരുന്നു.

സ്വവർഗ്ഗരതിയെക്കുറിച്ചുള്ള ഒരു ചലച്ചിത്രം ഞാൻ ആദ്യമായി കാണുന്നതിവിടെ വെച്ചാണ്. സ്വവർഗ്ഗ വിദ്വേഷിയായ ഒരു സാമൂഹ്യാന്തരീക്ഷത്തിൽ വളർന്നുവന്ന എനിക്ക് ആദ്യമാദ്യം ഏറെ വെറുപ്പാണുണ്ടായത്. പക്ഷേ പതുക്കെ പതുക്കെ എന്റെ ധാരണകൾക്കും മനോഭാവങ്ങൾക്കും മാറ്റമുണ്ടാവാൻ തുടങ്ങി. വ്യവസ്ഥാപിതമെന്നു ഉൾകൊണ്ട പല ധാരണകളും -സ്വവർഗ്ഗരതി, സ്വത്വസംഘർഷങ്ങൾ, പുരുഷാധിപത്യം, ദലിത് അനുഭവങ്ങൾ തുടങ്ങിയ വിഷയങ്ങളിലെ ഡോക്യുമെന്ററികൾ ധാരാളം കണ്ടപ്പോൾ മാറ്റിത്തിരുത്തേണ്ടതായി വന്നു. ഇത് വലിയൊരവസരം തന്നെയായിരുന്നു.

ലൈംഗികതയെക്കുറിച്ചൊരു പ്രത്യേക സെഷൻ ഉണ്ടായിരുന്നു കോഴ്സിന്റെ ഭാഗമായി. ലൈംഗികത എന്ന വാക്ക് കേൾക്കുമ്പോൾ മനസ്സിൽ വരുന്ന എന്തും ഞങ്ങളെഴുതണം. സത്യസന്ധമായി. ഓർമ്മകൾ, ചിന്തകൾ, ആശങ്കകൾ, ആവശ്യങ്ങൾ എന്തും എഴുതാം. ഞങ്ങളെഴുതിയത് വായിച്ചശേഷം പിന്നെ ചർച്ചയായിരുന്നു. അതിൽ ചില അഭിപ്രായങ്ങൾ :

എന്റെ ഒരു സുഹൃത്തിനോട് ചെറുപ്പത്തിൽ അവളുടെ കൂട്ടുകാരി പറഞ്ഞുകൊടുത്തത് പുരുഷന്മാരുടെ ദേഹത്ത് തൊട്ടാൽ ഗർഭിണിയാകുമെന്നാണ്. ഇതുപ്രകാരം ബസ്സിൽവെച്ച് കണ്ടക്ടർ നിരന്തരം ദേഹത്തുരുമ്മി കടന്നു

വ്യക്തി എന്ന നിലയിൽ എന്നെ ഏറ്റവും അധികം സ്വാധീനിച്ച ഒരു പഠനാനുഭവമായി അത് ക്രമേണ മാറി. ക്ലാസ്സിൽ നടക്കാറുള്ള ചർച്ചകൾ, സെമിനാറുകൾ, പ്രബന്ധാവതരണങ്ങൾ ഒക്കെയും എന്റെ ചിന്തകൾക്ക് പുതിയൊരു തലം നൽകുകയായിരുന്നു. ക്ലാസ്സ്മുറിയുടെ ഘടനപോലും എനിക്ക് പുതുതായിരുന്നു.

പോയപ്പോൾ അന്നനുഭവിച്ച വേവലാതി അവൾ വിവരിച്ചു. മറ്റൊരു സഹപാഠി പറഞ്ഞത് ലൈംഗിക വേഴ്ചയെന്നാൽ നീലച്ചിത്രങ്ങളുടെ 'പാഠ'ങ്ങൾ ഉൾക്കൊണ്ട് നടത്തപ്പെടേണ്ടതാണെന്നാണ്. അവന്റെ ഭൂരിഭാഗം സുഹൃത്തുക്കളും നീലച്ചിത്രങ്ങളിലെ പ്രതിനിധാനങ്ങൾ യഥാർത്ഥ അനുഭവങ്ങളിലേക്കുള്ള വിരൽചൂണ്ടലുകളാണെന്ന് ധരിച്ചിരിക്കുകയായിരുന്നു വത്രെ. ലൈംഗികബന്ധത്തിൽ ഏർപ്പെടുമ്പോൾ പുരുഷന്മാർ എങ്ങനെയാണ് പെരുമാറേണ്ടതെന്നും സ്ത്രീകൾ എങ്ങനെയാണ് പെരുമാറേണ്ടതെന്നുമുള്ള ചില വ്യവസ്ഥാപിത ധാരണകളിലായിരുന്നു ഞങ്ങളെല്ലാവരും. പെൺശരീരം എന്നാൽ തീർത്തുമൊരു ലൈംഗികവസ്തു എന്നായിരുന്നു പൊതുകാഴ്ച. വളർന്നുവന്ന സാഹചര്യങ്ങളും നിലനിൽക്കുന്ന സാമൂഹ്യമനോഭാവങ്ങളും ഞങ്ങളിലൊക്കെയും ഇത്തരം ധാരണകളാണ് വളർത്തിയത്.

ലൈംഗികതയെന്നാൽ സംസ്കാരസൃഷ്ടികൂടിയാണ് വലിയൊരളവോളം എന്ന് ടീച്ചർ മനസ്സിലാക്കിത്തന്നു. ലൈംഗികതയെ സംബന്ധിച്ച് പുരുഷാധിപത്യസമൂഹം നിർമ്മിച്ചുവെച്ചിട്ടുള്ള പല നിയമങ്ങളിലൂടെയുമാണ് നാം കടന്നു പോവുന്നതെന്ന് തിരിച്ചറിയാനായി. ഞങ്ങളെ പഠിപ്പിക്കുകയല്ല മറിച്ച് ഈ സാഹചര്യങ്ങൾ തിരിച്ചറിയാൻ ഞങ്ങൾക്ക് അവസരമൊരുക്കുകയാണുണ്ടായത്. ഒരു ക്ലാസ്സ് കൊണ്ട് എല്ലാം മനസ്സിലായി എന്നല്ല. രണ്ടുവർഷം കൊണ്ട് ഞങ്ങൾ പരുവപ്പെട്ടു എന്നതാണ് ശരി. സാമ്പ്രദായികമായ പഠനമുറികളെ വിട്ട് നിലനിൽക്കുന്ന വ്യവസ്ഥാപിത ധാരണകളെ തകർക്കാൻ ലക്ഷ്യമിടുന്നതായിരുന്നു ഞങ്ങളുടെ പാഠ്യപദ്ധതി.

പഠനത്തിന്റെ ഭാഗമായി പലതരം ക്യാമ്പുകൾ- യൂത്ത് ഡയലോഗ്, സഹയാത്രിക തുടങ്ങിയവരുടെ- പങ്കെടുക്കാനും പല മുന്നേറ്റങ്ങളുടേയും സജീവപ്രവർത്തകരുമായി സംവദിക്കാനും അവസരങ്ങൾ ലഭിച്ചത് വലിയ നേട്ടമായി. എല്ലാ സെമസ്റ്റർ അവസാനത്തിലും നടത്തേണ്ടുന്ന ഫീൽഡ് വർക്ക് ആയിരുന്നു മറ്റൊരു പ്രധാനപ്രവർത്തനം. ആൺകുട്ടികളും പെൺകുട്ടികളും ഇടകലർന്ന് കൊച്ചുസംഘങ്ങളായി പരിസ്ഥിതി, ദലിത്, ആദിവാസി പ്രശ്നങ്ങൾക്കു വേണ്ടി സമരങ്ങൾ നടക്കുന്നയിടങ്ങളിലൊക്കെയായിരുന്നു യാത്ര. ഈ യാത്രകളിൽ അദ്ധ്യാപകരുടെ സഹായമോ അകമ്പടിയോ ഇല്ലാതെ സ്വന്തം വഴി വെട്ടിത്തെളിച്ച്, ഉള്ള സൗകര്യങ്ങളിൽ ജീവിച്ച്, ആൺപെൺഭേദമില്ലാതെ ചിലപ്പോൾ ഒരേ കട്ടിലിൽ കിടന്നുറങ്ങിപ്പോലും കഴിയാൻ ഞങ്ങൾ പാകപ്പെട്ടു. പുരുഷനും സ്ത്രീയും തമ്മിൽ ഒന്നിച്ചുകൂടുന്നിടത്തൊക്കെ ലൈംഗികത മാത്രമേ സാധ്യമാവൂ എന്ന ഇടുങ്ങിയ 'സദാചാരപോലീസ്' ധാരണകളെ ഞങ്ങൾ വെട്ടിത്തിരുത്തി. ഞങ്ങൾക്കെല്ലാവർക്കും സ്വയം വ്യക്തികളായി നിൽക്കാൻ ഉള്ള അവസരം കൂടിയായിരുന്നു അത്.

ക്ലാസ്സ്റൂമിൽ ഒതുങ്ങിനിൽക്കാതെ ക്യാമ്പസ്സിൽത്തന്നെ ലൈംഗികതയുമായി ബന്ധപ്പെട്ട സംവാദസദസ്സുകളും സെമിനാറുകളും ലഘുനാടകങ്ങളുമൊക്കെ ഞങ്ങൾ നടത്തി. ജെൻഡർ പഠനവും പരിസ്ഥിതി പഠനവും ദലിത്പഠനവും ലൈംഗികതയെ പ്രശ്നവത്കരിച്ചുകൊണ്ടുതന്നെ മാത്രമേ നടത്താൻ സാധിക്കൂ എന്ന തിരിച്ചറിവ് ഞങ്ങൾക്കുണ്ടായി.

നമ്മുടെ ലൈംഗികബോധത്തെ സംബന്ധിക്കുന്ന പ്രതിസന്ധികൾ ഏറെയാണ്. പരമ്പരാഗതമായ കുടുംബമൂല്യങ്ങളും സ്ത്രീയെ നിയന്ത്രിക്കുന്ന സാമൂഹികവിലക്കുകളും അതിനെ ന്യായീകരിക്കുന്ന ചട്ടക്കൂടുകളുമാണ് നിലവിലുള്ളത്. എല്ലാ മണ്ഡലങ്ങളിലും നിറഞ്ഞുനിൽക്കുന്ന സ്ത്രീവിരുദ്ധതയാണ്. ഇതിന് പ്രധാന ആയുധമായി ഉപയോഗിക്കുന്നത് ലൈംഗികതയുമാണെന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്.

സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ ഏറിവരികയാണ്. ഡൽഹിയിൽ അക്രമികൾ ബസ്സ് ജീവനക്കാരായിരുന്നപ്പോൾ, കാശ്മീരിലും മണിപ്പൂരിലും അത് സൈനികരായിരുന്നു. ഗുജറാത്തിൽ വർഗ്ഗീയശക്തികളും, കേരളത്തിൽ മന്ത്രിമാരും ഉദ്യോഗസ്ഥപ്രമുഖരും ഈ ഹിംസയിൽ മുന്നിൽതന്നെയുണ്ട്. പ്രാർ



ത്ഥനാലയങ്ങളിൽ നാനാമതപ ണ്ഡിതന്മാരും പുരോഹിതരും ആൾദൈവങ്ങളും ഇത്തരം ഹീന പ്രവൃത്തികളിൽ ഉൾപ്പെടുന്നതാ യി കാണാം. ചിലപ്പോൾ അ ച്ഛനോ സഹോദരനോ അധ്യാപ കനോ സഹപാഠിയോ സഹയാ ത്രികനോ ഒക്കെയുമാകാം. ഇക്കാ ര്യത്തിൽ പ്രായമോ സ്ഥാനമോ ബന്ധുത്വമോ ഒന്നും തടസ്സമാകു ന്നില്ല. സംരക്ഷകരുടെ സ്ഥാന ത്തു നിൽക്കേണ്ടവരാണ് ഇവരിൽ പലരും എന്നതാണിതിലെ വൈരു ദ്ധ്യം.

സമൂഹത്തിന്റെ അനാവശ്യ ക ല്പനകളെ മറികടന്ന് സ്വന്തം ശ രീരത്തെ ബഹുമാനിക്കാനും അ തെക്കുറിച്ചുള്ള തീരുമാനങ്ങളെടു ക്കാനും സ്ത്രീകൾ ശക്തരാവേ ണ്ടതാണ്. ലൈംഗികത എന്നത് സ്വകാര്യമായി മാത്രം ചർച്ചചെയ്യ പ്പെടേണ്ട ഒന്നാണ് എന്നതാണ് പൊതുസങ്കല്പം. ഈ വാദം ത ന്നെയാണ് സ്വന്തം ലൈംഗികത യെക്കുറിച്ച് മനസ്സിലാക്കാനും ആ വിഷ്ക്കരിക്കാനും ശ്രമിക്കുന്ന സ് ത്രീകൾക്കു നേരെ പ്രയോഗിക്ക പ്പെടുന്നത്.

ഓരോ വ്യക്തിയും ലൈംഗിക തയിൽ നടത്തുന്ന തെരഞ്ഞെടു പ്പുകളുടേയും മുൻഗണനകളു ടേയും തലങ്ങൾ എന്തെല്ലാമാ ണെന്ന് സമൂഹം ഉൾക്കൊള്ളുന്ന ത് ജനാധിപത്യത്തിന്റെ ആദ്യപടി യാണ്. ഇതിനുതകുന്ന അന്തരീ ക്ഷം സൃഷ്ടിക്കാൻ ലൈംഗികവി ദ്യാഭ്യാസം ആവശ്യമാണ്. എന്റെ ശരീരം എന്റെ അവകാശമാണ് എന്ന ബോധം ഉളവാക്കുകയും ലൈംഗികതയെ ആനന്ദത്തിന്റെ യും ആസ്വാദനത്തിന്റേയും തല ത്തിൽ എത്തിക്കുകയും ചെയ്യുന്ന ത് വ്യക്തികളുടെ പരസ്പരസമ്മ തമാണെന്ന് നാം തിരിച്ചറിയണം. ഇതെല്ലാം വിദ്യാഭ്യാസത്തിന്റെ ഭാ ഗമാകേണ്ടതുണ്ട്.

കൂടുതൽ അറിവ് കൂടുതൽ സ്വാതന്ത്ര്യത്തിലേക്ക് ഉള്ളതായി രിക്കണം. കൂടുതൽ വിശാലമായ അർത്ഥതലത്തിലുള്ള ലൈംഗിക ജനാധിപത്യത്തെ സംബന്ധിക്കു ന്ന ധാരണകൾ സമൂഹത്തിൽ ആ ഴത്തിൽ പ്രചരിപ്പിക്കപ്പെടേണ്ട തുണ്ട്. വർത്തമാനകാല ലൈംഗി കപ്രതിസന്ധിയിൽ നിന്നും മോ ചിതരാവാൻ അത് നമ്മെ പ്രാപ്ത രാക്കേണ്ടതാണ്. അനുഭവമാണി തെന്നെക്കൊണ്ടു പറയിപ്പിക്കു ന്നത്. Personal is political എന്നല്ലേ? ●

*മലപ്പുറം എ.എം.യു.പി സ്കൂൾ അദ്ധ്യാപികയാണ് ഫർഹാന ഷിറിൻ.*

കവിത

**മായ പ്രമോദ്**

# എന്റെ യാത്ര



എന്റെ സ്വാതന്ത്ര്യം ഹനിക്കപ്പെട്ടു
എന്റെ മോഹങ്ങൾ ചതച്ചരക്കപ്പെട്ടു
എന്റെ സ്വപ്നങ്ങൾ ഇരുട്ടറകളാക്കപ്പെട്ടു
എന്നിലെ സ്ത്രീ എന്ന
വികാരം നശിക്കപ്പെട്ടു
ഞാൻ പോകട്ടെ യാത്രയായി
ഇരുട്ടു പരക്കുന്നു കിളികൾ
ചേക്കേറുന്നു.
ഞാൻ എന്റെ ഭാണ്ഡം മുറുക്കട്ടെ
യാത്ര ചോദിക്കാതെ
നിറങ്ങൾ ഇല്ലാത്ത
ലോകത്തിലേക്ക്






സജുല പി.

# ആരാച്ചാർ : സ്ത്രൈണലൈംഗികതയുടെ വൈരുദ്ധ്യാത്മകത

സ്ത്രീലൈംഗികതയെപ്പറ്റിയുള്ള ചിന്തകളെ 'ആരാച്ചാർ' എന്ന നോവലിലൂടെ സാധൂകരിക്കാനാണ്. കെ.ആർ.മീര ശ്രമിക്കുന്നത്. ആൺപെൺ ബന്ധങ്ങളെ അവയുടെ ഇഴയടുപ്പങ്ങളെ പലതരത്തിൽ പലകാലങ്ങളിൽ സാഹിത്യം അടയാളപ്പെടുത്തിയിട്ടുണ്ട്. ഇതിനുദാഹരണങ്ങൾ സരസ്വതിയമ്മ മുതൽ കെ.ആർ. മീര വരെയുള്ളവരുടെ രചനകളിൽ നമുക്കു കാണാം. ആൺപെൺ ബന്ധങ്ങളുടെ വ്യത്യസ്തകളെ, മാനസികവും വൈകാരികവുമായ വീക്ഷണ

ഒരേ സമയം വേട്ടക്കാരനായും കാമുകനായും ചേതനക്ക് സഞ്ജീവിനെ അനുഭവപ്പെടുന്നു. ഈ ഇരട്ടമുഖത്തോടു കൂടിയുള്ള അവരുടെ പ്രണയം ആൺപെൺ ലൈംഗികതയുടെ വ്യത്യസ്തതയെക്കൂടി അടയാളപ്പെടുത്തുന്നു.

സമൂഹജീവിതത്തിന്റെ സംഘർഷങ്ങളും വൈരുദ്ധ്യങ്ങളും അടയാളപ്പെടുത്തുന്ന ഒരു മേഖലയായി സാഹിത്യം ഇന്ന് മാറിയിട്ടുണ്ട്. സാമൂഹികമായ ശ്രേണീകരണങ്ങൾ, സംസ്ക്കാരങ്ങൾ, ജീവിതങ്ങൾ എന്നിവയുടെയെല്ലാം പ്രതിനിധാനങ്ങൾ സാഹിത്യത്തിൽ ചർച്ചാവിഷയമാവാറുണ്ട്. ഇത്തരത്തിൽ സമകാലീന ഇന്ത്യൻ കോണുകളിലൂടെ കാണാനുള്ള ശ്രമങ്ങളും ഇവരുടെ എഴുത്തുകളിൽ കാണാം. ഇത്തരമൊരു മാനസികാന്തരീക്ഷമാണ് കെ. ആർ.മീരയുടെ 'ആരാച്ചാർ' എന്ന നോവലിൽ കാണാൻ സാധിക്കുന്നത്.

ഒരു ആരാച്ചാരെ അടയാളപ്പെടുത്തിയ ആദ്യ ഇന്ത്യൻ നോവൽ എന്ന പ്രത്യേകതയും ഈ കൃതിക്കുണ്ട്. ചേതനയിലൂടെയും ഗൃദ്ധാമല്ലിക്കിന്റെ കുടുംബത്തിലൂടെയും സഞ്ചരിക്കുന്ന കഥാഗതിയിൽ വന്നു ചേരുന്ന സഞ്ജീവ് കുമാർ മിശ്ര പുതിയ മാധ്യമ സംസ്ക്കാരത്തിന്റെ പ്രതിനിധിയാണ്. ഒരേ സമയം വേട്ടക്കാരനായും കാമുകനായും ചേതനക്ക് സഞ്ജീവിനെ അനുഭവപ്പെടുന്നു. ഈ ഇരട്ടമുഖത്തോടു കൂടിയുള്ള അവരുടെ പ്രണയം ആൺപെൺ ലൈംഗികതയുടെ വ്യത്യസ്തതയെക്കൂടി അടയാളപ്പെടുത്തുന്നു. ഈ തിരിച്ചറിവിന്റെ ഉദാഹരണങ്ങൾ നോവലിൽ നമുക്ക് കാണാൻ സാധിക്കുന്നുമുണ്ട്. ഏതൊരു സംസ്കാരത്തിലും അധികാരി വർഗ്ഗത്തിന്റേയും സാധാരണക്കാരന്റേയും ലൈംഗികത തമ്മിൽ വ്യത്യാസ

പ്പെട്ടിരിക്കുന്നു. അത് കീഴ്പ്പെടുത്തലിന്റേയും വഴങ്ങലിന്റേയും ചരിത്രമായി മാറുന്നു. പിന്നീടത് പുരുഷന്റേയും സ്ത്രീയുടേയും ലൈംഗികതയുടെ ചരിത്രമായി പരിണമിക്കുന്നു. അതുകൊണ്ട് തന്നെയാണ് മാധ്യമപ്രവർത്തകനായി വന്ന സഞ്ജീവ് കുമാർ മിശ്രക്ക് ചേതനയുടെ ജീവിതത്തെ ആകെ വിലക്കെടുക്കാൻ സാധിച്ചത്. യാതൊരു കൂസലുമില്ലാതെ ഒരിക്കലെങ്കിലും എനിക്ക് നിന്നെ അനുഭവിക്കണമെന്ന് ചേതനയോട് പറയാനും ആരുമില്ലാത്തിടത്തുവെച്ച് ചേതനയുടെ മാറിടം പിടിച്ചു ഞെരിക്കാനും അയാൾക്ക് സാധിച്ചത്. എന്നാൽ അയാൾക്കു വേണ്ടി കൃത്യമായ കയർ അളന്നെടുക്കാനുള്ള ചിന്ത, അയാളെ തൂക്കുപലകമേൽ നിർത്തി മുഖംമൂടി ധരിപ്പിച്ച് കഴുത്തിൽ കുടുക്കിട്ട് ലിവർ ആഞ്ഞ് വലിക്കുന്നത് എഴുനൂറ്റി ഇരുപത്തേഴു വിധത്തിൽ സങ്കൽപ്പിക്കുന്നതുപോലും വലിയൊരു പ്രതിരോധത്തിന്റെ ആരംഭമായി നമുക്ക് വായിച്ചെടുക്കാം.

ഒരേ സമയം കാമുകനായും വേട്ടക്കാരനായും അനുഭവപ്പെടുന്ന ചേതനയുടെ പ്രണയം വളരെ മനോഹരമായി നോവലിസ്റ്റ് ആവിഷ്കരിക്കുന്നുണ്ട്. "ഞാൻ കരുതിവെച്ച എന്റെ ശരീരത്തിന്റെ രഹസ്യങ്ങൾ അയാൾ അശ്ലീലമായ നോട്ടങ്ങളും വാക്കു

ഒരേ സമയം കാമുകനായും വേട്ടക്കാരനായും അനുഭവപ്പെടുന്ന ചേതനയുടെ പ്രണയം വളരെ മനോഹരമായി നോവലിസ്റ്റ് ആവിഷ്കരിക്കുന്നുണ്ട്. "ഞാൻ കരുതിവെച്ച എന്റെ ശരീരത്തിന്റെ രഹസ്യങ്ങൾ അയാൾ അശ്ലീലമായ നോട്ടങ്ങളും വാക്കുകളും കൊണ്ട് അശുദ്ധപ്പെടുത്തി. അതേസമയം അയാളോട് എനിക്ക് തീവ്രമായ പ്രണയവും ആകർഷണവും അനുഭവപ്പെട്ടു."

കളും കൊണ്ട് അശുദ്ധപ്പെടുത്തി. അതേസമയം അയാളോട് എനിക്ക് തീവ്രമായ പ്രണയവും ആകർഷണവും അനുഭവപ്പെട്ടു." ഏറെ ബലഹീനമാണെന്നു തോന്നുമെങ്കിലും കൃത്യമായ പ്രതിരോധത്തിന്റേയും പ്രതികരണത്തിന്റേയും വേലികൾ തീർക്കുന്നുണ്ട് ചേതനയെന്ന കഥാപാത്രം. "മുഖത്തിന്റെ കറുത്ത പാതിയിലെ ഒറ്റക്കണ്ണിലൂടെ ഭാവികാലം ദർശിക്കുമ്പോൾ അലങ്കരിച്ച അന്തഃപുരം പോലെ എണ്ണമറ്റ ദീപങ്ങൾ പ്രകാശിക്കുന്ന ചുവന്ന പട്ടുവിരിപ്പും തിരശ്ശീലകളുമുള്ള ഒരു കിടക്കറയും" കാണാൻ സാധിക്കുമ്പോൾ തന്നെ ആ പട്ടുകിടക്കയിലെ എലികളെയും കാണാൻ ചേതനക്ക് സാധിക്കുന്നുണ്ട്. എന്തിനാണ് എന്നെ നീയിങ്ങനെ മുറിപ്പെടുത്തുന്നതെന്ന സഞ്ജീവ് കുമാറിന്റെ ചോദ്യത്തിന് എനിക്ക് നിങ്ങളെ ഒരിക്കലെങ്കിലും ഒന്ന് അനുഭവിക്കണമെന്ന മറുപടിയിലൂടെ ലോകം തനിക്കു തന്നതു തിരിച്ചു കൊടുത്ത് കൃതാർത്ഥയാവുന്ന ചേതന, തന്റെ ലൈംഗികതയെന്തെന്നും അതിന്റെ ആസ്വാദനം എന്തെന്നുമുള്ള തിരിച്ചറിവിലേക്ക് എത്തുന്നുണ്ട്. പ്രണയത്തിന്റേയും മണ്ണിന്റേയും മരണത്തിന്റേയും പേരിൽ തന്റെ നാമവും ജീവിതവും മുഴുവൻ ലോകത്തിലും അനശ്വരമാക്കിയുള്ള ചേതനയുടെ യാത്ര ഭൂതകാലത്തിൽ നിന്നും വർത്തമാനത്തിലേക്കുള്ള സ്ത്രീയുടെ മാറ്റത്തിന്റെ യാത്ര കൂടിയാണ്. ●

*ഫാറൂഖ് കോളേജിൽ ബി.എഡ്. വിദ്യാർത്ഥിനിയാണ് സജുല പി.*


## സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകളിൽ നിന്ന്, മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ
( ലേഖനം, കഥ, കവിത, ചിത്രങ്ങൾ)

*രചനകളോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോയും അയക്കേണ്ടതാണ്.*

## സംഘടിത മാസിക

വരിസംഖ്യാ നിരക്ക്

| | |
|---|---|
| ഒറ്റപ്രതി | : 15 രൂപ |
| വാർഷിക വരിസംഖ്യ | : 150 രൂപ |
| വിദേശത്തേക്ക് ഒറ്റപ്രതി | : 100 രൂപ |
| വിദേശത്തേക്ക് വാർഷിക വരിസംഖ്യ | : 1000 രൂപ |

## പ്രതികരണം



**സുലോചനാ റാംമോഹൻ**

കഴിഞ്ഞ ലക്കം 'സംഘ
ടിത'യിൽ ലീലാവതി ടീച്ചർ
എഴുതിയിരിക്കുന്നത് ഇങ്ങനെ–
'അന്യോന്യം പ്രേമിക്കുകയോ
വിവാഹബന്ധത്തിൽ ഏർപ്പെടു
കയോ ഏർപ്പെടുമെന്ന് ഉറപ്പി
ക്കുകയോ ചെയ്തിട്ടുള്ളവർ
പരസ്യമായി ചുംബിക്കുകയോ
ആലിംഗനം ചെയ്യുകയോ
ആവാം'. 'അല്ലാതെയുള്ള
പെൺകുട്ടികൾ പ്രകടനത്തി
ലൂടെ മുഖം പരസ്യപ്പെടുത്തി
യാൽ 'മാന്യത'യില്ലാത്തവ
ളായി മുദ്രകുത്തപ്പെടാനും
വിവാഹശേഷം അക്കാര്യ
ത്താൽത്തന്നെ നിരന്തരമായി
അവഹേളിക്കപ്പെടാനും
സാദ്ധ്യതയുണ്ട് എന്ന നിരീക്ഷ
ണത്തെ ശരിവെക്കുന്നു ദിനം
തോറും നമ്മുടെ വീട്ടകങ്ങളി
ലേക്ക് കടന്നുവരുന്ന ടെലിവി
ഷൻ പരമ്പരകൾ. കുടുംബാം
ഗങ്ങളുടെയും മറ്റുള്ളവരു
ടേയും മുന്നിൽവെച്ച് മരുമക
ളുടെ മേൽ അസഭ്യവർഷം
ചൊരിയുകയും 'എടീ പോടീ'
വിളികളിലൂടെ സ്വന്തം അധി
കാരം സ്ഥാപിച്ചെടുക്കുകയും
ചെയ്യുന്നതാണ് 'മാതൃകാ'
അമ്മായിയമ്മമാരുടെ
ലക്ഷണം എന്നു പ്രഖ്യാപി
ക്കുന്ന ഇത്തരം പരമ്പരകളുടെ
സ്ഥിരം പ്രേക്ഷകർ സ്ത്രീകൾ
തന്നെയാണ്. തനതു കേരള
സംസ്കാരമെന്നാൽ ഇത്തരം
കൂട്ടുകുടുംബങ്ങൾ
ആണെന്നും അവിടെ ക്ഷമ
യോടെ, സഹനത്തോടെ,
അമ്മായിയമ്മയെ പ്രീണിപ്പിച്ചു
ജീവിച്ചു പോകുന്നവൾക്ക് മാത്ര
മാണ് ഭാരതസ്ത്രീയുടെ ഭാവശു
ദ്ധിയുണ്ടാവുക എന്നും ചമച്ചെടു
ക്കുന്ന പുരുഷ എഴുത്തുകാർ/
സംവിധായകർ 'പുരുഷത്വം'
എന്നാൽ അമ്മയെ സ്നേഹിക്കു
ന്നതും ഭാര്യയെ അനുസരിപ്പിക്കു
ന്നതും ആണ് എന്നു നമ്മെ
ബോധ്യപ്പെടുത്തുവാൻ തല
കുത്തി നിന്നു ശ്രമിക്കുന്ന
ഏറ്റവും 'ആധുനികമായ' ഒരു
കാലഘട്ടത്തിൽത്തന്നെയാണ്
പൊതുയിടങ്ങളിൽ ചുംബനസമ
രവും അരങ്ങേറുന്നത് എന്നതിലെ
വൈരുദ്ധ്യം ശ്രദ്ധിക്കേണ്ടതാണ്.
മലയാളിക്ക് അടിസ്ഥാനപരമായി
ഉള്ള ഇരട്ടത്താപ്പുനയം
(hypocrisy) പുറത്തുകൊണ്ട്
വന്ന് പൊളിച്ചടുക്കാതെ ഒരുതരം
പ്രതിഷേധസമരവും ഇവിടെ ഫല
വത്താകില്ല. കാരണം, ലീലാവതി
ടീച്ചർ പ്രവചിക്കുന്നതരത്തിലുള്ള
താണ് നമ്മുടെ 'ഉത്തമ' ദാമ്പത്യ
ങ്ങൾ. വിവാഹത്തിനു മുമ്പ്
പെൺകുട്ടി ചെയ്തിട്ടുള്ളതായ
'അപരാധങ്ങൾ' ക്കുള്ള
കോമ്പൻസേഷൻ ആയി ഒരു
വൻതുക സ്ത്രീധനം നൽകി
'വലിയ' വീട്ടിലേക്ക് അവളെ
വിവാഹം കഴിച്ചയക്കുന്നതോടു
കൂടി അവളുടെ വീട്ടുകാരുടെ
ഉത്തരവാദിത്വം തീരുകയാണ്.
ഭീമമായ സ്ത്രീധനം ഉപയോഗിച്ച്
ജീവിതം കുറേക്കൂടി ആർഭാടപൂ
രിതമാക്കുന്ന അമ്മായിയമ്മമാ
രുടെ കഴിവിനനുസൃതമായി
പെൺകുട്ടികൾ മെരുക്കിയെടുക്ക
പ്പെടുന്നു. സ്വതന്ത്രചിന്തക്കു
പകരം അടിമക്കു ചേർന്നതായ
അനുസരണയും അടക്കവും
ഒതുക്കവും അവളിൽ
വളർത്തിയെടുക്കേണ്ടത്
ഭർത്താവിന്റെ അമ്മയാണ്.
അമ്മ ആവശ്യപ്പെടുന്നതിനനു
സരിച്ച് മീശ പിരിച്ചും നെഞ്ചു
വിരിച്ചും നിന്ന് ഭാര്യയെ
ചോദ്യം ചെയ്യുന്നതിലൂടെ
യാണ് മകൻ സ്വന്തം
'ആണത്തം' സംരക്ഷിച്ചു
നിർത്തുന്നത്. ഭാര്യയുടെ
വിദ്യാഭ്യാസമോ ഉദ്യോഗമോ
അവൾക്കു നൽകുന്ന അധിക
പദവിയെ മാനിക്കുവാൻ
സന്നദ്ധരാകാതെ, അവൾ
അടുക്കളയിൽ കാട്ടുന്ന മിക
വിനെക്കുറിച്ച് മാത്രം ഉത്ക
ണ്ഠപ്പെടുന്ന ഭർത്തൃവീട്ടു
കാർക്ക് 'കിടപ്പറ' എന്നത് ഒരു
സ്പേസ് പോലുമാവുന്നില്ല.
മറ്റുള്ളവർക്കു മുന്നിൽ ശത്രു
ക്കളായി നിലയുറപ്പിക്കേണ്ടി
വരുന്ന ഭർത്താവും ഭാര്യയും
സ്വകാര്യമായ ഇടത്ത് ഒത്തു
കൂടുമ്പോൾ എന്തുതരം
ആശയവിനിമയം. ശരീര
ത്താൽ, വാക്കുകളാൽ, മന
സ്സുകളാൽ പങ്കുവെക്കുവാൻ
സാദ്ധ്യതയുണ്ട് എന്നു ചിന്തി
ക്കേണ്ടത് നമ്മുടെ സംസ്കാ
രത്തിന്റെ ഭാഗമല്ല കിടപ്പറക്കു
ള്ളിൽ സംഭവിക്കുന്നതെല്ലാം
'പാശ്ചാത്യ'മായതാണ്.
നമ്മുടെ പരിപാവനമായ
കുടുംബസങ്കല്പത്തെ
തുടർന്നുകൊണ്ടുപോകുന്നതി
നായി സന്താനോല്പാദനം
നടക്കണമെന്ന നിർബന്ധം
അമ്മായിഅമ്മമാർക്കുള്ളതു

കൊണ്ടു മാത്രമാവണം കൂട്ടു കുടുംബങ്ങളിലെ വധുക്കൾ ഗർഭംധരിക്കുന്നത്.

എന്നാൽ അതിലുമുണ്ട് മേൽപ്പറഞ്ഞ ഹിപ്പോക്രസി. നമ്മുടെ സംസ്കാരത്തെപ്പറ്റി ഏറ്റവുമധികം ഉത്കണ്ഠപ്പെടുന്ന ഈ മെഗാപരമ്പരകളിൽ അവിഹിതഗർഭമാണ് കൂടുതലായി ഉപയോഗിക്കപ്പെടുന്ന പ്രമേയം. ജനിച്ചു വീഴുന്ന കുഞ്ഞിന്റെ പിതൃത്വത്തെ ചോദ്യം ചെയ്തുകൊണ്ടാണ് മിക്ക കഥകളുടേയും മുന്നോട്ടുള്ള – ആയിരം എപ്പിസോഡുകൾ തികയ്ക്കുന്നതിലേക്കുള്ള – തിരക്കിട്ട പ്രയാണം.

ചുംബനസമരത്തിൽ ഭാഗഭാക്കാകുവാൻ തന്റേടം കാണിക്കുന്ന പെൺകുട്ടികൾക്ക് അഗ്നിശുദ്ധിയിലൂടെ സ്വന്തം പാതിവ്രത്യം തെളിയിക്കേണ്ടി വരുമോ എന്ന ലീലാവതിടീച്ചറുടെ ആശങ്ക അസ്ഥാനത്തല്ല എന്നു സൂചിപ്പിക്കുന്നത് മലയാളികൾ താത്പര്യത്തോടെ വിഴുങ്ങുന്ന പരമ്പരാപ്രമേയങ്ങൾ തന്നെയാണ്.

'നിറഞ്ഞ മാറിലെ ആദ്യനഖക്ഷതങ്ങൾ മറക്കുവാനേ കഴിയൂ... കൂന്തലാൽ മറയ്ക്കുവാനേ കഴിയൂ' എന്നു കവി പാടിയ കാലത്ത് വിവാഹപൂർവ്വബന്ധത്തിനുള്ളിലെ ലൈംഗികതക്ക് ഇത്രമേൽ 'പാപ' നിർവ്വചനം ഉണ്ടായിരുന്നില്ല എന്നതു ശ്രദ്ധിക്കുക. സുമംഗലിയുടെ നിസ്സഹായാവസ്ഥയോടു കവിക്കുള്ള കനിവ് വാക്കുകളിൽ നിറയുന്നതു കാണാം. ഇന്ന് അതേ സൂചകങ്ങളെ അവജ്ഞയോടെ 'അശ്ലീലം' എന്നു വിധിക്കുന്ന സാദാചാരപോലീസിന്റെ നിരീക്ഷണത്തിലാണു പൊതുസമൂഹം. ശ്വേതാമേനോൻ തന്റെ പ്രസവം ക്യാമറകൾക്കു മുന്നിൽ നടന്നുകൊള്ളട്ടെ എന്നു കരുതിയാൽ ഞെട്ടിത്തരിക്കുന്ന അതേ പുരുഷാരം പൊതുഇടത്ത് അരങ്ങേറുന്ന ചുംബനസമരത്തിന്റെ ചിത്രങ്ങൾ മൊബൈൽഫോണുകളിൽ പകർത്താനും അവയെ ഏതുവിധത്തിലും വെട്ടിയും ചേർത്തും 'അശ്ലീല' മാക്കി കമ്പ്യൂട്ടറുകളിലൂടെ ആർക്കും അയച്ചുകൊടുത്ത് വ്യക്തിഹത്യ നടത്താനും മടിയില്ലാത്തതാണ് എന്ന അറിവാണ് നമ്മെ അസ്വസ്ഥരാക്കുന്നത്.

നമ്മുടെ സംസ്കാരത്തിന്റെ അടിത്തറ പാശ്ചാത്യേതരമായ കുടുംബബന്ധങ്ങളാണ് എന്നുണ്ടെങ്കിൽ (എനിക്കതിൽ അത്ര വിശ്വാസം പോര) പൊതുവിടങ്ങളിലല്ല ഈ സമരം അരങ്ങേറുവാനുള്ളത്. ലീലാവതി ടീച്ചർ ആകുലപ്പെടുന്നതു പോലെയുള്ള കെണികളിൽ നമ്മുടെ പെൺകുട്ടികൾ അകപ്പെടരുത് എന്നു കരുതുന്നവർ കുടുംബങ്ങൾക്കുള്ളിലെ ജനാധിപത്യവ്യവസ്ഥയും സുതാര്യമായ ആശയവിനിമയവും ഉറപ്പാക്കുവാൻ ബാധ്യസ്ഥരാണ്. 'ദൃശ്യം' എന്ന സിനിമയിൽ ഒരു കൊലപാതകം മറച്ചുവെച്ചുകൊണ്ട് നായകൻ പോലീസിനെ ജയിക്കുന്നു എന്ന സന്ദേശം പൊതുസമൂഹത്തെ പ്രതികൂലമായി സ്വാധീനിക്കും എന്നു പോലീസ് വിഭാഗം തന്നെ ഭയപ്പെടുകയുണ്ടായി. എന്നാൽ ഒരു തെറ്റും ചെയ്യാത്ത ഒരു പെൺകുട്ടിയുടെ നഗ്നചിത്രങ്ങൾ അവളറിയാതെ മൊബൈൽ ഫോണിൽ പകർത്തി നാടൊട്ടുക്കും വിക്ഷേപം ചെയ്യുന്നവന്റെ 'കുറ്റകൃത്യ'ത്തിനുള്ള ശിക്ഷ എന്താവും, എന്താവണം എന്ന് ആരും ചിന്തിക്കാൻ തയ്യാറായില്ല. മകളെ സംരക്ഷിക്കുവാനുള്ള ഒരച്ഛന്റെ നിസ്സഹായാവസ്ഥയിൽ നിന്നുകൊണ്ട് സാധ്യമായ പ്രതികരണം എന്ന നിലയിൽ 'ദൃശ്യ'ത്തെ കാണുന്നവർ ചുംബനസമരത്തിൽ പങ്കെടുക്കുന്ന പെൺകുട്ടികൾ ഏതുരീതിയിലും ചൂഷണം ചെയ്യപ്പെട്ടേക്കാം എന്നു ഭയപ്പെട്ടാൽ അതു പുരോഗമനചിന്തക്ക് എതിർനിൽക്കുന്ന നിലപാടു മാത്രമായി എഴുതിത്തള്ളുവാൻ എളുപ്പമല്ല.

പൊതുസ്ഥലത്തുള്ള ഒരു പ്രതിഷേധത്തിനു തയ്യാറാവുമ്പോൾ അതു സമൂഹത്തോടു വിനിമയം ചെയ്യേണ്ടത് എന്ത് എന്ന് കൃത്യമായ അവബോധം ഉണ്ടാകേണ്ടതുണ്ട്. ക്യാമറകൾക്കും മാധ്യമങ്ങൾക്കും ഏതു ദൃശ്യത്തേയും സ്വന്തം ആശയത്തിനുതകും വിധം മാറ്റിമറിയ്ക്കുവാനുള്ള സാങ്കേതികവിദ്യ കൈവശമുണ്ട് എന്നിരിക്കെ ഏതു ഫ്രെയിമിനകത്താണ് പെട്ടുപോവുക എന്ന് ഒരു വ്യക്തിക്കു നിർണ്ണയിക്കാനായി എന്നു വരികയില്ല. ഒരേ ദൃശ്യം പലതവണ ആവർത്തിക്കുക വഴി വാർത്താചാനലുകൾ അതിന്റെ ഉദ്ദേശശുദ്ധി ഇല്ലായ്മ ചെയ്യുന്നതൊരു പതിവുകാഴ്ചയാണ്. മാത്രമല്ല നർമ്മപരിപാടികളിൽ ദൃശ്യങ്ങൾക്കുള്ള സംഭാഷണങ്ങൾ മാറ്റിമറിക്കുകയും 'തരികിട' പോലുള്ളതിൽ പങ്കെടുക്കുന്നവർ അറിയാതെയുള്ള ശരീരഭാഷ പകർത്തുകയും ചെയ്യുന്നത് ഇതിനൊന്നും തന്നെ സുനിശ്ചിത മാനദണ്ഡങ്ങളില്ലാത്ത ഒരു സമൂഹത്തിൽ ഉദ്ദേശിക്കുന്ന ലക്ഷ്യത്തിലേക്കു സൂക്ഷ്മമായി സഞ്ചരിക്കേണ്ടത് ഓരോ വ്യക്തിയുടേയും സ്വന്തമായ ഉത്തരവാദിത്വമായി മാറുന്നുണ്ട്. ഒരു ആൾക്കൂട്ടത്തിന്റെ മറവിലോ തണലിലോ നിന്നുകൊണ്ട് താൻ സാമൂഹ്യമാറ്റത്തിനുള്ള മഹത്തായ ദൗത്യത്തിലേർപ്പെടുകയാണ് എന്നു സ്വയം കബളിപ്പിക്കുന്നതിൽ അർത്ഥമുണ്ടെന്നു തോന്നുന്നില്ല. ഒരു പ്രത്യേകസന്ദർഭത്തിൽ പൊതുവായ സ്ഥലത്തു പരസ്യമായി നടത്തുന്ന കൂട്ടുപ്രതിഷേധത്താൽ അർത്ഥവത്തായ വ്യക്തിഗതപ്രതിഷേധങ്ങൾ നിരന്തരമായി നടത്തുകയും ലക്ഷ്യത്തിൽ നിന്നും കണ്ണെടുക്കാതെ സഞ്ചരിച്ചുകൊണ്ടേയിരിക്കുകയും ചെയ്യുവാൻ നാം നമ്മുടെ പെൺകുട്ടികളെ പ്രാപ്തരാക്കുകയാവും കൂടുതൽ ഫലപ്രദം. ●



എം.ഡി.രാധിക

*കഴിഞ്ഞ ലക്കം സംഘടിതയിൽ അഡ്വ.മരിയയുടെ ലേഖനത്തോടൊപ്പം എം.ഡി.രാധികടീച്ചറുടെ ലേഖനത്തിന്റെ ഭാഗങ്ങൾ ചില സാങ്കേതികപിഴവുകൾ കാരണം കൂടിച്ചേർന്നു പോയിട്ടുണ്ട്. ഇങ്ങനെ ഒരു തെറ്റുപറ്റിയതിൽ നിർവ്യാജം ഖേദിക്കുന്നു. രാധികടീച്ചറുടെ ലേഖനത്തിന്റെ പൂർണ്ണരൂപം താഴെ കൊടുക്കുന്നു.* – സംഘടിത ടീം

# ജീവിതമധു വിഷമയമാവുമ്പോൾ

ഒരു വ്യക്തിയിലൂടെ ലോകത്തെ മുഴുവൻ നമുക്ക് പ്രണയിക്കാം. ഒരു വ്യക്തിയിലൂടെ ലോകത്തെ മുഴുവൻ നമുക്കു വെറുക്കുകയും ചെയ്യാം. അമ്മയുടെ ആൺസുഹൃത്തിനാൽ പീഡിപ്പിക്കപ്പെട്ടതിനെത്തുടർന്ന് വർഷങ്ങളോളം ലോകത്തോട് മിണ്ടാതായ മായാ ആൻജലൂ എന്ന ചെറിയ പെൺകുട്ടിയെ ഓർക്കുന്നു. ഉച്ചത്തിൽ കഥയും കവിതയും വായിപ്പിച്ച് ലോകവുമായുള്ള അവളുടെ അറ്റുപോയ കണ്ണികൾ വിളക്കിച്ചേർത്ത, വാക്കുകളിലേക്ക് മടങ്ങി വരാൻ അവളെ സഹായിച്ച മിസ്സിസ്സ് ഫ്ളവേഴ്സ് എന്ന അയൽക്കാരിയായ അദ്ധ്യാപികയേയും. ആ വല്ലാതെ മുറിവേറ്റ കുഞ്ഞ് പിന്നീട് ലോകത്തിന് അതിജീവനമന്ത്രങ്ങൾ അനവധി പകർന്നു നൽകിയ വലിയൊരെഴുത്തുകാരിയായിത്തീർന്നു.

ഒരു കുഞ്ഞുമനസ്സിന് വളരാൻ സംരക്ഷണത്തിന്റെ പാൽ മാത്രം പോരാ, ജീവിതവിശ്വാസത്തിന്റെ തേനും ആവശ്യമാണെന്ന് മനസ്സുകളെ പഠിപ്പിച്ച എറിൽഫ്രോം. ആ തേൻ പലപ്പോഴും പാൽ തരുന്ന അമ്മയിലൂടെയാവില്ല, അക്ഷരലോകം സമ്മാനിക്കുന്ന അദ്ധ്യാപകരിലൂടെയാവും കുട്ടികളിലേക്ക് ഇറ്റിറ്റു വീഴുക. എന്നെ എനിക്കു തന്നെ കാണിച്ചുതരുന്ന തെളിഞ്ഞ കണ്ണാടികളാണവർ. എന്നിലെ എന്നെ എന്നേക്കാൾ മുമ്പേ കണ്ടെത്തുന്നവർ. ആത്മാവിനെ തൊട്ടുണർത്തേണ്ടവർ ശരീരത്തിൽ പരതി നടക്കുന്ന അവിഹിതവിരലുകളാവുന്ന ആ അധഃപതനത്തിന് എന്തുപേരാണ് നൽകുക?

എങ്കിലും ഇവിടേയും മാനുഷികമായതൊന്നും എനിക്കന്യമല്ല എന്നൊരു വിനയം സൂക്ഷിക്കുന്നതായിരിക്കും ഉചിതം. മനസ്സിന്റെ ഇരുണ്ട ആഴങ്ങൾ സ്വന്തം ഉള്ളിലേക്കു നോക്കുന്ന ഏതു സത്യസന്ധനായ മനുഷ്യനേയും അമ്പരപ്പിക്കുക തന്നെ ചെയ്യും. എങ്കിലും ആ ഇരുട്ട് പുറത്തേക്കൊഴുക്കാൻ, മറ്റൊരു വെളിച്ചം അതുപയോഗിച്ച് മുക്കിക്കളയാൻ ശ്രമിക്കുന്നതിനു മുൻപേ നിങ്ങളിലെ ദൈവവും മനുഷ്യനും ഉണർന്നേ പറ്റൂ. അതിനു കഴിയുന്നുണ്ടോ ഇല്ലയോ എന്നിടത്താണ് മനുഷ്യരിലെ വ്യത്യസ്തത എന്നു തോന്നുന്നു. യുങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ, ഒരേ കാലത്ത് ജീവിക്കുമ്പോഴും മനുഷ്യമനസ്സുകൾ പല കാലങ്ങളിലേതാണ്. പല തലങ്ങളിലാണ്. സമകാലിക മനസ്സുവെച്ച് ഒരു ശിലായുഗമനസ്സിന്റെ ഉടമയോട് സംഭാഷണത്തിലേർപ്പെടുന്നത് ഒരുപാട് ഊർജ്ജനഷ്ടം ഉണ്ടാക്കും. നിങ്ങൾക്ക് അയാളേയും അയാൾക്ക് നിങ്ങളേയും മനസ്സിലാവാൻ ബുദ്ധിമുട്ടാണ്. എങ്കിലും പ്രത്യേകബുദ്ധന്മാരായി മാറി നിൽക്കാതെ നമുക്കവരെക്കൊണ്ട് മനസ്സിലാക്കിക്കാനുള്ള കഠിന ശ്രമം തുടരേണ്ടതുണ്ട്.

സ്ത്രീവാദം തിരിച്ചറിയുന്ന പോലെ പുരുഷാധിപത്യത്തിന്റെ സ്വാഭാവികപരിണതിയാണ് ബലാൽസംഗം. സ്ത്രീയുടെ വസ്തുവൽക്കരണമാണ് നമ്മുടെ പരസ്യങ്ങളും സിനിമകളും സാഹിത്യവുമൊക്കെ സാധിച്ചെടുക്കുന്നത്. അവളുടെ കർത്തൃത്വം, ബുദ്ധി, മനസ്സ്, ആത്മാവ് ഒക്കെയും തമസ്ക്കരിക്കപ്പെടുന്നു. അവൾ കാണപ്പെടുന്ന രൂപം മാത്രമാവുന്നു. ആ പ്രസിദ്ധമായ ബുദ്ധിസ്റ്റ് കഥയിലെപ്പോലെ, വഴിയിലൂടെ പോകുന്ന സ്ത്രീയെ നോക്കി അതാ പോകുന്നു ഒര സ്ഥിക്കൂടം എന്ന ആഴക്കാഴ്ച അത്രക്ക് എളുപ്പമല്ലെന്നറിയാം. എങ്കിലും അതാ പോകുന്നു എന്നെപ്പോലൊരാൾ എന്നു തോന്നാനുള്ള ജനാധിപത്യ

ശേഷം പേജ് 46 ൽ

**ജയലക്ഷ്മി പി.**

കൗണ്ടിംഗ് സ്റ്റേഷനു മുന്നിലെ പോലീസ് കാവലാളുകളെ സൗഹാർദ്ദത്തോടെ നോക്കി, കേരളാ സാരിയുടെ മുന്താണിയിലെ വർണ്ണക്കര കാണത്തക്കവിധം ചുമലിലേക്ക് വലിച്ചിട്ട്, ചിരിയുടെ അറ്റം കർണ്ണാഭരണങ്ങൾക്കരികുവരെ ഒട്ടിച്ചു വച്ച വിധം നിലനിർത്തിക്കൊണ്ട്, കളക്ടറേറ്റിലെ വിശാലമായ കൗണ്ടിംഗ് ഹാളിലേക്ക് വനിതാസ്ഥാനാർത്ഥി പ്രവേശിച്ചു. പൂക്കൂനകൾ പോലെ ബാലറ്റ് പേപ്പറുകൾ ബൂത്തടിസ്ഥാനത്തിൽ തരം തിരിച്ച് കൂട്ടിയിട്ടിരിക്കുന്നതിൽ ഒന്നുകണ്ണോടിച്ചു. ബാലറ്റ് പേപ്പറിൽ 'ത' അടയാളത്തിൽ വിരിഞ്ഞ വയലറ്റ് മഷി പൂക്കളെല്ലാം ഒരേ ചിഹ്നത്തിലായിരുന്നു; അടുപ്പ് ചിഹ്നത്തിൽ. വനിതാസ്ഥാനാർത്ഥിയുടെ പാർട്ടിയായ 'ആം ഔരത്ത്' പാർട്ടിയുടെ ചിഹ്നത്തിൽ!

സൈക്കിൾ, ടെലിവിഷൻ, ടോർച്ച്. പമ്പരം, മൺകലം, ബാറ്ററി, ചൂല് തുടങ്ങിയ ഒരുമാതിരി കണ്ടപത്രാദികളെല്ലാം ചില രാഷ്ട്രീയപാർട്ടികളും സ്വതന്ത്രന്മാരുമൊക്കെ ചിഹ്നങ്ങളാക്കിയ സ്ഥിതിക്ക് അടുക്കളയുടെ റാണികളായ ആം ഔരത്തുകളുടെ പാർട്ടി തങ്ങളുടെ തെരഞ്ഞെടുപ്പ് ചിഹ്നമായി തെരഞ്ഞെടുത്തത് അടുപ്പ് ചിഹ്നമായിരുന്നു. ഔരത്തുകളുടെ പാർട്ടിക്ക് അടുപ്പ് ചിഹ്നം തന്നെയാണേറെ ചേരുക എന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ!

ധനവാനായാലും ദരിദ്രനായാലും ജഠരാഗ്നി ശമിപ്പിക്കാൻ ആഹാരം കൂടിയേ കഴിയൂ. അതു പാകം ചെയ്യാൻ അടുപ്പു തന്നെ വേണം. അത് ഏതു രൂപത്തിലായാലും... കല്ലടുപ്പ്, മണ്ണടുപ്പ്, വിറകടുപ്പ്, പുകയില്ലാ അടുപ്പ്, പൊടിയടുപ്പ്, ഇലക്ട്രിക് അവൻ, ഹീറ്റർ, ഇൻഡക്ഷൻ കുക്കർ...! അവയിൽ എല്ലാറ്റിന്റേയും പിന്നിലുള്ള അടിസ്ഥാന ഉദ്ദേശം പാചകമാണല്ലോ. പ്രോലറ്റേറിയൻ വീക്ഷണം പുലർത്തുന്ന പാർട്ടിയായതിനാൽ പെറ്റിബൂർഷ്വാസികളുടെ അടുക്കളകളിലെ സോഫിസ്റ്റിക്കേറ്റഡ് പാചക ഉപകരണങ്ങളെ വെട്ടിനിരത്തി സാധാരണ അടുപ്പ് ചിഹ്നമാക്കിയതിന് വനിതകളുടെ വോട്ട് ബാങ്ക് ശക്തമായി പിന്തുണക്കുമെന്ന് തന്നെയായിരുന്നു പാർട്ടി തിങ്ക്ടാങ്കുകളുടെ തിങ്കിംഗ്. സാരി, ജമ്പർ, സേഫ്റ്റിപിൻ, അടിപ്പാവാട, ബ്രാ, സാനിറ്ററി നാപ്കിൻ തുടങ്ങിയ സ്ത്രീകൾ മാത്രം ഉപയോഗിക്കുന്ന വസ്തുക്കൾ ചിഹ്നമാക്കുന്നതിനുവേണ്ടി പാർട്ടിയിലെ അൾട്രാകളാ

# ആം ഔരത്ത്



യ യുവതുർക്കി ഔരത്തുകൾ വാദിച്ചിരുന്നുവെങ്കിലും അത് തീരെ ഇടുങ്ങിയ മനോഭാവമാണെന്നും സ്ത്രീകളെ ലിംഗപരമായി പരിമിതപ്പെടുത്തുന്നതാണെന്നുമൊക്കെയുള്ള ജെൻഡർ സ്പെഷ്യലിസ്റ്റുകളുടെ വാദത്തിനു മുന്നിൽ അവസാനം പാവം അടുപ്പ് വിജയിക്കുകയായിരുന്നു. നമ്മുടെ വനിതാ സ്ഥാനാർത്ഥിയും അടുപ്പിന്റെ പക്ഷത്തായിരുന്നു.

വോട്ടുകളെല്ലാം എണ്ണി റെക്കോർഡ് ഭൂരിപക്ഷത്തിൽ വിജയിച്ച്  പാർട്ടി ചിഹ്നമായ അടുപ്പിൽ പായസം വെച്ച് പാർട്ടി അനുഭാവികൾക്കും വോട്ടുചെയ്തവർക്കും വിതരണം ചെയ്യുന്ന ചിത്രം സങ്കൽപ്പിച്ചപ്പോൾ ഇലക്ഷൻ വിജ്ഞാപനം വന്ന അന്നു മുതൽ മുഖത്ത് തിരുകി വച്ച ചിരി വനിതാ സ്ഥാനാർത്ഥിയുടെ ചിരിച്ച് ചിരിച്ച് അല്പം തുറന്നുപോയ അധരങ്ങളിൽ വീണ്ടും വീണ്ടും മിന്നിത്തിളങ്ങി. അത് അവരുടെ ഇരുകർണ്ണങ്ങളിലേയും വെള്ളക്കല്ല് പതിച്ച കമ്മലുകളെ കൂടുതൽ പ്രകാശമാനമാക്കുകയും വനിതാ സ്ഥാനാർത്ഥി തന്റെ വളയണിഞ്ഞ കൈകൾ അറിയാതെ നെഞ്ചോട് ചേർത്ത് അത് കൂപ്പുകൈയായി പരിണമിക്കുകയും ചെയ്തു.

ഗ്രൂപ്പ് വീതം വെയ്ക്കലിൽ പഞ്ചായത്ത് പ്രസിഡണ്ട് സ്ഥാനം പോയിരുന്നുവെങ്കിലും രാവിലെ തന്നെ വാർഡിലെ കുഞ്ഞാടുകളെയൊക്കെ പഞ്ചായത്തോഫീസിൽ വെച്ച് കണ്ട് ആവലാതികൾ കേട്ട് വീട്ടിൽ തിരികെയെത്തി ഉച്ചയൂണൊരുക്കി ഭർത്താവിന് വിളമ്പിക്കൊടുത്ത് ഊണും കഴിച്ച് ഉച്ചമയക്കത്തിലായിരുന്ന വനിതാ മെമ്പറെ ഉച്ചയുറക്കത്തിൽ നിന്ന് വിളിച്ചുണർത്തി ഭർത്താവ് ചോദിച്ചു. “എടീ, നീയെന്താ ഉറക്കത്തിൽ കിടന്ന് ചിരിക്കുന്നെ? സ്വപ്നം വല്ലതു കണ്ടോ?” “ചേട്ടാ ഇവിടൊരു പോളിംഗ്ബൂത്തുണ്ടായിരുന്നല്ലോ. അതിനെന്തുപറ്റി? കൗണ്ടിംഗ് സ്റ്റേഷൻ? അടുപ്പ് ചിഹ്നം? അതിൽ കുത്തിയ വോട്ടുകൾ?” പാതിയുറക്കത്തിൽത്തന്നെ വനിതാസ്ഥാനാർത്ഥി ചോദിച്ചു. ‘നാലുമണിയായി നീ അടുപ്പ് കത്തിച്ച്  ചായക്ക് വെള്ളം വയ്ക്ക്‘ സ്ഥാനാർത്ഥി നിർണ്ണയം വിജയസാധ്യതയെ അടിസ്ഥാനപ്പെടുത്തി  മാത്രമെന്ന ചാനലിലെ ബ്രേക്കിംഗ് ന്യൂസ് കേട്ടിരുന്ന ഭർത്താവ് വൈകുന്നേരത്തെ ചായയെക്കുറിച്ച് ഓർമ്മിപ്പിച്ചു കൊണ്ട് പറഞ്ഞു കഴിഞ്ഞ ദിവസം ചാനൽ ചർച്ചയിൽ പുറത്തുചാടിയ വിജയസാധ്യതയെന്നും വിന്നബിലിറ്റിയുമെന്നൊക്കെപ്പറയുന്ന അടവു നയം ആം ഔരത്തുകളെ അടുക്കളയിൽ തളച്ചിടാനുള്ള തന്ത്രമാണെന്ന് തിരിച്ചറിഞ്ഞപ്പോൾ വ്യവസ്ഥിതിയെ ശപിച്ചുകൊണ്ട് കണ്ണുതിരുമ്മി  വനിതാ മെമ്പർ അടുക്കളയിലേക്ക് അടുപ്പ് കത്തിക്കാൻ അരിശത്തോടെ നടന്നു...

വാൽക്കഷണം : വർത്തമാനകാല തെരഞ്ഞടുപ്പ് രീതിയുമായി താരതമ്യപ്പെടുത്തി കഥാസന്ദർഭത്തെക്കുറിച്ച് വ്യാകുലപ്പെടുന്നവർ തെരഞ്ഞെടുപ്പ് കമ്മീഷൻ ഇ.വി.എം.എന്ന് ഓമനപ്പേരുള്ള വോട്ടിംഗ് യന്ത്രം കൊണ്ടുവരുന്നതിനു മുമ്പുള്ള കാലം സ്മരിച്ച് സമാധാനിക്കുക. ●

*കോഴിക്കോട് പ്രോവിഡൻസ് കോളേജിലെ മുൻ അധ്യാപികയാണ്.*

---

പേജ് 44 തുടർച്ച

ബോധം ആണുങ്ങൾക്കുണ്ടായേ പറ്റൂ.

കണ്ടില്ലെ, ലോകം ചീത്തയാണ്. അതിനാൽ വീടിന്റെ നാലുചുമരുകൾക്കകത്തേക്ക് മടങ്ങുക, ആണുങ്ങളില്ലാതെ പുറത്തിറങ്ങാതിരിക്കുക. ഇരുട്ടുംമുമ്പേ കൂടണയുക എന്നൊക്കെപ്പറയുന്ന പാരമ്പര്യവാദികൾക്കൊപ്പമല്ല ഒരിക്കലും സ്ത്രീവാദി. സീമോങ്ങ് ദ ബൂവ എഴുതിയപോലെ, പുരുഷൻ എന്ന ഇടനിലക്കാരനിലൂടെയല്ല അവൾ പ്രപഞ്ചവുമായി സംവദിക്കുന്നത്. എന്റെ ഇടത്തിൽ എന്റെ സമ്മതം കൂടാതെ അതിക്രമിച്ചു കയറാൻ നിങ്ങൾക്കെന്തവകാശം എന്ന് ചോദിക്കുന്ന ‘തന്റേടി’യാണവൾ. നിവേദിത മേനൻ പറയുന്നതുപോലെ ബലാത്സംഗം ചെയ്തയാൾ ഇരയെ വിവാഹം കഴിക്കുന്നതോടെ തീരും സദാചാരവാദികളുടെ പ്രശ്നം. എന്നാൽ അത് ഒരു പ്രശ്നപരിഹാരമേയല്ല സ്വത്വമുള്ള സ്ത്രീക്ക്.

ബലാൽസംഗത്തിന്റെ ഇരയല്ലെങ്കിലും ആൺകോയ്മാ സമൂഹത്തിൽ ഏതു പെണ്ണും ബലാൽസംഗഭീഷണിയുടെ ഇരയാണ് എന്ന് സൂസൻ ബ്രൗൺമില്ലർ വാദിക്കുന്നത് വളരെ ശരിയാണ്. ഈ ബോധം സ്ത്രീയെ എപ്പോഴും ജാഗരൂകയാക്കുന്നുണ്ട്. അവളുടെ സ്വാസ്ഥ്യം കെടുത്തുന്നുണ്ട്. രാത്രി ട്രെയിനിൽ അപരിചിത പുരുഷന്മാർക്കൊപ്പം ഒറ്റക്കാവുമ്പോൾ അവൾ ഉറങ്ങാറില്ല.

ശാരീരികതയുടെ ഈ ഇരുണ്ട സമൂഹഭൂപടത്തിൽ സ്ത്രീ എവിടെയാണ് അവളുടെ ലൈംഗികതയുടെ വെളിച്ചം നിറഞ്ഞ ദ്വീപുകൾ അടയാളപ്പെടുത്തുക? മനസ്സുകൾ പരസ്പരം പുണരുന്നതിൻ മുൻപേ ശരീരങ്ങൾ മൃഗതുല്യം ഇണചേരുന്ന ആദ്യരാത്രികളിൽ അശ്ലീലം കാണാൻ നമുക്കിപ്പോഴും കഴിയുന്നില്ലല്ലോ. ഒരേ സമയം ഭോഗവും മോക്ഷവുമാകുന്ന യഥാർത്ഥ പ്രണയം (ആശാന്റെ നളിനിയെ ഓർക്കുക) കവിതയിൽ നിന്ന് ജീവിതത്തിലേക്കിറങ്ങി വന്നാൽ നാമതിനെ കല്ലെറിയും. കുരിശിലേറ്റും. എന്നാൽ സാഹിത്യത്തിൽപ്പോലും ഇവയെല്ലാം അപ്രത്യക്ഷമാവുകയാണ് എന്നതാകുന്നു മലയാളിയുടെ വർത്തമാനകാല ദുരന്തം. ●



ഉപ്പും മുളകും



ഗീത

# എനിക്ക് ഉമ്മവെക്കാൻ ഇഷ്ടമാണ്

ഇഷ്ടം വന്നാൽ കെട്ടിപ്പിടിക്കുന്നതുപോലെ എനിക്കുമ്മവെക്കാൻ തോന്നും. പക്ഷേ എന്തുചെയ്യും! അങ്ങനെ ഹൃദയത്തിൽ നിന്നും ചുണ്ടിലേക്കോടിയെത്തിയ എത്ര ഉമ്മകളെ ഞാൻ ചുണ്ടിൽ നിന്ന് ഹൃദയത്തിലേക്ക് മടക്കിയയച്ചു. സ്നേഹം തോന്നിയ ആണിനേയോ പെണ്ണിനേയോ ഞാൻ ചുംബിച്ചില്ല. നൽകാനാവാത്ത എത്രയോ തരം വന്നു നിറഞ്ഞ് എന്റെ മനസ്സ് വിങ്ങിക്കെട്ടിരിക്കുന്നു.

പക്ഷേ ഇപ്പോഴെങ്കിലും ഞാനവയെ പുറത്തെടുക്കേണ്ടിയിരിക്കുന്നു.

ഞാൻ കാണുന്നുണ്ട്, പുരുഷസുഹൃത്തുക്കൾ നെറ്റി ചുളിക്കുന്നത്– എന്തിന്റെ കേടാണ് ഈ തള്ളയ്ക്ക്!!? ഏതുപെൺശരീരത്തേയും അവജ്ഞാപൂർവ്വം അവഹേളിക്കാൻ അവരുപയോഗിക്കുന്ന വാക്കാണത്, തള്ളയെന്നത്. അതുകേൾക്കുന്ന ഒരുവൾ ആത്മവിശ്വാസം നശിച്ച് തന്നിലേക്കുതന്നെ ചൂളിയൊതുങ്ങിപ്പോകുന്നതാണവർ കണ്ടിരിക്കുന്നത്. കാരണം ആൺകേന്ദ്രിതലോകത്തിൽ ആണിന് യുവതിയായി തോന്നുന്നവൾ മാത്രമാണ് സ്വീകാര്യയെന്നവൾ അനുഭവിച്ചിട്ടുണ്ട്. എന്നാൽ പാവം അയാൾക്കറിയില്ല ചുംബിച്ചുണർന്ന ഒരുപെണ്ണിന്റെ യുവത്വം എന്താണെന്ന്. അതെത്രകാലമാണെന്ന്. അതിന്റെ ഊഷ്മളതയും ഉർവ്വരതയും അയാളിന്നുവരെ അറിഞ്ഞിട്ടേയില്ല. അയാളെന്നല്ല ഈലോകം തന്നെയറിഞ്ഞില്ല. അല്ലല്ല അവൾപോലുമറിഞ്ഞിട്ടില്ല. ആർത്തവം, പ്രസവം, ആർത്തവവിരാമം എന്നിങ്ങനെ അളന്നു തൂക്കിയെടുത്ത ഒരു മാംസപിണ്ഡമാണ് താനെന്ന പാഠം പഠിച്ചിട്ടാണ് അവൾ ചെറിയ ജീവിത പരീക്ഷകളിൽ പോലും നിരന്തരം തോറ്റുകൊണ്ടിരിക്കുന്നത്. അവൾക്ക് യുവത്വമേയില്ല! ഭ്രാന്തൻ സ്വപ്നങ്ങളുടെ കൗമാരകാലത്തിൽ നിന്ന് നേരെയവൾ പറഞ്ഞയക്കപ്പെടുന്നത് മധ്യവയസ്സിലേക്കാണ്. ദൈവമേ സത്യമായും എനിക്കറിയില്ല എന്താണീ 'മധ്യ' വയസ്സെന്ന്! അവിടെ കാലം നിശ്ചലമാണോ? അതും അല്പകാലം. പിന്നെയവളുടെ 'എക്സപയറിഡേറ്റു' കഴിഞ്ഞതായി പ്രഖ്യാപിക്കപ്പെടുന്നു.

ഇത്തരത്തിൽ 'അകാല വാർധക്യം' അടിച്ചേൽപ്പിക്കപ്പെട്ട പെണ്ണുങ്ങളാണു യുവാക്കളേക്കാൾ ഊർജ്ജസ്വലരായി ചുംബനസമരത്തിൽ പങ്കെടുത്തതും വ്യവസ്ഥയുടെ ശിക്ഷ സസന്തോഷം ഏറ്റുവാങ്ങിയതും. വെറുതെയല്ല അതെന്നു നാമറിയണം. സമരത്തിൽ പങ്കെടുത്തതുകൊണ്ട് അവർക്കു നഷ്ടപ്പെടാൻ ചുംബനങ്ങളില്ല. കിട്ടാനുള്ളതു നവനവോന്മേഷശാലികളായ നിരവധി ചുംബനങ്ങളാണ്.

ഒരു സാംസ്കാരിക നായകൻ തന്റെ പുരുഷസ്വരത്തിൽ വെല്ലുവിളിക്കുന്നതു കേട്ടു– ചുംബനസമരം മലയാളത്തിൽ സാധിക്കുമോ എന്ന്. എന്താണു സംശയം? സമരത്തിൽ പെയ്തുതീർന്ന ചുംബനങ്ങളത്രയും മലയാളത്തിലായിരുന്നു. 'ചുംബന'ത്തെ ഉമ്മ എന്നു മലയാളീകരിച്ചാൽ ഈ ആശയക്കുഴപ്പമേ ഉണ്ടാകില്ലെന്നു തോന്നുന്നു.

ഒരുവൾ നൽകുന്ന ഉമ്മയാണ് ഭൂമിയിലേക്കു വരുന്ന കുഞ്ഞിനു

മേൽ പതിക്കുന്ന ആദ്യത്തെ സ്നേഹമഴ. നെഞ്ചുഞരമ്പിലെ ചെഞ്ചോര അമ്മിഞ്ഞത്തൂവമൃതാകാൻ ഒരല്പം സമയം പിടിക്കും. കാലതാമസില്ലാതെ ഏതു ജീവിയും സ്വന്തം കുഞ്ഞുങ്ങൾക്കു മേൽ ചുംബനവർഷം ചൊരിയുന്നു. പിറന്നയുടനെ എന്നതിനപ്പുറം പിറവിയോടൊപ്പം കുഞ്ഞിന് അമ്മ വെച്ചു നൽകുന്നതാണ് ഉമ്മ. അങ്ങനെ അമ്മ ഉമ്മയായി. സഹസ്രാബ്ദങ്ങളായി അവളുടെ ചുണ്ടുകളിൽ മുദ്രിതമാണ് ആ ഉമ്മകൾ. അതുകൊണ്ടു തന്നെ അത്രക്കു സ്വാഭാവികവും ജൈവികവുമാണ് ഉമ്മകൾ.

ഇതേ ഉമ്മകളാണ് പിന്നീടു കുഞ്ഞുങ്ങൾ സ്വന്തം അമ്മക്കും അച്ഛനും സ്നേഹിതനും സ്നേഹിതക്കും ബന്ധുക്കൾക്കും സഹോദരങ്ങൾക്കും കാമുകനും ഭർത്താവിനും മക്കൾക്കും നൽകുന്നത്. ജീവികൾ പരസ്പരമുള്ള ഇണക്കത്തിന്റേയും ചേർച്ചയുടേയും സ്വാഭാവിക സംഗീതമാകുന്നു ഉമ്മകൾ. അവയിൽ സ്നേഹമുണ്ട്, ത്യാഗമുണ്ട്, ലൈംഗികതയുണ്ട്, ആനന്ദമുണ്ട്, സഹനമുണ്ട്, ദുഃഖമുണ്ട്. തത്വമസിയാണത്. ബ്രഹ്മാനന്ദസോദരരസത്തിലേക്കു നയിക്കുന്ന മോക്ഷവും മുക്തിയുമാണ്.

ആ ഉമ്മകൾ എങ്ങനെയാണ് അശ്ലീലമായത്? സ്വന്തം ശരീരത്തിന്മേലുള്ള പെണ്ണിന്റെ അധികാരം നഷ്ടപ്പെട്ടപ്പോഴായിരിക്കും. അതുകൊണ്ടുതന്നെ അവൾ വസ്ത്രമഴിക്കാനോ ഉടുക്കാനോ വേണ്ടിയുള്ള സമരങ്ങൾക്കു മുമ്പേ സംഭിവിക്കേണ്ടതായിരുന്നു ഉമ്മകളെ തിരിച്ചുപിടിക്കാൻ വേണ്ടിയുള്ള സമരം. മറ്റു സമരങ്ങൾ അനുചിതമെന്നല്ല വിവക്ഷ. പരിഗണനാക്രമത്തിൽ വരേണ്ടിയിരുന്ന കീഴ്മേൽമറിയലുകളാണ് പ്രസക്തം. ചുംബനസജ്ജമായ അധരങ്ങളിൽ നിന്നായിരുന്നു മറ്റു വിമോചനമുദ്രാവാക്യങ്ങൾ ഉയരേണ്ടിയിരുന്നത് എന്നെനിക്കു തോന്നുന്നു.

അഥവാ എന്താണ് അശ്ലീലം? നമ്മുടെയൊക്കെ ചുണ്ടുകളോ? അതോ ശരീരമോ? അതോ കാമനകളോ? ആനന്ദമോ? ജൈവികമായവയെ അശ്ലീലമെന്നു വിളിക്കുന്ന ശീലങ്ങളെ വെടിയാനുള്ള സമയം അത്രയേറെ അതിക്രമിച്ചിരിക്കുന്നു. മനോഹരമായ എത്രയോ ജീവിതസന്ദർഭങ്ങൾ നമുക്കു നഷ്ടമായിപ്പോയതിന്റെ കാരണം ഈ 'അശ്ലീല' ചിന്തയല്ലാതെ മറ്റെന്താണ്? ജീവിതാനന്ദങ്ങളുടെ മുന്തിയ സന്ദർഭങ്ങളും മാത്രങ്ങളും എന്നെന്നേക്കുമായി കൈമോശം വന്ന ഒരു ജനതക്ക് പുനർവിചിന്തനങ്ങളിലൂടെ അവയെ തിരിച്ചുകൊണ്ടുവരാനാകുമോ എന്ന ശ്രമം ഇപ്പോഴെങ്കിലും തുടങ്ങേണ്ടതല്ലേ? നമുക്കു കോട്ടും സൂട്ടും ടൈയും ഷൂസും ധരിക്കണം ഇംഗ്ലീഷറിയില്ലെങ്കിലും ഇംഗ്ലീഷിൽ സംസാരിക്കുകയും പഠിക്കുകയും ചെയ്യാം. ഇലയിലോ പാത്രത്തിലോ ചോറു കൈകൊണ്ടു കുഴച്ചുരുട്ടി ഉണ്ണുന്നവരെ സ്പൂണും മുള്ളും തമ്മിൽ കൂട്ടിമുട്ടിച്ച് ഭ്രമിപ്പിക്കാം. പക്ഷേ ഈ നാടൻ ധരമാർ താക്കോൽപ്പഴുതിലൂടെ മറ്റുള്ളവരുടെ സ്വകാര്യ നിമിഷങ്ങളിലേക്ക് ഇടിച്ചുകയറുന്നു. സ്നേഹിക്കുന്നവർ തമ്മിൽ പുണരുകയും ചുംബിക്കുകയും ചെയ്യുന്നതിനിടയിലേക്ക് നാറിയ സംസ്കാരവാദങ്ങൾ കയറ്റിവിട്ട് ഇവർ നാട്ടിൽ അസമാധാനങ്ങൾ സൃഷ്ടിക്കുന്നു.

സ്നേഹസംസ്ക്കാരത്തെ ഹിംസാത്മകമായി നേരിടാൻ ഈ നാടൻധരമാർ കൂട്ടുപിടിക്കുന്നതു മതചിഹ്നങ്ങളെയാണ്. മനുഷ്യർ പരസ്പരം ഉമ്മവെക്കരുതെന്ന് ഒരു മതഗ്രന്ഥവും എഴുതിവെച്ചിട്ടില്ല. ഒരാചാര്യനും നാടുനീളെ ഉദ്ബോധിപ്പിച്ചിട്ടില്ല. എന്നാൽ മതം വിറ്റുകാശാക്കുകയും അധികാരത്തിലെത്തുകയും ചെയ്യുന്ന (കു)യുക്തികളാണ് ചുംബനനിരോധനനിയമങ്ങൾ പാസ്സാക്കിക്കൊണ്ടിരിക്കുന്നത്. ഒമർഖയ്യാമിനെ ഇവർക്കറിയില്ല. ഖജുരാഹോവിലെ ലോകപ്രശസ്തമായ ചുംബനാലിംഗനശില്പങ്ങൾ ഉറ്റുനോക്കി യഥാർത്ഥ ധരമാർ അസൂയപ്പെട്ടതും ഇവർക്കറിയില്ല. ഇവർക്ക് അതൊന്നും അറിയേണ്ടതുമില്ല. കാരണം മനുഷ്യർ പരസ്പരമിണങ്ങി സംഗീതാത്മകമായി സംവദിക്കുന്ന പ്രണയകാലത്തെ അവർക്ക് ഭയമാണ്. സ്നേഹം മാത്രമാണ് അവരുടെ ലാഭത്തിനും അധികാരത്തിനും ഭീഷണി. അതുകൊണ്ട് മതത്തെ ഇവർ ഏകാധിപത്യഭരണകൂടങ്ങളായി പരിവർത്തിപ്പിക്കുന്നു. എന്നിട്ട് സാംസ്കാരികപൈതൃകങ്ങളെപ്പറ്റി പ്രസംഗിച്ച് പ്രണയികളെ പ്രതിക്കൂട്ടിലാക്കുന്നു. അവരാണ് ചുംബിക്കാനാഞ്ഞവരെ 'ന ചുംബിതം തു' വെന്നു ബലമായി പിടിച്ചുകറ്റിയ ക്ലാസിക്കുകളെ പീഠവത്കരിച്ചത്. അവർ തന്നെയാണ് ചുംബനം ഏറ്റുവാങ്ങിയ അതേ നിമിഷത്തിൽത്തന്നെ 'അത്യുത്തമേ നീ മരിക്കണ'മെന്ന് കാമുകിയുടെ കഴുത്തുഞെരിച്ച് കാല്പനിക വസന്തം ആഘോഷിച്ചത്.

ചുംബനശേഷിയുള്ള സ്നേഹമയിയായ പെണ്ണിനെ സാംസ്കാരികപൈതൃകം അദൃശ്യമാക്കിയ രീതിയാണിത്. അതിനാൽ ജീവിതത്തെ സംസ്കാരസമ്പന്നമാക്കണമെങ്കിൽ പെണ്ണുങ്ങൾ തങ്ങളിൽ ഉള്ളടക്കിയ ഉമ്മകളെ സുധീരം പുറത്തെടുക്കണം. അപ്പോൾ നിർണീതമായ 'മധ്യ' വയസ്സുകളും വാർധ്യക്യങ്ങളും അനുരാഗത്താൽ യുവോജ്വലമായി സ്പന്ദിച്ചു തുടങ്ങും. അങ്ങനെയാണ് തന്തക്കു പിറന്ന ഹിംസാവാദികളുടെ കാലം തീർന്ന് തള്ളമാർക്കു മക്കൾ പിറന്നു തുടങ്ങുക. പെണ്ണിന്റെ ഉമ്മകളിലൂടെ അങ്ങനെ തന്തമാർ പെറുന്ന കാലം വരും. അതുകൊണ്ട് കൗമാരത്തിലെന്നപോലെ അരനൂറ്റാണ്ട് പിന്നിട്ട എനിക്ക് ഉമ്മവെക്കാൻ വളരെ വളരെ ഇഷ്ടമാണ്. ●

രമ്യ വിജയൻ

സ്ത്രീ...

ഇന്ന് ഒരുപാട് അറിയുവാനും ആസ്വദിക്കുവാനും പറ്റിയ കച്ചവട മുതൽ...! പുരുഷഭാഷയിൽ ചരക്ക്!

കുലസ്ത്രീകൾ മാത്രം വസിച്ചിരുന്ന കേരളത്തിൽ എന്നു മുതലാണ് വില്പനച്ചരക്കുകളായ സ്ത്രീകൾ ജനിച്ചു തുടങ്ങിയത്? ഇതിന് ഉത്തരം തേടി മതഗ്രന്ഥങ്ങൾ പരതിയ ഞാൻ കണ്ടത്, കണ്ണുനീർപ്പാടയിൽ 'കുലസ്ത്രീ' എന്നു ആരോ കോറിയ, സ്വയം മെഴുകുതിരിയായ് ഉരുകിയ, നെഞ്ചിൽ തുളുമ്പുന്ന മാംസവും വലിയ മിഴികളിൽ നിറമില്ലാത്ത കണ്ണീരുമുള്ള പെണ്ണിനെയായിരുന്നു. അന്തഃപുരത്തിന്റെ നിലക്കാത്ത വിയർപ്പിൽ തേങ്ങലടക്കിയ ഭാരതീയകുലസ്ത്രീ!

'പെണ്ണ്' എന്നാൽ അടിച്ചമർത്തലിന്റെ പര്യായമാണെന്ന സങ്കല്പത്തിലാണ് നാം ജീവിക്കുന്നത്. ആർഷഭാരതസംസ്ക്കാരത്തിന്റെ മഹിമ ലഭിച്ച പുരുഷന്മാർ സ്ത്രീയെ വീണ്ടും അടിച്ചമർത്തലിന്റെ നിലയില്ലാക്കയങ്ങളിലേക്ക് തള്ളിയിടുന്നു. അവളാകട്ടെ, സ്വത്വബോധമില്ലാതെ അമർത്തിയ തേങ്ങലും തണുത്ത മനസ്സും നനഞ്ഞ മിഴികളുമായി വിഴുപ്പലക്കിക്കൊണ്ടേയിരിക്കുന്നു. അവൾക്ക് പരാതിയില്ല. നിശ്ശബ്ദതയുടെ പര്യായമാണവൾ. ഓരോ കുഞ്ഞും ജനിക്കുമ്പോൾ കേൾക്കുന്നത് അമ്മയുടെ അടക്കിയിട്ടും പൊട്ടിത്തെറിച്ച നിലവിളിയാണ്. അവരുടെ വളർച്ചയിൽ അതേ അമ്മ തന്നെ, പ്രജകൾക്കു വേണ്ടി ഗർഭിണിയായ ഭാര്യയെ ഉപേക്ഷിച്ച രാജാവിന്റെ വീരപ

# ചില പെൺവിചാരങ്ങൾ



രാക്രമങ്ങൾ വിവരിച്ച് പുത്രനെ രാജാവാക്കാൻ ശ്രമിക്കുന്നു. പെൺകുഞ്ഞെങ്കിലോ...? പൂമുഖത്തിന്റെ വിശാലതയെ സഹനത്തിന്റെ എണ്ണമെഴുക്കേറിയ അടുക്കളച്ചുമരിനുള്ളിൽ തളച്ചിടുന്നു. അവൾ കേട്ടത് പതിനാറായിരം ഭാര്യമാരുള്ള കൃഷ്ണന്റെ കഥയായിരുന്നു. അവരിലൊരാളാവാനാണ് അമ്മയും അവളെ പ്രേരിപ്പിച്ചത്. പിൻവാതിലിന്റെ പുകമണത്തിൽ മുങ്ങിപ്പോയ അവളുടെ സ്വപ്നങ്ങൾ ആരാലും തുടച്ചുമാറ്റാൻ കഴിയാത്ത കറയായ് എവിടെയൊക്കെയോ ഒട്ടിപ്പോകുന്നു.

'ഫെമിനിസം' എന്ന വിപ്ലവത്തിന്റെ തീക്കാറ്റ് പെണ്ണിന്റെ ജ്വലിക്കുന്ന കണ്ണുനീരിൽ നിന്നും ആരംഭിക്കാം.

ആരാണ് യഥാർത്ഥത്തിൽ കുലസ്ത്രീ? പുരുഷനെ ചോദ്യം ചെയ്യാതെ സഹനശക്തിയുടെ പ്രതിരൂപമായി തന്റെ ദുഃഖങ്ങളെ വിളറിയ പുഞ്ചിരിക്കുള്ളിൽ മറച്ച് പ്രസന്നവതിയായി നിൽക്കുന്നവൾ! പതിവ്രതയായി... സുമംഗലിയായി... കാലംകഴിക്കുവാൻ ആഗ്രഹിക്കുന്നവൾ...!

ഭാരതത്തിൽ 'കുലപുരുഷന്മാർ' ഉണ്ടാകാതെ പോയതിനു കാരണം ഇതിൽ നിന്നും ഊഹിക്കാമല്ലോ. ദേവന്മാർ ഒന്നടങ്കം സപത്നീവ്രതക്കാരായിരുന്നുവല്ലോ. പെണ്ണിന് പാതിവ്രത്യം ആയുധമാണ്. പാതിവ്രത്യശക്തി കൊണ്ട് മധുരയെരിച്ച കണ്ണകിയും സൂര്യനെ മറച്ച സതിയും കുലസ്ത്രീകളായിരുന്നു, കുഷ്ഠരോഗിയായ ഭർത്താവിനെയും ചുമന്ന് വേശ്യാഗൃഹത്തിലേക്കു പോയ ശീലാവതി! അവരെ ആരോടുപമിക്കാനാവും? വേശ്യാഗൃഹത്തിനുമുമ്പിലൂടെയൊഴുകുന്ന ജലത്തിൽ പോലും ചവിട്ടാൻ അറയ്ക്കുന്ന സ്ത്രീത്വം. തന്റെ ഭർത്താവ് ഒരു വേശ്യാസ്ത്രീക്കൊപ്പം രമിക്കുവാൻ ആഗ്രഹിക്കുന്നു എന്നറിഞ്ഞ നിമിഷം, പുരുഷ തൂലിക കാണാതെ പോയ മുഹൂർത്തം! ശീലാവതിയുടെ പാതിവ്രത്യത്തെ വാഴ്ത്തിയ ആരും അപമാനിതയായ പെണ്ണിന്റെ മനസ്സ് കണ്ടില്ല.

പെൺകുട്ടികൾ വളരേണ്ടത് കണ്ണകിയുടെ കനലൂതിയാണ്, താത്രിക്കുട്ടിയുടെ ധീരതയറിഞ്ഞാണ്, പെണ്ണിന്റെ കടക്കണ്ണ് പ്രതികാരാഗ്നിയിൽ ജ്വലിക്കുമെന്ന് പുരാണത്തെ പൊളിച്ചെഴുതി നാം സമർത്ഥിക്കണം. പെണ്ണ് പുനർജ്ജനിക്കണം ചരിത്രത്തിനെതിരെ. ആത്മഹത്യ ചെയ്യാൻ ധൈര്യമുള്ളവൾ കാരണക്കാരന്റെ കാലനാകണം. പെണ്ണ് പുനർജ്ജനിക്കണം, തന്റെ സ്വകാര്യതയിലേക്ക് നീളുന്ന കൈകൾ പിഴുതെറിയാൻ മനോബലം ആർജ്ജിച്ചവളായി. പരുഷസങ്കല്പത്തിന്റെ അധികാരചരിത്രം തിരുത്തുവാൻ നാം പുനർജ്ജനിച്ചേ മതിയാകൂ.

വേശ്യാഗൃഹത്തിന്റെ മാദകഗന്ധവും ചോരയും നീരുമുള്ള പെണ്ണിന്റെ ഉടലഴകും സ്വപ്നം കണ്ട് ശീലാവതി ഒരുക്കിയ കുട്ടയുടെ സുരക്ഷിതത്വത്തിൽ അവളുടെ ഭർത്താവ് മയങ്ങുകയായിരിക്കും. ചിലപ്പോൾ കല്ലിൽതട്ടി വീഴാൻ തുടങ്ങിയ ശീലാവതിയെ സ്വപ്നഭംഗത്തിന്റെ നീരസത്തിൽ ചീത്തവിളിച്ചിട്ടുണ്ടാവാം.

ശീലാവതിയോ? സർവ്വംസഹയായ പെണ്ണ്. എന്തായിരിക്കും അവളുടെ മനസ്സിൽ. ശൂന്യതയോ. ശീലാവതി കരഞ്ഞത് ആരും കണ്ടില്ല. അവളുടെ വർഗ്ഗം പോലും. അവർ പ്രജാഹിതത്തിനായി ഭാര്യയെ അഗ്നിശുദ്ധിക്ക് വിധേയയാക്കിയ രാജാവിന്റെ കഥകൾ അടുക്കളമുറ്റത്തിരുന്നു കേൾക്കുകയായിരുന്നു.

21ാംനൂറ്റാണ്ടിലും സമൂഹമനസ്സ് മുത്തശ്ശിക്കഥയുടെ ബാല്യത്തിൽ മയങ്ങുകയാണ്. സ്ത്രീപുരുഷ സമത്വം എന്തുകൊണ്ട് സാധ്യമാകുന്നില്ല എന്ന ചോദ്യത്തിലൂടെയാണ് ഫെമിനിസമെന്ന പെൺരാഷ്ട്രീയം വിപ്ലവത്തിന്റെ മണ്ണിൽ വേരോടുന്നത്.

മാറ്റത്തിന്റെ കേളികൊട്ട് ഉയർന്നു തുടങ്ങി. പെണ്ണ് 'ഭാരതീയനാരീസങ്കല്പ'ത്തിനു പുറത്തുവരണം. സ്ത്രീസ്വത്വം തിരിച്ചറിയുന്നത് തന്നിൽ മയങ്ങുന്ന കണ്ണകിയെ ഉണർത്തിക്കൊണ്ടാകണം. സംശയരോഗിയായ രാമന്റേയോ അന്തഃപുരകാമനകളിൽ കേമനായ ദശരഥന്റേയോ ഗോപികമാരെ മറന്ന് മഥുരക്ക് കടന്ന കൃഷ്ണന്റേയോ നെറുകയിൽ ഗംഗയെ പാർപ്പിച്ച് ജലദോഷം നടിക്കുന്ന നീലകണ്ഠന്റെയോ കഥകളല്ല നമ്മുടെ പുതിയ തലമുറക്ക് പകർന്നു നൽകേണ്ടത്.

പെൺകുട്ടികൾ വളരേണ്ടത് കണ്ണകിയുടെ കനലൂതിയാണ്, താത്രിക്കുട്ടിയുടെ ധീരതയറിഞ്ഞാണ്, പെണ്ണിന്റെ കടക്കണ്ണ് പ്രതികാരാഗ്നിയിൽ ജ്വലിക്കുമെന്ന് പുരാണത്തെ പൊളിച്ചെഴുതി നാം സമർത്ഥിക്കണം. പെണ്ണ് പുനർജ്ജനിക്കണം ചരിത്രത്തിനെതിരെ.

ആത്മഹത്യ ചെയ്യാൻ ധൈര്യമുള്ളവൾ കാരണക്കാരന്റെ കാലനാകണം.

പെണ്ണ് പുനർജ്ജനിക്കണം, തന്റെ സ്വകാര്യതയിലേക്ക് നീളുന്ന കൈകൾ പിഴുതെറിയാൻ മനോബലം ആർജ്ജിച്ചവളായി.

പരുഷസങ്കല്പത്തിന്റെ അധികാരചരിത്രം തിരുത്തുവാൻ നാം പുനർജ്ജനിച്ചേ മതിയാകൂ. ●

*കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത കോളേജിൽ മലയാളം എം.എ വിദ്യാർത്ഥിനിയാണ് രമ്യ വിജയൻ.*






ബൽക്കീസ് ബാനു

# മതേതരത്വത്തിന് ഒരാമുഖം

ഇന്ത്യയുടെ സംസ്കാരം തന്നെ പല ജാതി മതസ്ഥരിൽ നിന്നുൾക്കൊണ്ടവയാണ്. ചിന്തിക്കുന്നതിലും മാനസികവ്യാപാരങ്ങളുള്ള തിനാലും മാത്രമാണോ മനുഷ്യർ എന്ന വിഭാഗത്തെ മാത്രം രാഷ്ട്രം വിട്ടുകൊള്ളാൻ കല്പിച്ചത്?

മറ്റു മതവിശ്വാസികളായ മനുഷ്യർ മാത്രമല്ല; മറ്റു രാഷ്ട്രങ്ങളിലെ ജൈവവൈവിദ്ധ്യങ്ങളും സാംസ്കാരിക ചരിത്രങ്ങളും ഇന്ത്യയിലുണ്ട്. ഇന്ത്യയുടെ സംസ്കാരം തന്നെ പല ജാതി മതസ്ഥരിൽ നിന്നുൾകൊണ്ടവയാണ്. ചിന്തിക്കുന്നതിനാലും മാനസികവ്യാപാരങ്ങളുള്ളതിനാലും മാത്രമാണോ മനുഷ്യർ എന്ന വിഭാഗത്തെ മാത്രം രാഷ്ട്രം വിട്ടുകൊള്ളാൻ കല്പിച്ചത്?

മുസ്ലിം സമുദായവും ഭരണകർത്താക്കളും ക്രിസ്ത്യൻ മിഷണറിമാരും നമ്മുടെ രാജ്യത്തിന് വിവിധ മേഖലകളിൽ സംഭാവന ചെയ്ത സാംസ്കാരിക പൈതൃകങ്ങളും ഇന്ത്യയുടെ ചരിത്രത്തിൽ വലിയ സ്ഥാനം വഹിക്കുന്നുണ്ട്. ആ ചരിത്രത്താളുകളെയും സാംസ്കാരിക പൈതൃകങ്ങളായ കലയെയും സംസ്കൃതിയെയും നാടുകടത്താൻ ആവുമോ? സ്വാതന്ത്ര്യസമരസേനാനികൾ ഒരു നൂറ്റാണ്ടോളം കഷ്ടപ്പെട്ടു നേടിത്തന്ന സ്വാതന്ത്ര്യത്തിൽ പോലും അന്യമതസ്ഥരുടെ പങ്ക് സ്തുത്യർഹമാണ്. അവർ കൂടി സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിനാൽ, സ്വാതന്ത്ര്യം ബ്രിട്ടീഷുകാർക്ക് തിരിച്ചു നൽകുമോ?

ഏതുമതം വിശ്വസിക്കാനും ആ മതത്തിൽ വർത്തിക്കാനും സ്വാതന്ത്ര്യം തന്ന നമ്മുടെ ഭരണഘടനയെ നിങ്ങൾക്ക് നാടുകടത്താനാവുമോ? ആ ഭരണഘടനാ

ശില്പി താഴ്ന്ന മതസ്ഥനാണെന്ന സത്യവും നാമോർക്കണം.

നിങ്ങളെപ്പോലെ ഒരമ്മയുടെ ഉദരത്തിൽ ഭാരതമണ്ണിൽ ജനിച്ചു വീണവരാണ് അന്യമതവിശ്വാസികളും. നിങ്ങളെപ്പോലെ അവരും ആ മതത്തിൽ വിശ്വസിക്കണമെന്നു ശഠിക്കുന്നത് ബാലിശമാണ്, ബ്രിട്ടീഷുകാരുടെ "ഭിന്നിപ്പിച്ചു ഭരിക്കുക" എന്ന നയത്തിനു തുല്യമല്ലേ ഈ നയങ്ങളും?

ഭഗവദ്ഗീത, ദേശീയ ഗ്രന്ഥമാക്കണമെന്ന് പറയുന്ന മന്ത്രി, പേരു പോലെ തന്നെ സ്വരാജ്യം വരണമെന്നാഗ്രഹിക്കുകയാണോ? പേരിൽ ഒരു സാധ്വിയുണ്ടെങ്കിലും വാക്കുകൾ വളരെ കഠിനമാണ് അടുത്ത മന്ത്രിയുടേത്. നമ്മുടെ ഭാരതത്തിന് ഹിന്ദുസംസ്കാരം സംഭാവന ചെയ്ത വിവേകാനന്ദനോ ഗാന്ധിജിയോ നെഹ്റുവോ ഗുരുദേവനോ അതുപോലുള്ള മഹദ് വ്യക്തികളാരും തന്നെ ഭഗവദ്ഗീത ദേശീയഗ്രന്ഥമാക്കാൻ ഉദ്ഘോഷിച്ചിട്ടില്ല. ഏതൊരു മതത്തേയും ആഴത്തിൽ പഠിച്ചവർ തങ്ങളുടെ മതമാണ് നിലവിൽ വരേണ്ടത് എന്ന് ശഠിക്കില്ല.

നമ്മുടെ രാഷ്ട്രപിതാവിനെ കൊന്ന ഗോഡ്സേ, രാജ്യസ്നേഹിയെന്ന് ഒരു എം.പി വിളിച്ചു പറഞ്ഞിരിക്കുന്നു. യു.പി.ഗവർണർ രാംനായിക് പറയുന്നു രാമക്ഷേത്രം എത്രയും വേഗം പണിയണമെന്ന്. ഗവർണ്ണറെന്നാൽ ഭൂരിപക്ഷ മന്ത്രിസഭക്ക് കൊടിപിടിക്കുന്നവരായി മാറണമെന്ന് ഏത് നിയമ പുസ്തകത്തിലാണുള്ളത്. ഭൂരിപക്ഷം വരുന്നവർക്ക് എന്തും വിളിച്ച് പറഞ്ഞ് ന്യൂനപക്ഷത്തെ അടിച്ചമർത്താനുള്ള ഒരുപാധിയായി കാണരുത്. അത് അടുത്ത ഇലക്ഷനിൽ ശക്തമായി നേരിടേണ്ടി വരുമെന്ന ഓർമ്മ വേണം. ഇത്തരം സംഭാഷണങ്ങളെല്ലാം സൂചിപ്പിക്കുന്നത് ജാതീയത രൂക്ഷമായ കാലത്ത് കേരളത്തിലൂടെ കടന്നുപോയ സ്വാമിവിവേകാനന്ദന്റെ വാക്കുകൾ ഇന്ത്യയിലും ബാധകമായി തുടങ്ങി എന്നതുതന്നെ പഴയകാലത്തിലേക്ക് തിരിച്ചു പോകാൻ രാജ്യം നിർബന്ധിതമായിരിക്കു

വിശ്വാസം മാത്രമാണ് മറ്റു മതസ്ഥരും വെച്ചു പുലർത്തുന്നത്. അതവരുടെ ഭരണഘടനാപരമായ അവകാശങ്ങളിലൊന്നു മാത്രം. മനുഷ്യനെന്ന നിലയിൽ അവരുമായി യാതൊരു വ്യത്യാസവുമില്ല. വ്യക്തിപരമായ സവിശേഷതകളൊഴികെ. ആ വിശ്വാസമാകട്ടെ മനസ്സിലധിഷ്ഠിതമാണ്.

ന്നു. സ്വാമിവിവേകാനന്ദൻ പറഞ്ഞത് കേരളം ഒരു ഭ്രാന്താലയമാണ്. ഓരോ കുടുംബവും ഓരോ ഭ്രാന്താലയമാണ് എന്നാണ്.

ഒരു ശക്തമായ ആശയത്തെയോ മാനസിക വിശ്വാസങ്ങളെയോ പ്രബലമായ സായുധ സേനക്കു പോലും കീഴടക്കാനാവില്ലെന്ന സത്യം നമുക്കെല്ലാം അറിയാം. വിശ്വാസം മാത്രമാണ് മറ്റു മതസ്ഥരും വെച്ചു പുലർത്തുന്നത്. അതവരുടെ ഭരണഘടനാപരമായ അവകാശങ്ങളിലൊന്നു മാത്രം. മനുഷ്യനെന്ന നിലയിൽ അവരുമായി യാതൊരു വ്യത്യാസവുമില്ല. വ്യക്തിപരമായ സവിശേഷതകളൊഴികെ. ആ വിശ്വാസമാകട്ടെ മനസ്സിലധിഷ്ഠിതമാണ്.

ഒരു ഉയർന്ന സമുദായത്തിലെ സ്ത്രീയുടെ മകളായി പിറന്ന മാധവിക്കുട്ടി, ആരുടേയും നിർബന്ധങ്ങളില്ലാതെ മറ്റൊരു മതം വിശ്വസിച്ചു എന്ന കാരണത്താൽ അവരെയും അവർ ഭാരതത്തിനും ലോകത്തിനും നൽകിയ സംഭാവനകളെയും നാടുകടത്താൻ നിങ്ങൾക്കാവുമോ? ഇന്ത്യയെ അഭിമാനത്തിന്റെ നെറുകയിലേക്കുയർത്തിയ മുൻരാഷ്ട്രപതിയും അന്യമതസ്ഥനായിരുന്നു അദ്ദേഹത്തിന്റെ സംഭാവനകൾ (നിങ്ങൾ നാടുകടത്തിയിരുന്നുവെങ്കിൽ) അത് മറ്റൊരു രാഷ്ട്രത്തിന്റെ അഭിമാനമാകുമായിരുന്നു. ഇങ്ങനെ പേരെടുത്തു പറയാത്ത എത്രയെത്രയാളുകൾ.

എല്ലാമേഖലയിലും നാനാത്വത്തിൽ ഏകത്വം കാണുന്ന ഒരു നാടായി കേൾവികേട്ട ഭാരതത്തിന്റെ മണ്ണിൽ കേന്ദ്രമന്ത്രിമാരുടേയും ജനപ്രതിനിധികളുടേയും ഇത്തരം പ്രസംഗങ്ങൾ രാജ്യത്തിന്റെ അഖണ്ഡതയെ ഇല്ലാതാക്കാൻ മാത്രമുതകുന്ന ഭാഷണങ്ങളാണ്. ഇത്തരം ഭാഷണം ഭൂഷണമല്ല. ഇത്തരം ധാർഷ്ട്യംഭാഷകൾ ജനാധിപത്യത്തിനും മതേതരത്വത്തിനും വെല്ലുവിളികളുയർത്തുന്നു. എന്നും വൈവിധ്യങ്ങളിൽ ഏകത ദർശിക്കുന്ന ഭാരതമായി കാണാനാണ് ഭാരതീയ പൗരൻ എന്ന നിലക്ക് നാം ആഗ്രഹിക്കേണ്ടത്. പ്രപഞ്ചം സൃഷ്ടിച്ച പല പേരിൽ നാം വിളിക്കുന്ന ആ ശക്തിക്ക് വേണമെങ്കിലിവിടെ ഒരു മതം മാത്രമായി നിലനിർത്താമായിരുന്നു. ചിന്തകളെ നിയന്ത്രിക്കാമായിരുന്നു. എന്നിട്ടും വൈവിദ്ധ്യവും വിവിധ മതങ്ങളും നിലനിർത്തുന്നത് ഈ പ്രപഞ്ചത്തിന്റെ നിലനിൽപ്പിനെക്കൂടിയാധാരമാക്കിയാണെന്ന വസ്തുത നാം ഓർക്കുക. പലരുമായി പല ജാതി-മത-വർണ-വർഗ്ഗ-മത-സമുദായങ്ങളുമായി ഒത്തു പോകാനുള്ള മനുഷ്യന്റെ കഴിവുവളർത്താനായി മാത്രമാണ്; നമ്മെ ഇത്തരം വൈവിദ്ധ്യങ്ങളോടെ സൃഷ്ടിച്ചത്. പല തരത്തിലുള്ള മൃഗങ്ങളെ ജൈവ വൈവിധ്യങ്ങളെ സൃഷ്ടിച്ചതും അതു തന്നെയാണ്. വേണമെങ്കിൽ ഒറ്റജീവി വർഗ്ഗത്തെയോ സസ്യവർഗ്ഗത്തെയോ സൃഷ്ടിക്കാമായിരുന്നു. എല്ലാ മതത്തിലുമുള്ളവർ ഏകത ദർശിക്കാനായാണ് എല്ലാവർക്കും ഒരേ വായു, ഒരേ മണ്ണ്, ഒരേ വെള്ളം സൃഷ്ടിച്ചത്. അതെല്ലാ ജീവിവർഗ്ഗത്തിനും ഒരു പോലെ ഉപകാരപ്രദമാണ്. വൈവിധ്യത്തിലും ഏകത ദർശിക്കാനാകും അവിടെയും.

അയ്യപ്പന്റെ നടയിൽ പോകുന്നവർ വാവരെ കാണാതെ പോകില്ല. സാമൂതിരി രാജാവിന്റെ സന്തത സഹചാരി കുഞ്ഞാലിമരയ്ക്കാരായിരുന്നു ടിപ്പുവിന്റെ സന്തത സഹചാരി അന്യമതസ്ഥനായിരുന്നു. ഇഴപിരിക്കാനാവാത്ത നമ്മുടെ ബന്ധങ്ങളെയും വിശ്വാസങ്ങളെയും മറ്റു പല തരത്തിലും ബന്ധിപ്പിച്ചതിന് ധാരാളം ഉദാഹരണങ്ങൾ പ്രകൃതിയിലും കാണാം. ഇഴപിരിക്കാനാവാത്ത ദൈവം കൂട്ടിയോജിപ്പിച്ച ഈ ബന്ധങ്ങളെ വിശ്വാസങ്ങളെ വാക്കുകൾ കൊണ്ടെങ്കിലും കീറി മുറിക്കാതിരിക്കാൻ നമ്മുടെ തലമുറകൾക്കെങ്കിലും കഴിയട്ടെ.

നമ്മുടെ സുഹൃത്തായ, അയൽവാസിയായ അന്യമതസ്ഥരെ ഇവിടെ നിന്നും നാടുകടത്താൻ നാം ആഗ്രഹിക്കുമോ? ജന്മാന്തരങ്ങളായി, അവരുമായി ഉണ്ടായ ആത്മബന്ധം വിച്ഛേദിക്കുവാൻ മനസ്സാക്ഷിയുള്ള ആർക്കാണ് കഴിയുക? അങ്ങിനെ സംഭവിച്ചാൽ തന്നെ, ഇവിടെ ഐക്യം പുലരും. നാട് നല്ല നിലയിൽ വർത്തിക്കുമെന്നതിന് എന്താണൊരുറപ്പ്?

അന്യമതവിശ്വാസമാണോ ഇന്ന് മനുഷ്യനും പ്രകൃതിയും നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി? ജനങ്ങളുടെ നീറുന്ന അനേകായിരം പ്രശ്നങ്ങളിലേക്കിറങ്ങിച്ചെല്ലേണ്ട, അടിസ്ഥാനപരമായ ആവശ്യങ്ങൾ നിറവേറ്റികൊടുക്കാൻ ഉത്തരവാദിത്വപ്പെട്ട ഒരു ഭരണസിരാകേന്ദ്രത്തിലെ വ്യക്തിയിൽ നിന്നും ഇത്തരത്തിലൊരു വിവാദപ്രസംഗമുണ്ടായത് അപലപനീയം തന്നെ.

വിദ്യാലയത്തിലെ കൊച്ചു പഠന മുറികളിൽ നിന്നും നാം പഠിക്കേണ്ട ഒരു പാഠമുണ്ട്. പല വിധത്തിലുള്ള, പല ജാതിയിലുള്ള, പല വർണ്ണത്തിലുള്ള, പല മതത്തിലുള്ള, പല സാമ്പത്തിക മേഖലയിലുള്ള കുട്ടികളുമായി ഇടപഴകിയാണ് നാം വലിയ വ്യക്തിത്വങ്ങളായി മാറുന്നത്. മറ്റുള്ളവരുമായി ഇടപഴകാനും സഹകരിക്കാനുമുള്ള കഴിവാണ് അവിടെ നിന്നും നാം ആദ്യം പഠിക്കേണ്ടത്. നമ്മുടെ കേന്ദ്രമന്ത്രി ഈ പാഠം ഉൾകൊണ്ടിട്ടില്ലായെങ്കിൽ, എങ്ങിനെ

അന്യമതവിശ്വാസമാണോ ഇന്ന് മനുഷ്യനും പ്രകൃതിയും നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി? ജനങ്ങളുടെ നീറുന്ന അനേകായിരം പ്രശ്നങ്ങളിലേക്കിറങ്ങിച്ചെല്ലേണ്ട, അടിസ്ഥാനപരമായ ആവശ്യങ്ങൾ നിറവേറ്റികൊടുക്കാൻ ഉത്തരവാദിത്വപ്പെട്ട ഒരു ഭരണസിരാകേന്ദ്രത്തിലെ വ്യക്തിയിൽ നിന്നും ഇത്തരത്തിലൊരു വിവാദപ്രസംഗമുണ്ടായത് അപലപനീയം തന്നെ.

യാണവർക്ക് പാർലമെന്റിൽ, ജനങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെടാനും സഹകരിക്കാനും സാധിക്കുക എന്ന് ഭാരതീയരായ ഞങ്ങൾ സംശയിക്കുന്നു.

ഇത്തരത്തിലുള്ള പ്രസ്താവനകളും പ്രസംഗങ്ങളും കേൾക്കാനല്ല, ഭാരതീയരായ നാം കേന്ദ്രമന്ത്രിമാരെ തിരഞ്ഞെടുക്കുന്നത് എന്ന് ഓർക്കുന്നത് നന്നായിരിക്കും. ഇവരെങ്ങനെ ജനങ്ങളുടെ മന്ത്രിയാകും? ഒരു വിഭാഗത്തിന്റെ മന്ത്രിയെന്നേ പറയാനാവൂ. ജനങ്ങളുടെ അടിസ്ഥാനപരമായ നീറുന്ന പ്രശ്നങ്ങളിലേക്കും പ്രകൃതിയുടെ നിലനിൽപ്പിന്നാധാരമായ കാര്യങ്ങൾ ചെയ്യുന്നതിനും വേണ്ടിയാണ് പ്രത്യാശയോടെ ജനങ്ങൾ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നത്.

സാംസ്കാരിക മാറ്റങ്ങളും വസ്ത്രധാരണരീതികളും ഭക്ഷണരീതികളും അന്യമതസ്ഥരിൽ നിന്നുൾക്കൊണ്ട് ജീവിക്കുന്ന അനേകായിരങ്ങളിവിടെയുണ്ട്. ജീവിക്കാനായി അന്യമതസ്ഥരുടെ രാഷ്ട്രങ്ങളിൽ തൊഴിൽ ചെയ്യുന്നവരും ജീവിതം മെച്ചപ്പെടുത്തിയവരും ലക്ഷക്കണക്കിനിവിടെ ഇന്നുമുണ്ട്. ആ രാഷ്ട്രങ്ങളും ഇങ്ങനെയൊരു തീരുമാനം (നമ്മുടെ മന്ത്രിയുടേതു പോലെ) കൈക്കൊണ്ടാൽ അവിടെ നിന്നുവരുന്ന ലക്ഷക്കണക്കിന് തൊഴിൽ രഹിതരെ ഉൾക്കൊള്ളാൻ ഭാരതത്തിന് കഴിയുമോ? അവർക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങളൊരുക്കി കൊടുക്കാനാകുമോ? അവരുടെ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുവാൻ നമ്മുടെ രാഷ്ട്രത്തിന് കഴിയുമോ?

പെട്രോൾ മുതൽ മറ്റു പലതും ഇറക്കുമതി ചെയ്യുന്ന നമുക്ക്, മറ്റു രാഷ്ട്രങ്ങൾ സഹകരിച്ചില്ലായെങ്കിൽ പ്രസംഗിച്ചു നടക്കാൻ യാത്ര ചെയ്യുന്ന വാഹനം പോലും പണിമുടക്കുകയില്ലേ? സഹകരണവും നല്ല ഇടപഴകലും ജനപ്രതിനിധികൾക്കുണ്ടാകേണ്ടത് അത്യാവശ്യം തന്നെ.

ഭരണഘടനയിലെ മതേതരത്വം എന്നവാക്ക് മതമില്ലാത്ത എന്ന അർത്ഥത്തിലല്ല; മറ്റു മതങ്ങളെക്കൂടി ഉൾക്കൊള്ളാനുള്ള സഹിഷ്ണുതയാണ് അർത്ഥമാക്കുന്നതെന്ന് നമ്മുടെ ഭരണഘടന തന്നെ വ്യക്തമാക്കുന്നുവെന്നോർക്കുക. ഭരണഘടന ശരിയാം വണ്ണം അർത്ഥമറിഞ്ഞു പഠിക്കുകയാണ് ഇതിനു വേണ്ടത് ഒരു ഭാരതസ്ത്രീയുടെ നാവിൽ നിന്നും ഇത്തരം വാക്കുകൾ വന്നതിൽ ഭാരതപൗര എന്ന നിലയിൽ ഞാൻ ലജ്ജിക്കുന്നു.

ലോകമേ ഇവരോട് ക്ഷമിച്ചാലും.

●



# പെൺജീവിതത്തിന്റെ അടയാളപ്പെടുത്തലുകൾ പുതു കവിതയിൽ

ലിജാ അരവിന്ദ്

(സംപ്രീത, കെ.വി സുമിത്ര)

സ്ത്രീ സമൂഹത്തിന്റെ ഇരയായിത്തീരുകയെന്നതു വളരെ സ്വഭാവികം മാത്രമാണ് എന്നാണ് സ്ത്രീവാദ വിമർശനങ്ങൾ മുന്നോട്ടു വെച്ചിട്ടുള്ളത്. സ്ത്രീകഥാപാത്രം പുരുഷനാൽ രചിക്കപ്പെട്ടതാണ് എന്നതാണ് ഇതിനു കാരണം. സ്ത്രീരചനകൾക്കു മൂന്നു ഘട്ടം ഉണ്ടെന്നു ഷോ വാൾട്ടർ നിരീക്ഷിക്കുന്നു.

1. സ്ത്രൈണം (1840–1880) സ്ത്രീ സ്വഭാവത്തെപ്പറ്റിയുള്ള പുരുഷധാരണകൾ തന്നെയാണ് അവർ സ്വരചനകളിൽ നിലനിർത്തിയത്.

2. സ്ത്രീവാദപരം (1880–1920) സ്ത്രീത്വം നേരിടുന്ന അഗ്നി പരീക്ഷകളെ നാടകീകരിക്കുക.

3. സ്ത്രീവിഷയകം.(1920) സ്ത്രീയുടെ അനുഭവങ്ങളെ അവലംബിക്കുക എന്നതായിരുന്നു ലക്ഷ്യം. 21–ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ രചിക്കപ്പെട്ട കവിതകളിൽ നിന്നു വ്യത്യസ്തമായാണ് പെൺ ജീവിതത്തെ പുതുകവിതകൾ പ്രമേയമാക്കിയിട്ടുള്ളത്. പെൺജീവിതത്തിന്റെ തീവ്രമായ അടയാളപ്പെടുത്തലുകളാണ് പുതുകവിതകളിൽ പ്രകടമായി കാണുന്നത്. ആധുനിക കവിതയിൽ നിന്ന് പുതുകവിത (90 നു ശേഷമുള്ള) കവിതയിൽ എത്തുമ്പോൾ കവിത ആശയപരമായും ആവിഷ്ക്കാര രീതിയുടെ വൈവിധ്യം കൊണ്ടും പ്രമേയത്തിലെ വ്യത്യസ്തത കൊണ്ടും ഏറെ ചർച്ചകൾക്കും പഠനങ്ങൾക്കും വിധേയമായിട്ടുണ്ട്. പെൺജീവിതത്തിന്റെ അടയാളപ്പെടുത്തലുകളാണ് മിക്ക കവിതകളിലെയും പ്രമേയം. റോസ്മേരി, അനിതാ തമ്പി, വി.എം.ഗിരിജ, വിജയലക്ഷ്മി, സംപ്രീതാ, സഹീറാതങ്ങൾ, കണിമോൾ, കെ.വി.സുമിത്ര, വിജിത തുടങ്ങി ഒട്ടനവധി കവയിത്രികളുടെ കവിതകളിൽ എല്ലാം പെൺ ജീവിതത്തിന്റെ വ്യത്യസ്തഭാവങ്ങൾ അടയാളപ്പെടുത്തുന്നുണ്ട്. സ്ത്രീപക്ഷമെന്നോ പുരുഷപക്ഷമെന്നോ ഭേദമില്ലാതെ ആഖ്യാനത്തിന്റെ സവിശേഷത കൊണ്ട് ശ്രദ്ധയാകർഷിക്കപ്പെടുന്നവയാണ്

പുതുകവിതകൾ. സംപ്രീത, കെ.വി സുമിത്ര എന്നിവരുടെ കവിതകളെ മുൻനിർത്തി സ്ത്രീ ഏതെല്ലാം തലത്തിലൂടെ കടന്നു പോകുന്നു, പുരുഷനെ ഏതു തലത്തിൽ നിർത്തി കൊണ്ടാണു സ്ത്രീജീവിത ചിത്രീകരണം നടത്തുന്നത് എന്നു അന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിലൂടെ. ചങ്ങമ്പുഴയും മറ്റു കവികളും സ്ത്രീയെ പണയ വഞ്ചകികളായി ചിത്രീകരിച്ചിരുന്ന കാലത്ത് മേരി ജോൺ തോട്ട (സിസ്റ്റർ മേരിബനീഞ്ജ)ത്തിന്റെ പ്രഭാവതി എന്ന കവിത വളരെയധികം ശ്രദ്ധിക്കപ്പെടുകയുണ്ടായി. കല്പനിക പ്രണയത്തെ പാടി പുകഴ്ത്തിയിരുന്ന കവികൾക്കിടയിലേക്ക് പ്രണയത്തിന്റെ മറ്റൊരു മുഖം. അതു പുരുഷ കേന്ദ്രീകൃതവ്യവസ്ഥയുടെ ഭാഗമാണെന്നും അവിടെ വഞ്ചന ഒളിഞ്ഞുകിടക്കുന്നുണ്ടെന്നും വിളിച്ചുപറയാൻ കവയിത്രിക്കു കഴിഞ്ഞു.

സ്ത്രീയെ ഒരു ഭോഗവസ്തുവായ് കാണുന്ന സമൂഹത്തിനു നേരെയുള്ള ഒരു വെല്ലുവിളിയായിരുന്നു ഈ കവിത. സാവിത്രി രാജീവന്റെ കവിതകൾ എടുത്തു നോക്കുമ്പോൾ കാണാൻ കഴിയുന്നത് പലപ്പോഴും സ്ത്രീയുടെ ആത്മവിലാപമാണ്. 'ചിലപ്പോൾ കടിക്കാൻ മറന്ന കുരയ്ക്കുന്ന പട്ടി' എന്ന് പ്രതിഷ്ഠാ എന്ന കവിതയിലൂടെ കവയിത്രിയെകൊണ്ടു പറയിപ്പിക്കുന്നത് ഇതു കൊണ്ടാവാം. അവഗണിക്കപ്പെടുന്ന സ്ത്രീത്വത്തെ അനിതാ തമ്പി മുറ്റമടിക്കുമ്പോൾ എന്ന കവിതയിലൂടെ അവതരിപ്പിക്കുന്നു.

"രാവിലെയൊരു പെണ്ണിൻ കുനിഞ്ഞ
പിൻചുവടിന്റെ നൃത്തം കഴിഞ്ഞാൽ
ഈർക്കിലി വിരൽ പോറൽ നിരകൾ
മാത്രമായ് പൊടിഞ്ഞു പരക്കാൻ"

സ്ത്രീയെ ഒരു ഭോഗവസ്തുവായ് കാണുന്ന സമൂഹത്തിനു നേരെയുള്ള ഒരു വെല്ലുവിളിയായിരുന്നു ഈ കവിത. സാവിത്രി രാജീവന്റെ കവിതകൾ എടുത്തു നോക്കുമ്പോൾ കാണാൻ കഴിയുന്നത് പലപ്പോഴും സ്ത്രീയുടെ ആത്മവിലാപമാണ്. 'ചിലപ്പോൾ കടിക്കാൻ മറന്ന കുരയ്ക്കുന്ന പട്ടി' എന്ന് 'പ്രതിഷ്ഠാ' എന്ന കവിതയിലൂടെ കവയിത്രിയെകൊണ്ടു പറയിപ്പിക്കുന്നത് ഇതു കൊണ്ടാവാം.

ഇവിടെ സ്ത്രീ മാഞ്ഞു പോകുന്ന നേർത്തവരകളാകുന്നു. വിജയലക്ഷ്മിയുടെ മൃഗശിക്ഷകനെ സൂക്ഷ്മമായ് നോക്കുമ്പോൾ ചാട്ടവാറടിയാൽ പുളയുന്ന പെൺമനസ്സിനെ കാണുവാൻ കഴിയും. പീഡിതയാണു അവളെന്നു വിളിച്ചു പറയുന്നു. മാധവിക്കുട്ടിയുടെ പല കവിതകളിലും സ്ത്രീയുടെ ആത്മവിലാപങ്ങൾ കണ്ടെത്താൻ കഴിയും.

## 2

**സംപ്രീതയുടെ കവിതകൾ പരിശോധിക്കാം.**

**യക്ഷി** - യക്ഷിയെന്ന സങ്കല്പം തന്നെ സ്ത്രീ കേന്ദ്രീകൃതമാണ്. സ്ത്രീയെ യക്ഷിയായ് ചിത്രീകരിക്കുന്നു.

മനുഷ്യൻ പരേതാത്മാക്കൾ
എഴുതിവെച്ച വായുകഥ...
യക്ഷിക്കഥ
പിൻതുടരുകയാണു മനുഷ്യൻ അതിനെ
അവൾക്കൊരു മകനുണ്ടായി
വെളിച്ചമെന്നവനു പേര്
അവളവനെ താലോലിച്ചു
നന്മയെന്ന മകൾക്കൊപ്പം വളർത്തി
വെളിച്ചം നിങ്ങളിലേയ്ക്കു വന്നു.
എന്നിട്ടും അവൾ തിരിച്ചറിഞ്ഞില്ല.

അവളുടെ സ്വത്വത്തെ കണ്ടെത്താൻ സമൂഹത്തിനു കഴിഞ്ഞില്ല. "യക്ഷി" എന്നോ ഒരിക്കൽ പറഞ്ഞു വെച്ച വാക്കുകൾക്കു പിന്നലെ പായുകയാണു മനുഷ്യൻ. വെളിച്ചം ഹൃദയത്തിൽ നിറഞ്ഞിട്ടും അവളിലെ വെളിച്ചം കാണാതെ വെളിച്ചം അന്വേഷിക്കുന്ന വിഡ്ഢിയായ മനുഷ്യസമൂഹത്തിനു നേരെ പൂർണ്ണ വൃത്തത്തെപ്പോലെ ലോകത്തിനു എപ്പോഴും വെളിച്ചം നൽകുന്നു. അപ്പോഴും പുറമേയുള്ള സൗന്ദര്യത്തെ മാത്രം കണ്ടുപുകഴ്ത്തി. യക്ഷിക്കഥയിലെ യക്ഷി നന്മ വറ്റാത്ത സ്ത്രീത്വത്തിന്റെ പ്രതിനിധിയാണ്. നഷ്ടപ്പെട്ടു പോയ വെളിച്ചത്തെയും നന്മയെയും ജീവിതം കൈവിട്ടു പോയ ശേഷം മാത്രം ഓർക്കുന്ന പരേതാത്മാക്കളായി യക്ഷിക്കഥയിലെ സമൂഹം പ്രത്യക്ഷപ്പെടുന്നു.

ദുരന്തങ്ങളിലും
ഏകാന്തതകളിലും
അപമാനങ്ങളിലും വെളിച്ചവും നന്മയുമില്ലെന്നു പരിഭ്രമിയ്ക്കുന്ന സ്ത്രീത്വത്തെ ബോദ്ധ്യപ്പെടുത്തുവാൻ യക്ഷിയുടെ കഥ എഴുത്തുകാരി പറയുന്നു.

പുരുഷകേന്ദ്രീകൃതമായ വ്യവസ്ഥയുടെ പശ്ചാത്തലത്തിൽ നിന്നു കൊണ്ട് യക്ഷിയെ കാണുന്നവർക്കു അവൾ രക്തം കുടിക്കുന്നവളായോ ഭയപ്പെടുത്തുന്നവളായോ

കാണാൻ കഴിയുമ്പോൾ സ്ത്രീ ശക്തിയുടെയും വ്യക്തിത്വത്തിന്റെയും വെളിച്ചത്തിന്റെയും നന്മയേയും ദർശിക്കാൻ മനുഷ്യപക്ഷവാദികൾക്കു കഴിയുന്നു. നിങ്ങളിലറിയാതെ നന്മയും വെളിച്ചവും കുടികൊള്ളുന്നു എന്ന ശക്തിയുടെ വിശ്വാസം നഷ്ടപ്പെടുകയും പാതി ഉന്മാദത്തിന്റെയും വിഷാദത്തിന്റെയും അവിശ്വാസത്തിന്റെയും മാനസികനിലയിലേക്കു യുഗങ്ങളായി പരിവർത്തനം ചെയ്യപ്പെടുകയും ചെയ്ത സമൂഹമനഃസാക്ഷിക്കു നേരെ വെളിച്ചത്തെപ്പറ്റിയും നന്മയെപ്പറ്റിയും സ്വയം ചോദിക്കുക അതിലൂടെ സ്ത്രീവിരുദ്ധമായതു കൊണ്ടു തന്നെ നശിച്ചുപോകുന്ന ലോകത്തിലേക്കു വെളിച്ചത്തിന്റെയും നന്മയുടെയും വഴിതുറന്നു വയ്ക്കുക എന്നതു കർത്തവ്യമായി മാറുന്നു.

**പാദസ്വരതുരുത്ത്**

സ്ത്രീപീഡനത്തിന്റെ സമകാലികപരിസ്ഥിതിയെ യാഥാർത്ഥ്യബോധത്തോടെ നോക്കി കാണുന്ന ഒരു കവിതയാണു പാദസ്വരതുരുത്ത്. സ്വപ്നങ്ങളുടെ പാദസ്വരങ്ങൾ തേടിക്കൊണ്ടേ ഇരിക്കുന്ന പെൺകുട്ടി. മുൻപേ നഷ്ടപ്പെട്ടു പോയ ഒന്നിനെ തന്നെയാണു അവൾ തിരഞ്ഞു പോകുന്നതെന്നു ആലോചിക്കുമ്പോൾ സ്ത്രീക്കു നഷ്ടം മാത്രം സമ്മാനിക്കുന്ന ലോകത്തിന്റെ വിഭിന്നഭാവങ്ങൾ കവിതയിൽ തെളിയുന്നു. തിരമാലകളിൽ ഏകഭൗമികതയാണത്, അവളുടെ തളിർ കിനാവിലേയ്ക്കു രൂപമില്ലാത്ത ഉടലുകളും ഓളങ്ങളും കയറി ഇറങ്ങുന്നു. എല്ലാം ഋതുക്കളും അവളുടെ പാവാടയിൽ തുള വീഴ്ത്തുന്നു. കുറുകെ നെടുകെ കടൽ എന്ന ഏകവചനത്തിൽ പരിഹാസം. ഇവിടെ പരിഹസിക്കുന്ന കടൽ പുരുഷ കേന്ദ്രീകൃത ലോകമാണ്.

> സ്ത്രീപീഡനത്തിന്റെ സമകാലികപരിസ്ഥിതിയെ യാഥാർത്ഥ്യബോധത്തോടെ നോക്കി കാണുന്ന ഒരു കവിതയാണു പാദസ്വരതുരുത്ത്. സ്വപ്നങ്ങളുടെ പാദസ്വരങ്ങൾ തേടിക്കൊണ്ടേ ഇരിക്കുന്ന പെൺകുട്ടി.

അതേ സമയം ഏകവചനം എന്ന പദം അധികാരത്തിന്റെയും അത് അവന്നുണ്ടാക്കുന്ന ഏകത്വത്തിന്റെയും സൂചന നൽകുന്നു. അവളുടെ തൊലിചുളിവുകൾ വിൽപ്പനക്കെടുക്കുന്നു. അവളുടെ ചെകിള പൂക്കളെ പല നാടു താണ്ടിക്കുന്നു. അവളുടെ മോഹങ്ങളുടെ ഭൂമിക അവളുടെ തോലുരിച്ചു മൃതയാക്കി കൊണ്ടു വിഭ്രാന്തി സൃഷ്ടിക്കുന്നു. അവളിൽ നിന്നിറങ്ങിയ വേദനകൾ പോകുന്നതു കടലിലേക്കു തന്നെയാണ്. എത്രയോ പീഡനങ്ങളുടെ കാലങ്ങളിലൂടെ അതങ്ങനെ തുടർന്നു കൊണ്ടിരിക്കുന്നു. നീതിയുടെ ആഴങ്ങളിലെല്ലാം പൂഴി വെച്ചു നിറച്ച വെളിച്ചമറ്റ മനുഷ്യർ അനീതിയുടെ താണ്ഡവം തുടർന്നു കൊണ്ടിരിക്കുന്നു എന്നു ഈ കവിത സൂചിപ്പിക്കുന്നു.

**സൂചിമുല്ലകളുടെ സാക്ഷി:**

തമിഴ്നാടിന്റെ പശ്ചാത്തലത്തിലെ സ്ത്രീയെ മലയാള കവിത വളരെ കുറച്ചേ ചിത്രീകരിച്ചിട്ടുള്ളൂ. ഒരു കുടുംബത്തേയും ഒരു തലമുറയേയും മുന്നോട്ടു നയിക്കുന്ന ഉത്തരവാദിത്വങ്ങളുടെ സ്ത്രീകതൃത്വം അതിന്റെ സഹനങ്ങളെ എങ്ങനെ കൈകാര്യം ചെയ്യുന്നു. അത് പുരുഷന്റെ കാഴ്ചയിലൂടെ ഭാവുകത്വത്തെ

എങ്ങനെ സ്വാധീനിക്കുന്നു. എന്നീ കാര്യങ്ങൾ സൂചിമുല്ലകളുടെ സാക്ഷി സൂചിപ്പിക്കുന്നു. തങ്കമാരി അക്കാ എന്ന സ്ത്രീ കഥാപാത്രം വീട്ടിലെ ജോലികളെല്ലാം തീർത്ത് കോർത്ത പൂവുമായി ചന്തയിലേക്കും പോകുന്നു. വിശപ്പു കൊണ്ടു വിറ്റ പൂവിനു അവരുടെ അതേ മുഖമാകുന്നു. അക്കയുടെ ഭർത്താവ് (മാമ) പടക്കക്കമ്പനിയിൽ ജോലി ചെയ്തിരുന്ന ആളാണ്. ദുരന്തത്തിൽ ജോലി ചെയ്യാൻ വയ്യാതായിപ്പോയ വെറും സാക്ഷിയായി കവിതയിലുടനീളം പ്രത്യക്ഷപ്പെടുന്നു. മകൾ മല്ലിക മറ്റൊരു പൂവായും പന്നിക്കൂട്ടങ്ങളുടെ മുരൾച്ച അവളുടെ മുറിയിൽ നിന്നിറങ്ങി പോകുന്ന വിലാപശബ്ദങ്ങളായും മാമ അനുഭവിക്കുന്നു. എങ്കിലും സ്വകാര്യമായ ഒരു തീരത്തു അയാൾ കുറച്ചു സ്വാസ്ഥ്യം നൽകുന്നു. ജലകുംഭങ്ങൾ, പെണ്ണുങ്ങൾ, പൂക്കൾ, പഴയ സുഹൃത്തുക്കൾ ഇങ്ങനെ ഒന്നിനും കഴിയാതിരിക്കുമ്പോഴും സമാധാനം നൽകുന്ന ചില കാഴ്ചകൾ അയാൾക്കു മുന്നിലുണ്ട്. കുടുംബം രക്ഷിക്കാൻ ശരീരം പങ്കു വെക്കേണ്ടി വരുന്ന തങ്കമാരിയും, മല്ലികയും യാഥാർത്ഥ്യത്തോടെ സ്വന്തം ശരീരവിൽപ്പനയെ അംഗീകരിക്കുന്നവരാണ്. അതിൽ നിന്നുണ്ടാകുന്ന വരുമാനം കൊണ്ടേ തുടർന്നു പോകാൻ കഴിയു എന്നാണ് അനുഭവം അവരെ പഠിപ്പിച്ചത്. കുടുംബനാഥന്റെ നിശബ്ദതയിലേക്കു നില തെറ്റിയ ആട്ടിൻ

പറ്റങ്ങളായി വിശന്നു വിൽക്കപ്പെട്ട സ്ത്രീ കഥാ പാത്രങ്ങൾ കടന്നു വരുന്നു.

**കെ.വി സുമിത്രയുടെ കവിതകൾ**

**ഒടുക്കം അടക്കം ചെയ്യുമ്പോൾ** : പുരാതന കഥാ സന്ദർഭങ്ങൾ മിക്കതും സ്ത്രീ

വിരുദ്ധമാണ് എന്നു സ്ഥാപിക്കുന്ന ഫെമിനിസ്റ്റു സാഹിത്യ ചിന്തയുടെ 80 കളിൽ വന്നു ചേർന്ന ഭാവുകത്വ പരിസരത്തിന്റെ തുടർച്ചയായിട്ടാണു ഈ കവിത വരുന്നത്. അഹല്യ എന്ന രാമായണ കഥാപാത്രം പുരുഷനിൽ മാത്രം മോക്ഷം ലഭിക്കേണ്ടുന്ന ദുരിത ശാപഗ്രസ്ഥയായ ഒരു സ്ത്രീ കഥാപാത്രമാണു. സുമിത്രയുടെ കവിതയിൽ ഇതിന്റെ വിവരണമാണു കാണാൻ കഴിഞ്ഞത്. ഉള്ളിലേക്കമർന്നു എത്ര നേരം കിടക്കുന്നു എന്നതറിയാതെ അടക്കം ചെയ്യപ്പെട്ട സ്ത്രീയായി അഹല്യയെ കവിയത്രി താരതമ്യപ്പെടത്തുന്നു ആഴിയിലടക്കാൻ ഒറ്റ രാമവാദം മാത്രം കാത്ത് ചലിക്കാതെ മണലെടുത്തു കഴിയുകയും നിർജ്ജീവയാക്കപ്പെടുകയും ചെയ്യുന്ന സ്ത്രീയാണ് സൂചകം.

**ചേർത്തുവെക്കപ്പെട്ട ബോഗികൾ :**

ആവശ്യത്തിനു വേണ്ടി മാത്രം ചേർത്തു വയ്ക്കപ്പെടുന്ന സ്ത്രീ പുരുഷ ബോഗികളുടെ കഥയാണിത്. ജീവിതം എന്ന യാത്ര വിരുദ്ധ കേന്ദ്രങ്ങളിലൂടെയുള്ളതാണ്. അറിയാത്ത ഇടങ്ങൾ തേടിയുള്ള യാത്ര തുടരുന്നതു വരെ ഇടക്കിടക്കു തട്ടും തടവും അനുവദിക്കുക തന്നെ വേണം. സിന്ദൂര രേഖയിൽ ചൂടുള്ള നോവ് ഏറ്റു വാങ്ങണം. അയഥാർത്ഥത്തെ വെറുക്കുകയും അതേ സമയം അംഗീകരിക്കുകയും ചെയ്യുകയാണു തന്റെ നിയതി എന്നു കരുതുന്ന എഴുത്തുകാരിയെയാണു ഈ കവിതയിൽ കാണാൻ കഴിയുന്നത്. ജീവിതമെന്ന മഹാസത്യം എന്നും വിരൽ തൊടും ദൂരത്തു തന്നെയാണു നിൽക്കുന്നതെന്ന സ്ത്രീയുടെ തിരിച്ചറിവിന്റെ നേർത്ത ചിത്രങ്ങൾ. എങ്കിലും ജീവിതം അതൊന്നും അറിയപ്പെടാത്ത

ആവശ്യത്തിനു വേണ്ടി മാത്രം ചേർത്തു വയ്ക്കപ്പെടുന്ന സ്ത്രീ പുരുഷ ബോഗികളുടെ കഥയാണിത്. ജീവിതം എന്ന യാത്ര വിരുദ്ധ കേന്ദ്രങ്ങളിലൂടെ യുള്ളതാണ്. അറിയാത്ത ഇടങ്ങൾ തേടിയുള്ള യാത്ര തുടരുന്നതു വരെ ഇടക്കിടക്കു തട്ടും തടവും അനുവദിക്കുക തന്നെ വേണം. സിന്ദൂര രേഖയിൽ ചൂടുള്ള നോവ് ഏറ്റു വാങ്ങണം.

ഒന്നായ് തന്നെ നിൽക്കുന്നു.

**ജലാംശമുള്ള മണ്ണ് :**

ഒന്നിലും കാണാത്തതും അതേ സമയം എല്ലാത്തിലുമുള്ളതുമായ ഒരു ചിറക് ആർത്തവ ദിവസങ്ങളിൽ ലഭിക്കാൻ ആഗ്രഹിക്കുന്ന പെണ്ണിന് ചില ആർദ്രതകൾ വിപരീതമാകുന്നു. ജലാംശമുള്ള മണ്ണ് വീടിനുള്ളിൽ അവളെ അടക്കിവെക്കുന്നു ആർത്തവം ഇരുട്ടായി പരിണമിക്കുന്നു. സ്ത്രീയുടെ ശാരീരികഘടനയുടെ ഭാഗമായ ആർത്തവത്തെ അവളെ അടിച്ചമർത്തപ്പെടുന്ന ഒരു ചിഹ്നമായ് ഈ കവിതയിൽ രൂപാന്തരപ്പെടുന്നു. അതുകൊണ്ടാണ് അവൾ ആ ചിറകുകൾ സ്വപ്നം കാണുന്നത്. കെ.വി സുമിത്രയുടെ പല കവിതകളിലും സ്ത്രീ സ്വത്വത്തിന്റെ അവസ്ഥകളെ വേദനയോടെ നോക്കി കാണുന്ന മറ്റൊരു സ്ത്രീയെ ദർശിക്കാൻ കഴിയും.

സ്വപ്നത്തിലെങ്കിലും സ്ത്രീത്വം യാചിച്ച നഷ്ട വസന്തങ്ങളിൽ (സ്വപ്നത്തിൽ ഒന്ന്)

എന്നെഴുതുമ്പോൾ യാചന സ്ത്രീയുടെ വിധിയായി മാറുന്നു. ഫെമിനിസ്റ്റു ധീരത ഇവിടെ പ്രകടമാകുന്നില്ല. കുപ്പിവള എന്ന കവിതയിലാകട്ടെ, സ്വപ്നങ്ങൾ പൊട്ടിപ്പോയ വളപ്പൊട്ടുകളുടെ ഉള്ളിലിരുന്നു കത്തുന്ന ഒരാളുടെ നിലവിളികൾ സ്വന്തം മകളുടെ ബാല്യത്തെ അറിയിക്കാതെ മറച്ചു വെയ്ക്കുന്ന ഒരു സ്ത്രീയുടെ സങ്കടം ചിത്രീകരിക്കുന്നു.

**ഉപസംഹാരം**

മലയാള കവിതയുടെ മുഖം താരതമ്യേന പുതു എഴുത്തുകാരികളിലൂടെ മാറ്റത്തിനു വിധേയമായിട്ടുണ്ട്. ഫെമിനിസ്റ്റ് സൗന്ദര്യശാസ്ത്രത്തിന്റെ ഭാവുകത്വത്തെയാണ് പുതുകവിതകളിലെ സാന്നിധ്യങ്ങളായ സംപ്രീതയും കെ.വി സുമിത്രയുടെയും കവിതകൾ ആവിഷ്കരിക്കുന്നത്. തികച്ചും ആൺ കോയ്മയെ എതിർത്തു കൊണ്ടു മാത്രം പെൺപക്ഷത്തെ രക്ഷപ്പെടുത്താമെന്ന ചിന്തയല്ല മറിച്ച് പ്രപഞ്ചത്തിൽ സ്ത്രീയും പുരുഷനും തുല്യരാണ് എന്ന മനുഷ്യപക്ഷ വീക്ഷണത്തെ ഉയർത്തി പിടിക്കുന്ന കവിതകളാണ് പുതു പെൺ കവിതകൾ. സ്ത്രീയും പുരുഷനും തുല്യമായി പങ്കിടുന്ന ജൈവീക പ്രകൃതിയും അധികാരവുമാണ് ഈ കവിതകളുടെ പ്രത്യേകത. അതിനെ പക്ഷപാതരഹിതമായി വായിക്കുക എന്നതാണു നമ്മുടെ വെല്ലുവിളി.

●

*(ലിജ അരവിന്ദ് മദ്രാസ് സർവ്വകലാശാല ചെന്നൈയിൽ മലയാള വിഭാഗം ഗവേഷക വിദ്യാർത്ഥിനിയാണ് )*

ശാസ്ത്രം

# 2015 പ്രകാശ വർഷം



സീമ ശ്രീലയം

പ്രകാശം എന്നും മനുഷ്യനു സമ്മാനിച്ചത് വിസ്മയക്കാഴ്ചകളാണ്. വെളിച്ചമില്ലെങ്കിൽ പൂക്കളുടെയും മഴവില്ലിന്റെയും ഉദയസൂര്യന്റെയും അസ്തമയസൂര്യന്റെയും ആഴക്കടലിന്റെയും ആകാശത്തിന്റെയും പ്രകൃതിയിലെ നൂറു നൂറു വർണ്ണങ്ങളുടെയുമൊക്കെ മനോഹാരിത ആസ്വദിക്കുന്നതെങ്ങനെ? ഒരർത്ഥത്തിൽ ഭൂമിയിൽ ജീവന്റെ ഉത്ഭവത്തിനു തന്നെ നാന്ദിയായതും ഇപ്പോൾ ജീവൻ നിലനിർത്തുന്നതും സൂര്യപ്രകാശമാണ്. പ്രകാശ രഹസ്യങ്ങൾ തേടിയുള്ള മനുഷ്യന്റെ അന്വേഷണങ്ങൾക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. പ്രകാശരഹസ്യങ്ങൾ തിരഞ്ഞുള്ള യാത്രയ്ക്കിടെ മനുഷ്യനു മുന്നിൽ തുറക്കപ്പെട്ടതാവട്ടെ അത്ഭുതങ്ങളുടെയും അനന്ത സാധ്യതകളുടെയും വാതായനങ്ങളും. അത് മനുഷ്യജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളെയും മാറ്റി മറിക്കുകയും ചെയ്തു. 2015 പ്രകാശത്തിന്റെയും പ്രകാശ അധിഷ്ഠിത സാങ്കേതികവിദ്യകളുടെയും രാജ്യാന്തരവർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ് ഐക്യരാഷ്ട്ര സംഘടന.

പ്രകാശവും പ്രകാശ അധിഷ്ഠിത സാങ്കേതിക വിദ്യകളും മനുഷ്യരാശിയെ സംബന്ധിച്ച് എത്രമാത്രം സുപ്രധാനമാണെന്ന് രാജ്യാന്തര തലത്തിൽ അവബോധമുണ്ടാക്കുകയാണ് പ്രകാശ വർഷാചരണത്തിന്റെ പ്രധാന ലക്ഷ്യം. ഓപ്റ്റിക്കൽ സാങ്കേതിക വിദ്യകൾക്ക് സുസ്ഥിരവികസനത്തിലുള്ള പ്രാധാന്യം തിരിച്ചറിയൽ ആഗോളതലത്തിൽ ഊർജം, വിദ്യാഭ്യാസം, കൃഷി, വാർത്താവിനിമയം, ആരോഗ്യം തുടങ്ങിയ മേഖലകളിലെ വെല്ലുവിളികൾ നേരിടാൻ ഇവ പ്രയോജനപ്പെടുത്തൽ എന്നിവയും പ്രകാശ വർഷ ലക്ഷ്യങ്ങളാണ്. ഇതിൽ യുനസ്കോയോടൊപ്പം പ്രമുഖ ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളും കൈകോർക്കുന്നു.

പ്രകാശ സിദ്ധാന്തങ്ങളും പ്രകാശ പ്രതിഭാസങ്ങളും ലെൻസുകൾ, ദർപ്പണങ്ങൾ എന്നിവയുടെ രഹസ്യങ്ങളും കാഴ്ചയുടെ രഹസ്യങ്ങളും ഒക്കെ ചുരുൾ നിവർന്നതോടെ ഓപ്റ്റിക്സിൽ വൻ കുതിച്ചു ചാട്ടങ്ങൾ തന്നെയുണ്ടായി. മൈക്രോസ്കോപ്പുകൾ, വിവിധ തരം ടെലിസ്കോപ്പുകൾ, പെരിസ്കോപ്പ്, ബൈനോക്കുലർ, ക്യാമറ തുടങ്ങി അനേകം പ്രകാശിക ഉപകരണങ്ങൾ രംഗപ്രവേശം ചെയ്തു. പ്രകാശ രസതന്ത്രം എന്ന ശാഖയും വളർന്നു. ഫോട്ടോ കോപ്പിയർ മെഷീനും ഇരുപതാം നൂറ്റാണ്ടിൽ വിസ്മയമായി. അത്ഭുതരശ്മികൾ എന്ന വിശേഷണമുള്ള ലേസർ കിരണങ്ങളാണെങ്കിൽ കൺസ്യൂമർ ഇലക്ട്രോണിക്സിലും ടെലികമ്യൂണിക്കേഷനിലും ഡാറ്റാകമ്യൂണിക്കേഷനിലും ഓപ്റ്റിക്കൽ കമ്യൂണിക്കേഷനിലും ജിയോളജി, റിമോട്ട് സെൻസിങ്, ഹോളോഗ്രഫി, വൈദ്യശാസ്ത്രം, ബഹിരാകാശ ഗവേഷണങ്ങൾ, സ്പെക്ട്രോസ്കോപ്പി തുടങ്ങിയ മേഖലകളിലും വൻ വിപ്ലവങ്ങൾക്കു തന്നെ വഴിയൊരുക്കി. സൗരോർജ നിലയങ്ങളും ഫോട്ടോവോൾട്ടെയ്ക് സെല്ലുകളും സോളാർ പാനലുകളും നാനോ സോളാർ സെല്ലുകളുമൊക്കെ കടുത്ത ഊർജപ്രതിസന്ധിയുടെ നിഴലിൽ അമർന്ന ലോകത്തിന് പ്രതീക്ഷയുടെ പച്ചത്തുരുത്തുകളാണ്. എൽ.ഇ.ഡിയും എൽ.സി.ഡി യുമൊക്കെ എല്ലാവർക്കും സുപരിചിതമായി എന്നതു മറ്റൊരു നേട്ടം. പ്രകാശം വഹിക്കുന്ന നാരുകൾ എന്നറിയപ്പെടുന്ന ഓപ്റ്റിക്കൽ ഫൈബറുകളാണെങ്കിൽ ഇന്റർനെറ്റിലൂടെ അതിവേഗ വിവരവിനിമയം യാഥാർഥ്യമാക്കി. ക്വാണ്ടം ഓപ്റ്റിക്സ് രംഗത്തെ ഗവേഷണങ്ങളും വിസ്മയങ്ങൾ വിരിയിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ സർവ്വതലസ്പർശിയാണ് പ്രകാശിക സാങ്കേതിക വിദ്യകൾ എന്നു പറയാം.

പ്രകാശ വർഷാചരണത്തോടനുബന്ധിച്ച് ഈ മേഖലയിലെ നാഴികക്കല്ലുകളായ പല നേട്ടങ്ങളുടെയും വാർഷികങ്ങളും ആഘോഷിക്കപ്പെടുന്നുണ്ട്. 1015 ൽ ഇബ്ൻ അൽ ഹയാത് നടത്തിയ പ്രകാശ പരീക്ഷണങ്ങൾ, പ്രകാശം അനുപ്രസ്ഥ തരംഗങ്ങൾ ആണെന്ന ആശയം 1815 ൽ മുന്നോട്ടു വച്ച അഗസ്റ്റിൻ ഫ്രെണലിന്റെ നേട്ടം, ജയിംസ് ക്ലാർക്ക് മാക്സ്‌വെല്ലിന്റെ വൈദ്യുത കാന്തിക തരംഗ സിദ്ധാന്തം, ഫോട്ടോ ഇലക്ട്രിക് പ്രഭാവത്തിന് ഐൻസ്റ്റീൻ നൽകിയ വിശദീകരണം, പൊതു ആപേക്ഷികതാ സിദ്ധാന്തത്തിൽ പ്രകാശത്തിന്റെ പ്രാധാന്യം, പ്രാപഞ്ചിക പശ്ചാത്തല വികിരണത്തിന്റെ കണ്ടുപിടിത്തം, ഓപ്റ്റിക്കൽ ഫൈബർ കേബിളുകൾ വഴിയുള്ള ഓപ്റ്റിക്കൽ കമ്യൂണിക്കേഷന്റെ വികാസം എന്നിവയൊക്കെ പ്രകാശ വർഷത്തിൽ സമുചിതമായി ആചരിക്കാൻ പോവുന്ന വാർഷികങ്ങളിൽപ്പെടുന്നു. കാരണം ഇവയ്ക്ക് പറയാനുള്ളത് ഓപ്റ്റിക്സ് എന്ന ശാസ്ത്രശാഖ താണ്ടിയ വഴികളെക്കുറിച്ചു തന്നെയാണ്.

Printed, Published and Owned by K. Ajitha, Harithakam, Kozhikode-17
Editor:Prof. Sara Joseph, Geethanjali, Mulamkunnathu Kavu (P.O),
Thrissur, Tel: 0495 2744370, Email:sanghadithacalicut@gmail.com
Printed at A-one Offset Prints, Ramanattukara